2026 APRIL 6

emalayalee.com

# The Weekly

NEWSPAPER

Contact: editor@ema... Phone: 917 ...07; 917 662 1122




# ഡോ. ഗോപിനാഥൻ നായരും ഡോ. അംബിക നായരും നയിക്കുന്ന

# ശാന്തിഗ്രാം കേരള ആയുർവേദ കമ്പനിക്ക് ആഗോള അംഗീകാരം


MALABAR
GOLD & DIAMONDS
Welcome the season
of prosperity with
exciting jewellery offer
FREE
CASH VOUCHERS
On Every Purchase of Diamond
& Precious Gem Jewellery*
Valid until 19th April 2026
*T&C Apply

# ഡോ. ഗോപിനാഥൻ നായരും ഡോ. അംബിക നായരും നയിക്കുന്ന ശാന്തിഗ്രാം കേരള ആയുർവേദ കമ്പനിക്ക് ആഗോള അംഗീകാരം

ലോകത്തിന്റെ വിവിധ മേഖലകളിൽ അസാധാരണ സംഭാവനകൾ നൽകിയ വ്യക്തികളുടെ ജീവിതവും നേട്ടങ്ങളും രേഖപ്പെടുത്തുന്ന പ്രമുഖ ജീവചരിത്ര പ്രസിദ്ധീകരണമാണ് മാർക്വീസ് ഹൂസ് ഹൂ. 1899 മുതൽ പ്രസിദ്ധീകരണം ആരംഭിച്ച ഈ സ്ഥാപനത്തിന്റെ പട്ടികയിൽ ഉൾപ്പെടുന്നത് ഒരു സാധാരണ അംഗീകാരമല്ല അതത് മേഖലയിലെ നേതൃത്വവും സ്വാധീനവും ദീർഘകാല സംഭാവനയും തെളിയിച്ച വ്യക്തികൾക്ക് മാത്രം ലഭിക്കുന്ന ഒരു ഉയർന്ന ആഗോള അംഗീകാരമാണ്.

രാഷ്ട്രീയം, ശാസ്ത്രം, വൈദ്യശാസ്ത്രം, ബിസിനസ്, കല, സാമൂഹിക സേവനം തുടങ്ങിയ മേഖലകളിലെ പ്രമുഖരാണ് ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. തിരഞ്ഞെടുപ്പിന്റെ പ്രക്രിയ അതീവ കർശനമാണ്. വ്യക്തിയുടെ നേട്ടങ്ങൾ, പ്രവർത്തനപരമായ സ്വാധീനം, സമൂഹത്തിനുള്ള സംഭാവന, പ്രൊഫഷണൽ വിശ്വാസ്യത എന്നിവയെ അടിസ്ഥാനമാക്കിയാണ് ഉൾപ്പെടുത്തൽ. അതുകൊണ്ടുതന്നെ ഹൂസ് ഹൂയിൽ ഉൾപ്പെടുന്നത് വ്യക്തിപരമായ നേട്ടമെന്നതിലുപരി, അവർ പ്രതിനിധാനം ചെയ്യുന്ന മേഖലയ്ക്ക് ലഭിക്കുന്ന അന്താരാഷ്ട്ര അംഗീകാരമായാണ് കണക്കാക്കപ്പെടുന്നത്.

ആയുർവേദത്തിന്റെ ശാസ്ത്രീയ മുഖം ഡോ. അംബിക നായരുടെ സംഭാവന

ശാന്തിഗ്രാം ഒരു വെൽനെസ് സെന്ററുകളുടെ ശൃംഖല മാത്രമല്ല; കേരളത്തിന്റെ തനത് ആയുർവേദ പാരമ്പര്യത്തെ ആഗോള തലത്തിൽ ശാസ്ത്രീയമായും ക്രമബദ്ധമായും അവതരിപ്പിക്കുന്ന ഒരു സമഗ്ര പ്രസ്ഥാനം കൂടിയാണ്. ഈ ദൗത്യത്തിന് വിശ്വാസ്യത നൽകുന്ന പ്രധാന ശക്തിയാണ് ഡോ. അംബിക നായർ.



Dr. Gopinathan Nair & Dr. Ambika Nair


ആയുർവേദത്തെ ‘‘പരമ്പരാഗത ചികിത്സ’’ എന്ന പരിധിയിൽ നിന്ന് പുറത്തേക്ക് കൊണ്ടുവന്ന് ഫലപ്രാപ്തി, രോഗനിർണയം, ചികിത്സാഫലങ്ങൾ **(Outcome-based approach)** എന്നിവയുടെ അടിസ്ഥാനത്തിൽ അവതരിപ്പിക്കുന്നതിൽ അവർ

നിർണായക പങ്കുവഹിച്ചു. പ്രത്യേകിച്ച് ദീർഘകാല രോഗങ്ങൾ (chronic ailments)യും ജീവിതശൈലി രോഗങ്ങളും (lifestyle diseases) കൈകാര്യം ചെയ്യുന്നതിൽ ആയുർവേദത്തിന്റെ സാധ്യതകൾ ക്ലിനിക്കൽ തലത്തിൽ തെളിയിക്കുന്നതിൽ അവരുടെ സംഭാവന ശ്രദ്ധേയമാണ്.

ഡോ. അംബിക നായരും ഡോ. ഗോപിനാഥൻ നായരും ചേർന്ന് ശാന്തിഗ്രാമിനെ ഒരു one-stop Ayurvedic platform ആയി വികസിപ്പിച്ചിരിക്കുന്നു. അതിന്റെ പ്രധാന ഘടകങ്ങൾ:

- അമേരിക്കയിലുടനീളം പ്രവർത്തിക്കുന്ന ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾ
- ഫെഡറൽ അംഗീകാരം നേടിയ ഫ്രാഞ്ചൈസി മോഡൽ
- ശാന്തിഗ്രാം ആയുർവേദ ട്രെയിനിംഗ് സ്കൂൾ
- Ayurveda.tech - 24/7 ഓൺലൈൻ കൺസൾട്ടേഷൻ പ്ലാറ്റ്ഫോം
- ആഗോള ആയുർവേദ ഡിജിറ്റൽ ലൈബ്രറി
- FDA മാനദണ്ഡങ്ങൾ പാലിക്കുന്ന ആയുർവേദ ഉൽപ്പന്നങ്ങൾ

ഈ ഘടനയിലൂടെ ആയുർവേദം വെറും ചികിത്സയല്ല, മറിച്ച് ചികിത്സ, പഠനം, ഗവേഷണം, സാ




ങ്കേതിക വിദ്യ എന്നിവ സംയോജിപ്പിക്കുന്ന സമഗ്ര ആരോഗ്യസംവിധാനമായി അവതരിപ്പിക്കപ്പെടുന്നു.

## കോംപ്ലിമെന്ററി മെഡിസിൻ എന്ന നിലയിൽ ആയുർവേദം

ഡോ. അംബിക നായർ മുന്നോട്ട് വയ്ക്കുന്ന പ്രധാന ആശയം, ആയുർവേദം alternative medicine അല്ല, മറിച്ച് complementary medicine ആണെന്നതാണ്.




അതായത്, ആധുനിക വൈദ്യശാസ്ത്രത്തിന്റെ ഗുണങ്ങളെ അംഗീകരിച്ച് അതിനൊപ്പം ആയുർവേദം ചേർന്ന് പ്രവർത്തിച്ച് രോഗിയുടെ ആരോഗ്യവും ജീവിത നിലവാരവും മെച്ചപ്പെടുത്തുക.


ഉദാഹരണങ്ങൾ:

- ശസ്ത്രക്രിയയ്ക്ക് ശേഷമുള്ള പുനരധിവാസം (post-surgery recovery)
- സ്ട്രോക്ക്, പാരലിസിസ് എന്നിവയിലെ പുനഃസ്ഥാപനം
- നടുവേദന, കഴുത്തുവേദന പോലുള്ള ദീർഘകാല വേദനകൾ

ഈ മേഖലകളിൽ ആയുർവേദത്തിന്റെ പങ്ക് വളരെ ഫലപ്രദമാണെന്ന് അവർ ചൂണ്ടിക്കാണിക്കുന്നു.

## പ്രിവന്റീവ് ഹെൽത്ത് ഭാവിയുടെ ദിശ

**ആയുർവേദത്തെ കൂടുതലായും ഏറ്റെടുക്കുന്നത് അന്യസംസ്ഥാനക്കാരും അന്യരാജ്യക്കാരുമാണ്. മലയാളികൾക്കിടയിൽ ഇപ്പോഴും അവഗണന നിലനിൽക്കുന്നു. "മുറ്റത്തെ മുല്ലയ്ക്ക് മണമില്ല" എന്ന മനോഭാവം മാറിയാൽ, കേരളത്തിന്റെ സ്വന്തം ആരോഗ്യശാസ്ത്രം ലോകവേദിയിൽ ഉയരുന്നതിൽ മലയാളികൾക്കും വലിയ പങ്ക് വഹിക്കാനാകും.**









ഡോ. അംബിക നായരുടെ ചികിത്സാ തത്വത്തിന്റെ കേന്ദ്രീകരണം 'Prevention is better than cure" എന്ന ആശയത്തിലാണ്.

ഇന്നത്തെ ജീവിതശൈലി രോഗങ്ങൾ പ്രമേഹം, കൊളസ്ട്രോൾ, ഹൈപ്പർടെൻഷൻ, ഒബേസിറ്റി എന്നിവ ചികിത്സിക്കുന്നതിലുപരി, ജീവിതശൈലി മാറ്റം, ഭക്ഷണക്രമ നിയന്ത്രണം, ദിനചര്യാ ക്രമീകരണം എന്നിവയിലൂടെ തടയുകയാണ് ആയുർവേദത്തിന്റെ പ്രധാന ലക്ഷ്യം.

## ആഗോള വിപണിയും ഭാവി പദ്ധതികളും


അമേരിക്കയിലെ 2 ട്രില്യൺ ഡോളർ മൂല്യമുള്ള വെൽനെസ് വിപണിയിൽ ആയുർവേദത്തിന് വൻ സാധ്യതകളുണ്ട്.

## ശാന്തിഗ്രാം ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്:

- കൂടുതൽ ഫ്രാഞ്ചൈസി കേന്ദ്രങ്ങൾ ആരംഭിക്കൽ
- ആഗോള വിപണികളിലേക്ക് വ്യാപനം
- നിക്ഷേപകരെ ആകർഷിക്കൽ

കേരളത്തിലെ തിരുവനന്തപുരം വെള്ളായണി തടാകത്തിന് സമീപം ഒരു പഞ്ചനക്ഷത്ര ആയുർവേദ റിട്രീറ്റ് സ്ഥാപിക്കാനുള്ള പദ്ധതിയും പുരോഗമിക്കുന്നു.

ശാന്തിഗ്രാമിന്റെ അനുഭവം ഒരു സത്യാവസ്ഥ വ്യക്തമാക്കുന്നു ആയുർവേദത്തെ കൂടുതലായും ഏറ്റെടുക്കുന്നത് അന്യസംസ്ഥാനക്കാരും അന്യരാജ്യക്കാരുമാണ്. മലയാളികൾക്കിടയിൽ ഇപ്പോഴും അവഗണന നിലനിൽക്കുന്നു. ''മുറ്റത്തെ മുല്ലയ്ക്ക് മണമില്ല'' എന്ന മനോഭാവം മാറിയാൽ, കേരളത്തിന്റെ സ്വന്തം ആരോഗ്യശാസ്ത്രം ലോകവേദിയിൽ ഉയരുന്നതിൽ മലയാളികൾക്കും വലിയ പങ്ക് വഹിക്കാനാകും.




TEAM
VOICE OF FOMAA
2026-28
Biju Thonikadavil
For President
Paul P. Jose
For General Secretary
Pradeep Nair
For Treasurer
Samuel Mathai
For Vice President
Dr. Manju Pillai
For Joint Secretary
Johnson Kannookaden
For Joint Treasurer
KINDLY REQUESTING
YOUR SUPPORT AND PRAYERS...

# 2026 കേരളം ആർക്കൊപ്പം?

## വാൽക്കണ്ണാടി സംവാദം

അമേരിക്കയിലിരുന്നു 2026 ഏപ്രിൽ 9 നു കേരളത്തിൽ നടക്കുന്ന തിരഞ്ഞെടുപ്പിനെ സംബന്ധിച്ച് എന്ത് സംസാരിക്കാനാണ് എന്നു ചിന്തിച്ചേക്കാം. പ്രവാസികളെ വെറും ATM ആയി മാത്രം കാണുന്ന ഒരു സാഹചര്യം നിലനിൽക്കുമ്പോൾത്തന്നെ പ്രവാസികളുടെ സഹായം കൊണ്ടു മാത്രം ചലിക്കുന്ന ഒരു സംവിധാനം ഇപ്പോൾ കേരളത്തിനുണ്ട്. അതുകൊണ്ടുതന്നെ പ്രവാസികൾക്ക്, ഇവിടെനിന്നു കൊണ്ടുതന്നെ കേരളത്തിൽ ചില്ലറ ചലനങ്ങൾ ഉണ്ടാക്കാനാവും എന്നതാണ് യാഥാർഥ്യം.

വാൽക്കണ്ണാടി മീഡിയ സംവാദത്തിനു കേരള സെൻറ്റെർ എൽമോണ്ട് വേദിയായപ്പോൾ, മലയാളം ഗ്ലോബൽ വോയിസ് തുറന്ന കൈത്താങ്ങു നൽകി. ഡിബേറ്റിൽ മൂന്ന് വ്യത്യസ്ത രാഷ്ട്രീയ കാഴ്ചപ്പാടുകൾ ഉള്ള മൂന്നു മുന്നണികളിൽനിന്നും പ്രതിനിധികൾ അഭിപ്രായങ്ങൾ പങ്കുവച്ചു. ചർച്ചയിൽ പങ്കെടുക്കുവാനും കാണുവാനുമായി നിരവധിപ്പേർ





സംവാദസ്ഥലത്തു എത്തിച്ചേർന്നിരുന്നു. വാൽക്കണ്ണാടി മീഡിയ അധ്യക്ഷൻ കോരസൺ വർഗീസ് മോഡറേറ്റ് ചെയ്ത ചർച്ചകൾക്കു കേരള സെന്റർ പ്രസിഡന്റ് അലക്സ് എസ്തഫാനും മലയാളം ഗ്ലോബൽ വോയിസ് പത്രാധിപർ ഫിലിപ്പ് മഠത്തിലും സ്വാഗതം നേർന്നു. കേരളത്തിലെ പെറ്റി രാഷ്ട്രീയം ചർച്ച ചെയ്യാതെ 2026 മുതൽ കേരളം എങ്ങോട്ടു ചലിക്കണം എന്നതാണ് ചർച്ചയുടെ കേന്ദ്രബിന്ദു എന്ന് മോഡറേറ്റർ ഓർമ്മപ്പെടുത്തി. 'പ്രവാസികളുടെ ആശങ്കകളും പ്രതീക്ഷകളും ഇവയാണ് ചർച്ചയുടെ കേന്ദ്രം.'' അദ്ദേഹം പറഞ്ഞു.

വികസനവും അടിസ്ഥാന സൗകര്യങ്ങളും - ആദ്യ റൗണ്ട് എൽഡിഎഫിന്റെ 10 വർഷത്തെ ട്രാക്ക് റെക്കോർഡും പ്രതിപക്ഷത്തിന്റെ ബദലുകളും തമ്മിലുള്ള വ്യത്യാസത്തിലായിരുന്നു ശ്രദ്ധ കേന്ദ്രീകരിച്ചത്. വിഴിഞ്ഞം തുറമുഖവും ദേശീയപാത വികസനവും വഴി 'നവകേരളം' എന്ന് എൽ.ഡി.എഫ് അവകാശപ്പെടുമ്പോൾ, കേരളം ഒരു വലിയ കടക്കെണിയിലാണെന്ന് പ്രതിപക്ഷം പറയുന്നു. ഇത്രയും വലിയ സാമ്പത്തിക പ്രതിസന്ധിക്കിടയിൽ എങ്ങനെയാണ് മുന്നോട്ട് പോകാൻ ഉദ്ദേശിക്കുന്നത് എന്ന ചോദ്യത്തിന് ഇടതുമുന്നണിയിൽ നിന്നും ഡോ. ജേക്കബ് തോമസും കൂട്ടരും മറുപടി പറഞ്ഞു. കേരളം എത്ര മാറി എന്നു ആർക്കും മനസ്സിലാകും. വിഴിഞ്ഞം തുറമുഖം യാഥാർഥ്യമായി, മെഡിക്കൽ കോളേജുകൾ വികസിപ്പിച്ചു, മെച്ചപ്പെട്ട റോഡ് അടിസ്ഥാന സൗകര്യങ്ങളും എണ്ണിയെണ്ണി പറഞ്ഞു ഇടതുമുന്നണിയുടെ വികസന പരിപാടികൾ വിവരിച്ചു. വികസനത്തിന് കടം വാങ്ങാതെ തരമില്ല, അത് തിരികെക്കൊടുക്കാനാവും. കേന്ദ്രപദ്ധതികൾ ആണ് ആകെ കേരളത്തിന് ഇതുവരെ എണ്ണിപ്പറയാവുന്നതു, വിഴിഞ്ഞം, കൊച്ചി മെട്രോ തുടങ്ങി എല്ലാ പദ്ധതികൾക്കും മാർഗ്ഗതടസ്സം ഉണ്ടാക്കിയവരാണ് ഇടതുമന്നണികൾ, ഈ കഴിഞ്ഞ 10 വർഷത്തിൽ അവർ കൊണ്ടുവന്ന ഒരു പദ്ധതിയും പറയാനില്ല എന്ന് NDF പ്രതിനിധി ബാബു പാറക്കൽ അഭിപ്രായപ്പെട്ടു.

'സിൽവർ ലൈൻ ഉൾപ്പെടെയുള്ള പദ്ധതികളെ യു.ഡി.എഫ് എതിർക്കുന്നു. നിങ്ങൾ അധികാരത്തിൽ വന്നാൽ കേരളത്തിന്റെ



**വികസനവും അടിസ്ഥാന സൗകര്യങ്ങളും – ആദ്യ റൗണ്ട് എൽഡിഎഫിന്റെ 10 വർഷത്തെ ട്രാക്ക് റെക്കോർഡും പ്രതിപക്ഷത്തിന്റെ ബദലുകളും തമ്മിലുള്ള വ്യത്യാസത്തിലായിരുന്നു ശ്രദ്ധ കേന്ദ്രീകരിച്ചത്. വിഴിഞ്ഞം തുറമുഖവും ദേശീയപാത വികസനവും വഴി 'നവകേരളം' എന്ന് എൽ.ഡി.എഫ് അവകാശപ്പെടുമ്പോൾ, കേരളം ഒരു വലിയ കടക്കെണിയിലാണെന്ന് പ്രതിപക്ഷം പറയുന്നു. ഇത്രയും വലിയ സാമ്പത്തിക പ്രതിസന്ധിക്കിടയിൽ എങ്ങനെയാണ് മുന്നോട്ട് പോകാൻ ഉദ്ദേശിക്കുന്നത് എന്ന ചോദ്യത്തിന് ഇടതുമുന്നണി യിൽ നിന്നും ഡോ. ജേക്കബ് തോമസും കൂട്ടരും മറുപടി പറഞ്ഞു.**





ഗതാഗത-അടിസ്ഥാന സൗകര്യ വികസനത്തിന് മുന്നോട്ടു വെക്കുന്ന ബദൽ മാർഗങ്ങൾ എന്തൊക്കെയാണ്? എന്ന് മോഡറേറ്റർ UDF നോട് ചോദിക്കുന്നു. ഉമ്മൻ ചാണ്ടി സർക്കാർ വിഴിഞ്ഞം തുറമുഖ പദ്ധതി കൊണ്ടുവന്നപ്പോൾ 6000 കോടി രൂപയുടെ അഴിമതി എന്ന് പറഞ്ഞവരാണ് ഇടതുപക്ഷം. മെട്രോ, കണ്ണൂർ എയർപോർട്ട്, നെടുമ്പാശ്ശേരി എയർപോർട്ട് തുടങ്ങി എന്തൊക്കെ പദ്ധതികളാണ് UDF സർക്കാർ മുന്നോട്ടു കൊണ്ടുവന്നത്. ഗ്യാസ് പൈപ്പ് ലൈൻ, മണ്ണിനടിയിൽ വെക്കുന്ന ബോംബാണെന്ന് പറഞ്ഞയാളാണ് ഇപ്പോഴത്തെ വ്യവസായ മന്ത്രി. UDF വലിയ സേവന പദ്ധതിയുമായാണ് ഇത്തവണ മുന്നോട്ടു വന്നിട്ടുള്ളതു എന്ന് UDF നേതാവ് ജയചന്ദ്രൻ വിലയിരുത്തി. പുതിയ സേവന പദ്ധതികൾക്ക് വക കണ്ടെത്താനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ UDF കണ്ടെത്തിയിട്ടുണ്ട് എന്ന് ഷോളി കുമ്പിളുവേലി പറഞ്ഞു.

'ദേശീയപാത വികസനത്തിനും വിഴിഞ്ഞത്തിനും കേന്ദ്രം വലിയ സഹായം നൽകുന്നുണ്ടെങ്കിലും അത് വോട്ടായി മാറുന്നില്ല. 2026-ൽ ബി.ജെ.പി മുന്നോട്ടുവെക്കുന്ന 'ഡബിൾ എൻജിൻ' വികസനത്തിന് കേരളം എന്തിന് വോട്ട് ചെയ്യണം? എന്ന ചോദ്യത്തിനു NDA പ്രതിനിധി ഡോ. ജയശ്രീ മറുപടി പറഞ്ഞു. ഡബിൾ എൻജിൻ സർക്കാരിനു മാത്രമേ വികസനത്തെ വേഗത്തിലും എളുപ്പത്തിലും കൊണ്ടുവരാനാകൂ. ഇപ്പോൾ സ്ഥലം ഏറ്റെടുക്കുന്നതടക്കം എല്ലാ പ്രാഥമിക കാര്യങ്ങളിലും മെല്ലെപ്പോക്കു നടക്കുമ്പോൾ പുതിയ കേന്ദ്ര പദ്ധതികൾ എങ്ങനെ കൊണ്ടുവരാനാവും? കേരളത്തിന്റെ മനസ്സ് മാറി ചിന്തിച്ചുതുടങ്ങി എന്ന് അവർ അഭിപ്രായപ്പെട്ടു.


AMERICAN MEGA SHOW
AURA
2026
T&T PRODUCTION
SPICE GARDENS BAR & GRILL
INDIAN RESTAURANT
HERE ARE NO RULE
DMX
VIBE ആണ് BRO
DANCE MUSIC COMEDY
TICKET
+1 (832) 998-5873
+1 (646) 261-6314
+1 (516) 989-5834
Flock Trail
All in One Member Management Portal



# പെരിന്തൽമണ്ണയുടെ ജനഹിതം ചരിത്രം; വിധിതീർപ്പാക്കുന്ന മണ്ഡലങ്ങളുടെ കഥ കഴിയുമോ..?

എ.എസ് ശ്രീകുമാർ




നിയമസഭ തിരഞ്ഞെടുപ്പിൽ വിജയം ആരുടെ കൈവശമാകും എന്ന് തീരുമാനിക്കുന്നത് സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ ഘടകങ്ങളാണ്. കേരളത്തിലെ നിയമസഭാ തിരഞ്ഞെടുപ്പ് പരമ്പരാഗതമായി യു.ഡി.എഫും എൽ.ഡി.എഫും തമ്മിലുള്ള മത്സരത്തിലധിഷ്ഠിതമാണ്. 1980 മുതൽ കേരള ഭരണം രണ്ട് മുന്നണികളും മാറിമാറി കൈകാര്യം ചെയ്തുവരുന്നു. എന്നാൽ 2021-ൽ ഇടതു മുന്നണിക്ക് തുടർ ഭരണം ലഭിച്ചതോടെ ഈ പതിവിന് മാറ്റം വന്നു. 2026-ൽ ബി.ജെ.പി നയിക്കുന്ന എൻ.ഡി.എയുടെ സ്വാധീനം രാഷ്ട്രീയ സമവാക്യങ്ങളിൽ മാറ്റമുണ്ടാക്കുമെന്നാണ് കരുതപ്പെടുന്നത്.

ഭരണകൂടത്തിന്റെ പ്രവർത്തനങ്ങൾ ജനങ്ങളുടെ മനസ്സിൽ എത്രത്തോളം സ്വാധീനം ചെലുത്തി എന്നത് നിർണായകമാണ്. വികസന പദ്ധതികൾ, സാമൂഹ്യ സുരക്ഷാ പദ്ധതികൾ എന്നിവ എൽ.ഡി.എഫിന് അനുകൂല ഘടകങ്ങളാവുമ്പോൾ, വിലക്കയറ്റം, തൊഴിൽ പ്രശ്നങ്ങൾ, സ്വർണക്കൊള്ള തുടങ്ങിയവ പ്രതികൂലമായി മാറാം. യു.ഡി.എഫ് വാഗ്ദാനം ചെയ്ത ക്ഷേമ പദ്ധതികൾ, ഉദാഹരണത്തിന് സൗജന്യ ബസ് യാത്ര, ഉയർന്ന പെൻഷൻ തുടങ്ങിയവ വോട്ടർമാരെ സ്വാധീനിക്കാൻ സാധ്യതയുണ്ട്. എന്നാൽ ഇതിന്റെ സാമ്പത്തിക പ്രത്യാഘാതങ്ങളും ചർച്ചാവിഷയമാണ്. ബി.ജെ.പി ശക്തിയാർജിക്കുന്ന സാഹചര്യത്തിൽ ചില മണ്ഡലങ്ങളിൽ ശക്തമായ മത്സരവും വോട്ട് വിഭജനവും സൃഷ്ടിക്കാനുള്ള സാധ്യതയുണ്ട്. ചിലയിടങ്ങളിൽ മതാധിഷ്ഠിത വോട്ടിംഗ് പ്രവണത വർധിക്കുന്നതായി കാണുന്നു. അതേസമയം, 140-ൽ നിർണായകമായ 25 മണ്ഡലങ്ങൾ ജയാപജയങ്ങളെ നിശ്ചയിക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ പെരിന്തൽമണ്ണ മണ്ഡലത്തിലെ ജനവിധിയും തുടർന്നുണ്ടായ തിരഞ്ഞെടുപ്പ് കേസും രാഷ്ട്രീയ കേരളം ഏറെ കൗതുക

ത്തോടെ നോക്കിക്കണ്ട ഒന്നാണ്. കേസിൽ യു.ഡി.എഫ് സ്ഥാനാർത്ഥി നജീബ് കാന്തപുരത്തിന്റെ വിജയം ആറ് വോട്ടുകൾക്കെന്ന് കണക്കാക്കാമെന്ന് ഹൈക്കോടതി ഉത്തരവിട്ടത് 2024 ഓഗസ്റ്റ് 13-നാണ്. മുസ്ലിം ലീഗിന്റെ നജീബ് കാന്തപുരം വെറും 38 വോട്ടിന്റെ മാത്രം ഭൂരിപക്ഷത്തിലായിരുന്നു എൽ.ഡി.എഫ് സ്ഥാനാർത്ഥി കെ.പി.എം മുസ്തഫയെ പരാജയപ്പെടുത്തിയത്. 2021-ലെ സംസ്ഥാനത്തെ ഏറ്റവും ചെറിയ ഭൂരിപക്ഷമായിരുന്നു ഇത്. എന്നാൽ ഫലപ്രഖ്യാപനത്തിന് പിന്നാലെ നജീബ് കാന്തപുരത്തിന്റെ തിരഞ്ഞെടുപ്പ് വിജയം അസാധുവാക്കണമെന്ന ആവശ്യവുമായി കെ.പി.എം മുസ്തഫ ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു.

കോവിഡ് രോഗികളും പ്രായമായവരും വീട്ടിലിരുന്ന് ചെയ്ത വോട്ടുകളിൽ 348 എണ്ണം ഒപ്പും സീലുമില്ലെന്ന കാരണത്താൽ വരാണാധികാരി അസാധുവാക്കുകയുണ്ടായി. റിട്ടേണിംഗ് ഓഫീസറുടെ ഈ നടപടി ചോദ്യം ചെയ്തായിരുന്നു മുസ്തഫ നിയമ നടപടികളിലേയ്ക്ക് കടന്നത്. 38 വോട്ടിന് നജീബ് വിജയിച്ചതിനെ തുടർന്ന് എണ്ണാതെ മാറ്റിവെച്ച സ്പെഷ്യൽ തപാൽ വോട്ട് എണ്ണണമെന്നായിരുന്നു മുസ്തഫയുടെ ആവശ്യം. പോസ്റ്റൽവോട്ട് എണ്ണിയാൽ 300 വോട്ടെങ്കിലും തനിക്ക് ലഭിക്കുമെന്നും പോസ്റ്റൽവോട്ട് നിയമപ്രകാരം സാക്ഷ്യപ്പെടുത്താത്തത് പോളിങ് ഉദ്യോഗസ്ഥരുടെ വീഴ്ചയാണെന്നും ഹരജിക്കാരൻ വാദിച്ചു.



തുടർന്ന് ഈ തപാൽ വോട്ടുകൾ ഹൈക്കോടതിയിൽ എത്തിച്ച് പരിശോധിക്കുകയായിരുന്നു. 348 വോട്ടുകളിൽ 32 എണ്ണം മാത്രമാണ് സാധുവായത്. വോട്ടുകൾ നിയമപ്രകാരം സാക്ഷ്യപ്പെടുത്താത്തതിനാൽ മാറ്റിവെച്ചതിൽ തെറ്റില്ലെന്ന് വിലയിരുത്തിയാണ് ഹൈക്കോടതി ഹർജി തള്ളിയത്. സാധുവായ വോട്ടുകൾ മുഴുവൻ എൽ.ഡി.എഫിനാണ് എന്ന് കണക്കാക്കിയാൽ പോലും ആറ് വോട്ടുകൾക്ക് യു.ഡി.എഫ് സ്ഥാനാർത്ഥി ജയിക്കുമെന്നും ഈ സാഹചര്യത്തിൽ മാറ്റിവെച്ച വോട്ടുകൾ എണ്ണേണ്ടതില്ലെന്നും ഹൈക്കോടതി ചൂണ്ടിക്കാട്ടിയിരുന്നു. ഹൈക്കോടതി ഉത്തരവ് നജീബ് കാന്തപുരത്തിന് അനുകൂലമായതോടെ കെ.പി.എം മുസ്തഫ നിയമനടപടികളിൽ നിന്ന് പിന്മാറുകയായിരുന്നു.

ജയാപജയങ്ങളെ നിശ്ചയിക്കുന്ന 25 മണ്ഡലങ്ങൾ കേരളത്തിലുണ്ട്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ആറ് മണ്ഡലങ്ങളിൽ വിജയം ആയിരം വോട്ടിൽ താഴെയായിരുന്നു. പെരിന്തൽമണ്ണയ്ക്ക് പുറമെ കുറ്റ്യാടിയിൽ 333 വോട്ടിന്റെ മാത്രം ഭൂരിപക്ഷത്തിനാണ് സി.പി.എമ്മിന്റെ കെ.പി കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ വിജയിച്ചത്. മുസ്ലിം ലീഗിന്റെ സിറ്റിംഗ് എം.എൽ.എ ആയിരുന്ന പാറക്കൽ അബ്ദുള്ളയെ ആയിരുന്നു ഫോട്ടോഫിനിഷിൽ കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ പരാജയപ്പെടുത്തിയത്. 202-ൽ ഫോട്ടോഫിനിഷിന്റെ പ്രതീതി സൃഷ്ടിച്ച മറ്റൊരു മണ്ഡലം മഞ്ചേശ്വരമായിരുന്നു. 2016-ൽ 89 വോട്ടിന് മാത്രം പരാജയപ്പെട്ട ബി.ജെ.പിയുടെ കെ സുരേന്ദ്രൻ മണ്ഡലം പിടിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ തവണ കളത്തിലിറങ്ങിയെങ്കിലും മുസ്ലിം ലീഗിന്റെ യുവനേതാവ് എ.കെ.എം അഷ്റഫിനോട് 745 വോട്ടുകൾക്ക് പരാജയപ്പെടുകയായിരുന്നു.


തൃശ്ശൂരിൽ 946 വോട്ടിനായിരുന്നു സി.പി.ഐ സ്ഥാനാർത്ഥി പി ബാലചന്ദ്രന്റെ വിജയം. കോൺഗ്രസിന്റെ പത്മജാ വേണുഗോപാലിനെയാണ് പി ബാലചന്ദ്രൻ പരാജയപ്പെടുത്തിയത്. ബി.ജെ.പിക്കായി മത്സരിച്ച സുരേഷ് ഗോപി 40457 വോട്ട് നേടി ഇവിടെ മൂന്നാമതെത്തിയിരുന്നു.

985 വോട്ടിന് 2021-ൽ ഇടതുപക്ഷത്തിന്റെ വി അബ്ദുറഹിമാൻ വിജയിച്ച താനൂരിൽ ഇത്തവണ കനത്ത പോരാട്ടം നടക്കും. മുസ്ലിം ലീഗിന്റെ യുവ നേതാവ് പി.കെ ഫിറോസിനെ ശക്തമായ പേരാട്ടത്തിൽ അടിയറവ് പറയിച്ചായിരുന്നു അബ്ദുറഹിമാന്റെ വിജയം. കഴിഞ്ഞ പ്രാവശ്യം കോൺഗ്രസിന്റെ കെ ബാബു 992 വോട്ടിന് സി.പി.എമ്മിലെ എം സ്വരാജിനെ അട്ടിമറിച്ച തൃപ്പൂണിത്തുറയാണ് ആയിരം വോട്ടിന് താഴെ വിധി നിർണ്ണയിച്ച ആറാമത്തെ മണ്ഡലം.

കഴിഞ്ഞ തവണ ആയിരത്തിനും 3,000-നും ഇടയിൽ ഭരിപക്ഷം നിർണയിച്ച 11 മണ്ഡലങ്ങളുണ്ട്. ചാലക്കുടി, ചവറ, റാന്നി, കണ്ണൂർ, പീരുമേട്, കൊല്ലം, തവനൂർ, കുന്നത്തുനാട്, കുന്നത്തൂർ, പെരുമ്പാവൂർ, അടൂർ എന്നിവയാണിവ. തൃത്താല, പേരാവൂർ, നേമം, നാദാപുരം, കടുത്തുരുത്തി, കുണ്ടറ, തിരുവമ്പാടി, അരുവിക്കര, നിലമ്പൂർ, പാലക്കാട് എന്നിവ ഭൂരിപക്ഷം 3,000ത്തിനും 5,000ത്തിനും ഇടയിലുള്ള മണ്ഡലങ്ങളാണ്. ഇതിനിടെ നിലമ്പൂരും പാലക്കാടും നടന്ന ഉപതിരഞ്ഞെടുപ്പിൽ 2021-ലെ സ്ഥിതിക്ക് മാറ്റം സംഭവിക്കുകയുണ്ടായി. 2021-ൽ 2,700 വോട്ടിന്റെ ഭൂരിപക്ഷത്തിനായിരുന്നു നിലമ്പൂരിൽ ഇടതുമുന്നണി സ്ഥാനാർത്ഥിയായിരുന്ന പി.വി അൻവറിന്റെ വിജയം. എന്നാൽ മുഖ്യമന്ത്രി പിണറായി വിജയനെ വിമർശിച്ച് അൻവർ എം.എൽ.എ സ്ഥാനം രാജിവച്ചതോടെ നടന്ന ഉപതിരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ ആര്യാടൻ ഷൗക്കത്ത് 11,107 വോട്ടിനാണ് സി.പി.എമ്മിന്റെ എം സ്വരാജിനെ പരാജയപ്പെടുത്തിയത്. യു.ഡി.എഫുമായുള്ള തർക്കത്തിൽ പരിഹാരമാകാത്തതിനെ തുടർന്ന് അൻവർ ഇവിടെ വീണ്ടും മത്സരത്തിനിറങ്ങിയിരുന്നു

കഴിഞ്ഞ തവണ ശക്തമായ പേരാട്ടത്തിനൊടുവിൽ 3,859 വോട്ടിന്റെ ഭൂരിപക്ഷത്തിന് കോൺഗ്രസിന്റെ യുവ നേതാവ് ഷാഫി പറമ്പിൽ വിജയിച്ച മണ്ഡലമാണ് പാലക്കാട്. എൻ.ഡി.എയുടെ ഇ ശ്രീധരനെയാണ് ഷാഫി പരാജയപ്പെടുത്തിയത്. 2024-ൽ ഷാഫി പറമ്പിൽ ലോക്സഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന് പാലക്കാട് നടന്ന ഉപതിരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ രാഹുൽ മാങ്കൂട്ടത്തിൽ 18,840 വോട്ടിന്റെ ഭൂരിപക്ഷത്തിന് വിജയിച്ചിരുന്നു. പിന്നീട് ലൈംഗികാരോപണങ്ങളെ തുടർന്ന് കോൺഗ്രസ് രാഹുൽ മാങ്കൂട്ടത്തിലിനെ പുറത്താക്കിയിരുന്നു. അതോടെ കോൺഗ്രസിൽ നിന്ന് മാത്രമല്ല കേരള രാഷ്ട്രീയത്തിൽ തന്നെ രാഹുൽ അപ്രസക്തനായിരിക്കുകയാണ്. ഇനി എം.എൽ.എ സ്ഥാനത്ത് രാഹുലിന് ശേഷിക്കുന്നത് ഏതാനും ദിവസങ്ങൾ മാത്രം.

emalayalee.com




NRS PAY
TAP, DIP, SWIPE OR KEY!
ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!
Simplify your payment acceptance.
अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।
NRS PAY
nrspay.com
✔ FREE Credit Card Reader
✔ NO Long-Term Contracts
✔ NO Hidden Fees
✔ NO Early Termination Fee
GET STARTED TODAY!
Call (877) 202-8112
or visit nrspay.com
NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

# ഫിലഡൽഫിയ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ചാപ്റ്റർ യുഡിഎഫ് സ്ഥാനാർഥികൾക്ക് പിന്തുണ പ്രഖ്യാപിച്ചു



ഫിലഡൽഫിയ: അമേരിക്കയിലെ ഫിലഡൽഫിയയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് (IOC) ചാപ്റ്റർ കേരളത്തിലെ യുഡിഎഫ് സ്ഥാനാർഥികൾക്ക് നിസ്വാർത്ഥവും നിബന്ധനകളില്ലാത്തതുമായ സാമ്പത്തികവും മറ്റ് സഹായങ്ങളും നൽകാൻ തീരുമാനിച്ചു. ചാപ്റ്റർ പ്രസിഡന്റ് ഡോ. ഈപ്പൻ ഡാനിയലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് ഈ നിർണായക തീരുമാനം കൈക്കൊണ്ടത്.

യോഗത്തിൽ ചെയർമാൻ സാബു സ്കറിയ, ജനറൽ സെക്രട്ടറി സുമോദ് തോമസ് നെല്ലിക്കാല, ട്രഷറർ ഫിലിപ്പോസ് ചെറിയാൻ എന്നിവർ സംസാരിച്ചു. കേരളത്തിലെ നിലവിലെ രാഷ്ട്രീയ സാഹചര്യങ്ങൾ വിലയിരുത്തിയ യോഗം, യുഡിഎഫ് മുന്നണി ശക്തിപ്പെടേണ്ടത് സംസ്ഥാനത്തിന്റെ ജനാധിപത്യ നിലനിൽപ്പിനും വികസനത്തിനും അനിവാര്യമാണെന്ന് അഭിപ്രായപ്പെട്ടു.

ഡോ. ഈപ്പൻ ഡാനിയൽ തന്റെ പ്രസംഗത്തിൽ, പ്രവാസി സമൂഹം കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക

**'പ്രവാസി സമൂഹം കേരളത്തിന്റെ സാമൂഹിക–സാമ്പത്തിക രംഗങ്ങളിൽ നിർണായക പങ്ക് വഹിക്കുന്നുവെന്നും, സംസ്ഥാനത്തിന്റെ ഭാവി നിർണ്ണയിക്കുന്ന തെരഞ്ഞെടുപ്പുകളിൽ പ്രവാസികളുടെ ഇടപെടൽ ഉത്തരവാദിത്വപരമായിരിക്കണം'**

**ഡോ. ഈപ്പൻ ഡാനിയൽ**

രംഗങ്ങളിൽ നിർണായക പങ്ക് വഹിക്കുന്നുവെന്നും, സംസ്ഥാനത്തിന്റെ ഭാവി നിർണ്ണയിക്കുന്ന തെരഞ്ഞെടുപ്പുകളിൽ പ്രവാസികളുടെ ഇടപെടൽ ഉത്തരവാദിത്വപരമായിരിക്കണമെന്നും പറഞ്ഞു. യുഡിഎഫ് സ്ഥാനാർഥികൾക്ക് പിന്തുണ നൽകുന്നതിലൂടെ വികസനോന്മുഖമായ ഒരു ഭരണകൂടം കേരളത്തിൽ തിരിച്ചെത്തുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.


ചെയർമാൻ സാബു സ്കറിയ, ഫിലഡൽഫിയ ചാപ്റ്റർ വിവിധ മേഖലകളിൽ നിന്നുള്ള പ്രവാസികളെ ഏകോപിപ്പിച്ച് തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാ വിധ സഹായങ്ങളും നൽകുമെന്നും അറിയിച്ചു. പ്രചാരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ ക്യാമ്പെയിനുകൾ, സാമ്പത്തിക സഹായങ്ങൾ എന്നിവ ഏകോപിതമായി നടത്തുമെന്ന് അദ്ദേഹം വ്യക്തമാക്കി.

ജനറൽ സെക്രട്ടറി സുമോദ് തോമസ് നെല്ലിക്കാല, പ്രവാസി മലയാളികളുടെ രാഷ്ട്രീയ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിന് സാമൂഹ്യമാധ്യമങ്ങൾ ഉൾപ്പെടെ വിവിധ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുമെന്ന് പറഞ്ഞു. ട്രഷറർ ഫിലിപ്പോസ് ചെറിയാൻ, സഹായ പ്രവർത്തനങ്ങൾ സുതാര്യമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനുള്ള പ്രത്യേക സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും, സംഭാവനകളുടെ കൃത്യമായ വിതരണ രേഖ ഉറപ്പാക്കുമെന്നും വ്യക്തമാക്കി.

അലക്സ് തോമസ്, കൊച്ചുമോൻ വയലത്ത്, പോൾ വർക്കി, തോമസ്കുട്ടി വർഗീസ്, ജി കെ ജോൺ, ഷാജി സുകുമാരൻ, ജെയിംസ് പീറ്റർ, മാർഷൽ വറുഗീസ് എന്നിവർ യുഡിഎഫ് സ്ഥാനാർഥികൾക്ക് വിജയാശംസകൾ നേർന്നുകൊണ്ട് സംസാരിക്കുകയുണ്ടായി, കേരളത്തിലെ ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കാൻ എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കണമെന്ന് ഐഒസി ഫിലാഡൽഫിയ ചാപ്റ്റർ ആഹ്വാനം ചെയ്തു.




NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ



# പ്രത്യാശയുടെ ഉയിർത്തെഴുന്നേൽപ്പ്:

# ആധുനിക ലോകവും ഈസ്റ്റർ സന്ദേശവും



ജോയി ഇട്ടൻ

ലോകമെമ്പാടുമുള്ള ക്രൈസ്തവർക്ക് ഈസ്റ്റർ വെറുമൊരു മതപരമായ ചടങ്ങ് മാത്രമല്ല, അത് അതിജീവനത്തിന്റെയും പ്രത്യാശയുടെയും വലിയൊരു അടയാളമാണ്. പീഡാനുഭവങ്ങൾക്കും കുരിശുമരണത്തിനും ശേഷം ക്രിസ്തു ഉയിർത്തെഴുന്നേറ്റതിന്റെ സ്മരണ പുതുക്കുമ്പോൾ, ഇരുളടഞ്ഞ ലോകസാഹചര്യങ്ങളിൽ പ്രകാശത്തിന്റെ കിരണങ്ങൾ തേടുന്ന മനുഷ്യരാശിക്ക് അത് വലിയ ആവേശമാണ് പകരുന്നത്.

യുദ്ധങ്ങളും ആഭ്യന്തര കലഹങ്ങളും കൊണ്ട് മുറിവേറ്റ ഒരു ലോകത്താണ് നാം ഇന്ന് ജീവിക്കുന്നത്. രാജ്യങ്ങൾ തമ്മിലുള്ള അധികാര തർക്കങ്ങളും നിഷ്കളങ്കരായ മനുഷ്യരുടെ വിലാപങ്ങളും കേൾക്കുമ്പോൾ, ഈസ്റ്റർ മുന്നോട്ടുവെക്കുന്ന സമാധാനത്തിന്റെ സന്ദേശം മുമ്പത്തേക്കാളും പ്രസക്തമാകുന്നു. ശത്രുവിനെ സ്നേഹിക്കാനും ക്രോധത്തിന് പകരം ക്ഷമ ശീലിക്കാനുമുള്ള ക്രിസ്തുവിന്റെ വചനങ്ങൾ സമാധാനശ്രമങ്ങൾക്ക് അടിത്തറയാകേണ്ടതുണ്ട്.

സ്വാർത്ഥതയും ലാഭക്കൊതിയും മനുഷ്യബന്ധങ്ങളെ ഉലയ്ക്കുന്ന ഈ കാലത്ത്, ത്യാഗത്തിന്റെ മഹത്വമാണ് ഈസ്റ്റർ വിളിച്ചോതുന്നത്. മറ്റുള്ളവർക്ക് വേണ്ടി സ്വന്തം ജീവിതം സമർപ്പിച്ച ക്രിസ്തുവിന്റെ പാത, സഹജീവികളെ സഹായിക്കാനും അവരുടെ വേദനകളിൽ പങ്കുചേരാനും നമ്മെ പ്രേരിപ്പിക്കുന്നു. 'തന്നേക്കാൾ ഉപരിയായി അയൽക്കാരനെ സ്നേഹിക്കുക' എന്ന തത്വം ആധുനിക സാമൂഹിക ക്രമത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ പ്രാപ്തമാണ്.

സാമ്പത്തിക പ്രതിസന്ധികളും ദാരിദ്ര്യവും ലോകത്തിന്റെ പല ഭാഗങ്ങളിലും ജനജീവിതം ദുസ്സഹമാക്കുന്നുണ്ട്. പട്ടിണിയും കഷ്ടപ്പാടും അനുഭവിക്കുന്നവർക്ക് ഈസ്റ്റർ നൽകുന്നത് തളരാതിരിക്കാനുള്ള കരുത്താണ്. കല്ലറയ്ക്കുള്ളിലെ ഇരുട്ടിന് ക്രിസ്തുവിനെ തളച്ചിടാൻ കഴിഞ്ഞില്ല എന്ന സത്യം, ഏത് വലിയ

പ്രതിസന്ധിയെയും മറികടക്കാൻ മനുഷ്യന് സാധിക്കുമെന്ന ആത്മവിശ്വാസം നൽകുന്നു.

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം വഷളായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഈസ്റ്ററിന് ഒരു 'പുതുജീവൻ' എന്ന അർത്ഥം കൂടിയുണ്ട്. വസന്തകാലത്തിന്റെ വരവറിയിച്ചു കൊണ്ട് എത്തുന്ന ഈ തിരുനാൾ, നശിച്ചുപോയതിനെ പുനരുജ്ജീവിപ്പിക്കാനുള്ള ആഹ്വാനമാണ്. ഭൂമിയെ സംരക്ഷിക്കാനും പ്രകൃതിയുമായി ഇണങ്ങി ജീവിക്കാനുമുള്ള ഒരു ഓർമ്മപ്പെടുത്തൽ കൂടി ഇതിലുണ്ട്.



വിദ്വേഷ പ്രസംഗങ്ങളും വിഭജന രാഷ്ട്രീയവും സമൂഹത്തെ കീറിമുറിക്കുമ്പോൾ, ഈസ്റ്റർ സാഹോദര്യത്തിന്റെ പാലമായി മാറുന്നു. വർണ്ണ-വർഗ്ഗ വ്യത്യാസങ്ങൾക്കപ്പുറം മനുഷ്യത്വം ഒന്നാണെന്ന സത്യം ഉയിർത്തെഴുന്നേൽപ്പിന്റെ ആഘോഷങ്ങൾ നമ്മെ പഠിപ്പിക്കുന്നു. സ്നേഹത്തിന് മരണമില്ലെന്നും അത് ഏത് മതിലുകളെയും തകർക്കുമെന്നും ഈസ്റ്റർ തെളിയിക്കുന്നു.

നൈരാശ്യം ബാധിച്ച യുവതലമുറയ്ക്ക് ഈസ്റ്റർ ഒരു വലിയ ഊർജ്ജസ്രോതസ്സാണ്. ജീവിതം അവസാനിച്ചുവെന്ന് കരുതിയിടത്ത് നിന്നാണ് പുതിയൊരു പുലരി ആരംഭിക്കുന്നത് എന്ന ചിന്ത, വിഷാദത്തിനും നിരാശയ്ക്കും എതിരെ പോരാടാൻ അവരെ സഹായിക്കുന്നു. പരാജയങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ട് വീണ്ടും ഉയിർത്തെഴുന്നേൽക്കാൻ ഈസ്റ്റർ പ്രബോധനങ്ങൾ കരുത്ത് പകരുന്നു.

ആധുനിക സാങ്കേതിക വിദ്യകൾക്കിടയിൽ മനുഷ്യൻ ഒറ്റപ്പെട്ടുപോകുന്ന പ്രവണത ഇന്ന് ഏറിവരുന്നു. ഈസ്റ്റർ ആഘോഷങ്ങൾ ഒത്തുചേരലിന്റെയും കൂട്ടായ്മയുടെയും പ്രാധാന്യം ഓർമ്മിപ്പിക്കുന്നു. കുടുംബബന്ധങ്ങൾ പുതുക്കാനും സുഹൃത്തുക്കളുമായി സന്തോഷം പങ്കുവെക്കാനും ലഭിക്കുന്ന ഈ അവസരം മാനസികമായ ഉന്മേഷം നൽകുന്നു.

ലോകത്തെമ്പാടുമുള്ള നീതിനിഷേധിക്കപ്പെട്ടവർക്കും അടിച്ചമർത്തപ്പെട്ടവർക്കും ഈസ്റ്റർ ഒരു വിമോചന സന്ദേശമാണ്. അനീതിക്കെതിരെയുള്ള പോരാട്ടത്തിൽ സത്യം എപ്പോഴും വിജയിക്കുമെന്ന വലിയ സത്യമാണ് കുരിശുമരണത്തിന് ശേഷമുള്ള ഉയിർത്തെഴുന്നേൽപ്പ് നൽകുന്ന പാഠം. ഇത് ലോകത്തിലെ എല്ലാ വിമോചന പോരാട്ടങ്ങൾക്കും ഒരു ആത്മീയ കരുത്തായി നിലകൊള്ളുന്നു.

ചുരുക്കത്തിൽ, രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് നടന്ന ഒരു സംഭവം എന്നതിലുപരി, ഇന്നത്തെ ലോകം നേരിടുന്ന ഓരോ പ്രശ്നത്തിനും ഒരു പരിഹാര നിർദ്ദേശം ഈസ്റ്റർ നൽകുന്നുണ്ട്. അസഹിഷ്ണുതയ്ക്ക് പകരം സ്നേഹവും, യുദ്ധത്തിന് പകരം സമാധാനവും, മരണത്തിന് പകരം ജീവനും തെരഞ്ഞെടുക്കാൻ ഈസ്റ്റർ നമ്മെ പ്രേരിപ്പിക്കുന്നു. ഇരുളടഞ്ഞ വഴികളിൽ പ്രത്യാശയുടെ നക്ഷത്രമായി ഈസ്റ്റർ എന്നും ജ്വലിച്ചു നിൽക്കുന്നു.

എല്ലാ പ്രിയപ്പെട്ടവർക്കും ഹൃദയം നിറഞ്ഞ ഈസ്റ്റർ ആശംസകൾ.


FOKANA ELECTION 2026 -2028
TEAM INTEGRITY
SANTHOSH NAIR
General Secretary
PHILIPOSE PHILIP
President
ANTO VARKEY
Treasurer
LINDO JOLLY
Exe. Vice President
SONY THOMAS AMBOOKEN
Asso. Secretary
DR. SHINY RAJU
Women's Forum Chair
APPUKUTTAN PILLAI
Asso. Treasurer
JOSSY KARAKATTU
Vice President
Request your kind Support
Elect a team that Stands for Integrity
" LET US MOVE FORWARD, NOT BACKWARDS "
DR. AJU OOMMEN
Addi. Asso. Secretary
GRACE MARIA JOSEPH
Addi. Asso. Treasurer
ENDORSED & SUPPORTED BY PAST PRESIDENTS & BOT CHAIRS
MANMADHAN NAIR
GEORGE KORUTHU
PAUL KARUKAPILLIL
G. K. PILLAI
JOHN P. JOHN
MADHAVAN NAIR
GEORGY VARUGHESE
DR. BABU STEPHEN
DR. MAMMEN C. JACOB
JAIBU KULANGARA
SAJI M. POTHEN

# അനു സിത്താര മെഗാ ഷോ സിനി ഫ്യൂഷൻ – 2026’
## ടിക്കറ്റ് വിതരണ ഉൽഘാടനം നിർവഹിച്ചു

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: മെയ് മാസത്തിൽ അമേരിക്കയിൽ ഉടനീളം ഷോയുമായി എത്തുന്ന അനു സിത്താര ആൻഡ് ടീമിന്റെ ഷോകളുടെ ടിക്കറ്റ് വിതരണ ഉൽഘാടനം ന്യൂ യോർക്കിലെ സിത്താർ പാലസിൽ കൂടിയ യോഗത്തിൽ ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി നിർവഹിച്ചു.

അമേരിക്കയിൽ നിന്നും മധുനുകരുന്ന തേൻവണ്ടുകൾപോലെ കിളികൊഞ്ചലിന്റെ കുളിർനാദവുമായി എത്തുന്ന അനു സിത്താര മെഗാ ഷോ. പഴയതുപോലെ സ്റ്റേജ് ഷോകളുടെ ഒരു പൂക്കാലം തന്നെ തിരിച്ചു വരുന്നു . ചിരിക്കാന





ും ചിന്തിക്കാനുമുള്ള സ്ക്രിപ്റ്റുകളും തമാശകൾ കേട്ട് കാണികളെ പ്രകമ്പനം കൊള്ളിക്കാനും അനു സിത്താരയുടെ പത്തു അംഗ ടീം മെയ് മാസത്തിൽ അമേരിക്കയിൽ ഉടനീളം യാത്ര ചെയ്യുമ്പോൾ നിങ്ങൾക്കും നിങ്ങളുടെ സ്ഥലത്തു ഈ ഷോക്ക് വേണ്ടി ബുക്ക് ചെയ്യാം.

സ്കൂൾ കലോൽസവ വേദികളിലൂടെ ശ്രദ്ധിക്കപ്പെട്ട നർത്തകിയായി സിനിമയിലെത്തിയ നടി അനു സിത്താര, ഏഷ്യാനെറ്റിലെ ബഡായി ബംഗ്ലാവിലൂടെ പ്രേക്ഷകരുടെ മനം കവർന്ന മോഡലും ടെലിവിഷൻ അവതാരകയും നടിയുമായ ആര്യ, അനുഗ്രഹീത ഗായകൻ വിപിൻ സേവ്യർ, ടെലിവിഷൻ ഷോകളിലൂടെ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന മിമിത്രി കലാകാരൻ രാജേഷ് അടിമാലി, എന്നിവർക്കൊപ്പം കാർത്തിക, സുനുൽ പാറയ്ക്കൽ, അഖിൽ കവലിയൂർ, റോണി റാഫേൽ, ജസ്റ്റിൻ പേ

ാൾ തുടങ്ങിയവരും അണിനിരക്കുന്ന മെഗാ ഷോ ആണ് 'സിനി ഫ്യൂഷൻ-2026'. കണ്ടവർ ഒരേ സ്വരത്തിൽ നല്ല അഭിപ്രായം പറഞ്ഞ ഷോ ....

ടിക്കറ്റ് വിതരണ ഉൽഘാടന വേളയിൽ പ്രസിഡന്റ് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷർ ജോയി ചാക്കപ്പൻ, റീജണൽ വൈസ് പ്രസിഡന്റ് ആന്റോ വർക്കി, നാഷണൽ കമ്മിറ്റി മെമ്പേർസ് ആയ ജീമോൻ വർഗീസ്, മത്തായി ചാക്കോ, ഫൊക്കാന ലീഡേഴ്‌സ് ആയ ഫിലിപ്പോസ് ഫിലിപ്പ്, ജോയി ഇട്ടൻ, വർഗീസ് ഉലഹന്നാൻ, രാജു ജോയി, നൈനാൻ ജേക്കബ്, ഷെമി ജേക്കബ്, ഫ്രാൻസിസ് കാരക്കാട്, ഷിബുമോൻ മാത്യു, ജിജി ടോം, അലക്സ് എബ്രഹാം, ലിജോ ജോൺ, ദേവസി പാലാട്ടി, ജോർജ് കുഴിയാഞ്ഞാൽ, ജോസഫ് മാത്യു, ജോൺ മാത്യു (ജോണി), മാധ്യമ പ്രവർത്തകർ ആയ സുനിൽ ട്രൈസ്റ്റാർ, ജോർജ് ജോസഫ് തുടങ്ങി അൻപതിൽ അധികം പേര് പങ്കെടുത്തു.

അമേരിക്കൻ മലയാളികളുടെ പ്രഥമ ഫെഡറേഷനായ ഫൊക്കാനയുടെ ജീവകാരു



ണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ആവിഷ്കരിച്ചിരിക്കുന്ന ഭവന നിർമാണ പദ്ധതിക്കായി പ്രമുഖ ചലചിത്ര പ്രതിഭകൾ ഉൾപ്പെടെയുള്ളവരെ അണിനിരത്തി മെഗാ ഷോ സിനി ഫ്യൂഷൻ-2026' അരങ്ങേറുന്നത്. മെയ് രണ്ടാം തീയതി ന്യൂ ജേഴ്സിയിലും, മൂന്നാം തീയതി ന്യൂ യോർക്ക് റോക്‌ലാൻഡ് കൗണ്ടിയിലും മെയ് 9 കണക്ടികട്ടിലും, 10 തീയതി ന്യൂ യോർക്ക് ലോങ്ങ് ഐലണ്ടിലും, മെയ് 18 നു ഹ്യൂസ്റ്റണിലും, 18ന് ഡാളസിലും മെയ് 23 ഫ്ളോറിഡയിലും ഉൾപ്പെടെ അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ ചിരിയുടെ മാലപ്പടകത്തിന് തിരികൊളുത്തുവാനും, ഡാൻസും, പാട്ടും മിമിക്രിയുമായി സന്തോഷകരമായ ഒരു സന്ധ്യ ഒരുക്കുവാനും ഓർമ്മകളിൽ എന്നെന്നും ഓർത്തിരിക്കുവാൻ ഉള്ള ഒരു ഷോ ആയിരിക്കും എന്നകാര്യത്തിൽ സംശയം വേണ്ട.





നമ്മൾ പറയുന്ന തമാശയ മറ്റുള്ളവർക്ക് ഇഷ്ട്പെടുന്നുണ്ടെകിൽ അതിൽ എന്തെങ്കിലും ആലോചിക്കാനുണ്ടെങ്കിൽ അതൊരു സംഭവമാണ്. ചിരി നിർത്തിയ ശേഷമുണ്ടാകുന്ന ആ ചിന്തയാണ് ആ ചിരിയുടെ ആയുസ്സ് നീട്ടുന്നത്. അതെ ഈ ഷോ കണ്ടെങ്കിൽ മാത്രമേ നിങ്ങൾക്ക് ഇത് തിരിച്ചറിയാനാവു.



കൂടുതൽ വിവരങ്ങൾക്ക് : സജിമോൻ ആന്റണി 862-438-2361

നിങ്ങളെ ഓരോരുത്തരെയും ഈ ഷോ കാണുവാൻ വേണ്ടി വിനീത പൂർവ്വം ക്ഷണിക്കുന്നു.



Happy New Year
TEAM EMPOWER
FOKANA 2026-28
LEELA MARET PANEL
FOKANA 2026-2028
TEAM EMPOWER
MRS. LEELA MARET
(President)
MR. GEORGE OALICKAL
(General Secretary)
MRS. REVATHI PILLAI
(Treasurer)
MR. LINDO JOLLY
(Executive Vice President)
MR. LAGI THOMAS
(Vice President)
DR. BRIGIT GEORGE
(Associate Secretary)
MRS. FANCIMOL
(Associate Treasurer)
MR. SHAJI SAMUEL
(Add. Associate Sec)
MR. DEVASSY PALATTY
(Add. Associate Treasurer)
MRS. SAROOPA ANIL
(Women's Forum Chair)
REGIONAL VICE PRESIDENTS
MR. AJITH CHANDY
( RVP Pennsylvania)
MR. VINOY KURIAN
(RVP Texas)
MR. JOJI MATHAI
(RVP chicago)
MR. JOHN MATHEW
( RVP British Columbia)
MRS. USHA GEORGE
( RVP NEWYORK)
DR. GEETHA GEORGE
(RVP California)
MR. JOHN VARGHESE
(RVP Georgia)
MR. SHIVA PRAKASH
(RVP New England)
MR. STANLY ETHUNICKAL
(RVP Washington)
NATIONAL COMMITTE MEMBERS
MR. SAJ KAVINTE ARIKATH
( Florida)
MR. MATHEW CHERIAN
(Pennsylvania)
MR. LIBIN KURIAN
(Philadelphia)
MR. RONY VARGHESE
(Philadelphia)
MR. ABHILASH JOHN
(Philadelphia)
MR. NIJO PUTHENPURACKAL
(Washington)
MRS. SUBI BABU
( Atlanta)
MRS. MARY JOSEPH
(Boston)
MRS.SOSAMMA ANDREWS
(New York)
MR. JINS JOSEPH
(New York)
MR. THOMAS ZACHARIAH
(New York)
MR. ROY MANNIKKAROTT
(California)
MR. BIJU GEORGE
(Canada)
MR. ANEESH KUMAR
( Canada)
YOUTH COMMITTEE MEMBERS
MR. AKHIL VIJAY
(Florida)
MRS. CHRYSTAL LAL
(Canada)
MRS. ANITHA GEORGE
(Canada)
MRS. FAITH ELDOW
(Philadelphia)
ASHITHA ALEX
(Newyork)
Happy New Year
ZION - +91 790 297 5082
fokanateamempower@gmail.com

# വിശ്വസാഹോദര്യ സന്ദേശമുയർത്തി അമേരിക്കൻ ഹിന്ദു ഏകതാ സമ്മേളനം

**സുരേന്ദ്രൻ നായർ**
കെ.എച്ച്.എൻ.എ ന്യൂസ് മീഡിയ

ഭാരതത്തിൽ ആരംഭിച്ച് ലോകമെമ്പാടും വ്യാപിച്ചു കൊണ്ടിരിക്കുന്ന ഹൈന്ദവ ഐക്യ പ്രസ്ഥാനത്തിന്റെ ഭാഗമായി, Kerala Hindus of North America (KHNA) ഓൺലൈൻ മുഖേന സംഘടിപ്പിച്ച അമേരിക്കൻ ഹിന്ദു ഏകതാ സമ്മേളനം, അൻപതിലധികം ഹിന്ദു കൂട്ടായ്മകളുടെ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായി.

സനാതനധർമ്മത്തിന്റെ ബൗദ്ധികവും സർവ്വലൗകികവുമായ പ്രചാരണങ്ങൾക്ക് നേതൃത്വം നൽകുന്ന പ്രജ്ഞ പ്രവാഹിന്റെ അഖില ഭാരത സംയോജകൻ ശ്രീ ജെ. നന്ദകുമാർ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി. 1893-ൽ ചിക്കാഗോയിൽ നടന്ന സർവമത സമ്മേളനത്തിൽ ‘‘സഹോദരീ സഹോദരന്മാരെ’’ എന്ന വിപ്ലവാത്മക അഭിവാദ്യത്തോടെ ലോകത്തെ വിസ്മയിപ്പിച്ച സ്വാമി വിവേകാനന്ദന്റെ ദർശനങ്ങളെ അനുസ്മരിച്ചു കൊണ്ടാണ് അദ്ദേഹം പ്രഭാഷണം ആരംഭിച്ചത്. ഹിന്ദു മതം ലോകമതങ്ങളുടെ മാതാവാണെന്നും ‘‘വസുധൈവ കുടുംബകം’’ എന്ന ഭാരതീയ ദർശനം ലോകമെമ്പാടുമുള്ള മനുഷ്യരാശിയെ ഒരു കുടുംബമായി കാണുന്നതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

സ്വാതന്ത്ര്യസമരകാലത്ത് നേരിട്ടുള്ള രാഷ്ട്രീയ പോരാട്ടങ്ങളിൽ നിന്ന് അകലെയായിരുന്നെങ്കിലും, സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ അർത്ഥം നിലനിർത്താൻ കഴിയുന്ന ജാഗ്രതയുള്ള യുവതലമുറയെ വളർത്തിയെടുക്കുന്നതിൽ സ്വാമി വിവേകാനന്ദൻ നടത്തിയ ഐതിഹാസിക പ്രവർത്തനങ്ങളെ നന്ദകുമാർ വിശദീകരിച്ചു. വിവേകാനന്ദ ദർശനങ്ങളിൽ പ്രചോദിതനായി സ്വാതന്ത്ര്യസമരത്തിന്റെ മുന്നണിയിൽ എത്തിയ മഹർഷി അരവിന്ദന്റെ ‘‘ഉത്തരപ്പാറ പ്രസംഗം’’ അദ്ദേഹം ഓർമ്മിപ്പിച്ചു. ഭാരതത്തിന്റെ ഉണർവ് ലോകത്തിനായാണെന്നും, ദേശീയത്വം ഭാരതത്തിന് വെറും രാഷ്ട്രീയമല്ല സനാതന ധർമ്മത്തിന്റെ തത്വസംഹിതയാണെന്നും അരവിന്ദൻ പറഞ്ഞതിനെ അദ്ദേഹം ഉദ്ധരിച്ചു.

സനാതനധർമ്മം എല്ലാ വിശ്വാസങ്ങളെയും ഉൾക്കൊള്ളുന്ന സർവ്വലൗകിക മതമാ



ണെന്നും, അതിന്റെ ക്ഷയം ഭാരതത്തെയും ലോകക്രമത്തെയും ബാധിക്കുമെന്നും മഹർഷി അരവിന്ദൻ മുന്നറിയിപ്പ് നൽകിയതായും അദ്ദേഹം ചൂണ്ടിക്കാട്ടി. സ്വാമി വിവേകാനന്ദന്റെയും മഹർഷി അരവിന്ദന്റെയും ദർശനങ്ങളിൽ പ്രചോദിതരായി ലക്ഷക്കണക്കിന് യുവാക്കൾ കർമ്മനിരതരായതിന്റെ ഫലമാണ് ഇന്നത്തെ ഭാരതത്തിന്റെ ഉണർവും ലോകനേതൃത്വത്തിലേക്കുള്ള യാത്രയുമെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്.

വൈദേശിക ആധിപത്യകാലത്ത് നഷ്ടപ്പെട്ട സാംസ്കാരിക പൈതൃകങ്ങളും ചരിത്രസാക്ഷ്യങ്ങളും വീണ്ടെടുക്കുന്ന ദേശീയ മുന്നേറ്റങ്ങളിൽ, സ്വാതന്ത്ര്യസമരകാലത്ത് വിദേശത്തിരുന്ന് ഇന്ത്യയെ പിന്തുണച്ച നേതാജി സുഭാഷ് ചന്ദ്ര ബോസ്, വീര സാവർക്കർ തുടങ്ങിയവരെപ്പോലെ ഇന്നത്തെ പ്രവാസ ഇന്ത്യക്കാരും മാതൃഭൂമിയോടൊപ്പം നിൽക്കണമെന്ന് നന്ദകുമാർ അഭ്യർത്ഥിച്ചു. ''ഏകം സത് വിപ്രാ ബഹുധാ വദന്തി'' എന്ന സനാതന സങ്കൽപ്പം എല്ലാ മതങ്ങളും അംഗീകരിച്ചാൽ ലോകത്തിലെ മതകലഹങ്ങൾ അവസാനിക്കുമെന്ന പ്രത്യാശയോടെയാണ് അദ്ദേഹം പ്രഭാഷണം ഉപസംഹരിച്ചത്.


അമേരിക്കയുടെയും കാനഡയുടെയും വിവിധ ഭാഗങ്ങളിൽ നിന്നായി സമ്മേളനത്തിൽ പങ്കെടുത്ത സംഘടനാ നേതാക്കളെയും പ്രവർത്തകരെയും KHNA പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ സ്വാഗതം ചെയ്തു. വിഭാഗീയതകൾക്കും ജാതിവിവേചനങ്ങൾക്കും അതീതമായ ഹൈന്ദവ ഐക്യത്തിനായി KHNA മുൻകൈയെടുക്കുമെന്നും, എല്ലാ സംഘടനകളും അതിനൊപ്പം കൈകോർക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

സമ്മേളനത്തിൽ പങ്കെടുത്ത വിവിധ സംഘടനകളുടെ പ്രതിനിധികൾ ആശംസകൾ അറിയിച്ചു. ന്യൂയോർക്കിലെ ആദ്യകാല ഹൈന്ദവ സംഘടനയായ മലയാളി ഹിന്ദു മണ്ഡലം (മഹിമ) പ്രസിഡന്റ് രഞ്ജിത്ത് നായർ, ഷിക്കാഗോ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗീതാമണ്ഡലത്തിനുവേണ്ടി ജോയിന്റ് സെക്രട്ടറി ബിജു കൃഷ്ണൻ, കേരള ഹിന്ദുസ് ഓഫ് ന്യൂജേഴ്സി (KHNJ) പ്രസിഡന്റ് രഞ്ജിത്ത് പിള്ള, KHNA മിഷിഗൺ പ്രസിഡന്റ് ധനുഷ് കൊണ്ടോത്തു, സൗത്ത് ഫ്ലോറിഡ ഹിന്ദു കൂട്ടായ്മയായ KHSF പ്രസിഡന്റ് അഭിജിത് പഴയിടം, കേരള ഹിന്ദു ഫെഡറേഷൻ ഓഫ് കാനഡയെ പ്രതിനിധീകരിച്ച് ജയശങ്കർ പിള്ള എന്നിവർ സംസാരിച്ചു.

സംഘടനാ പ്രതിനിധികൾ ഉന്നയിച്ച ചോദ്യങ്ങൾക്ക് നന്ദകുമാർ മറുപടി നൽകി. തുടർന്ന് ട്രസ്റ്റി ബോർഡ് ചെയർപേഴ്സൺ വനജ നായർ അനുമോദന സന്ദേശം നൽകി.

മുൻ പ്രസിഡന്റ് സുരേന്ദ്രൻ നായർ നിയന്ത്രിച്ച സമ്മേളനത്തിൽ അനുശ്രീ ജയേഷ് ഈശ്വരപ്രാർത്ഥന ആലപിക്കുകയും, സെക്രട്ടറി സിനു നായർ നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

ഏകതാ സമ്മേളനത്തിന്റെ വിജയകരമായ നടത്തിപ്പിന് അനഘ വാര്യർ, നന്ദകുമാർ ചക്കിങ്കൽ, സുരേഷ് (മിന്നസോട്ട), സുധ കർത്ത, ശ്രീജിത്ത് ശ്രീനിവാസൻ എന്നിവർ നേതൃത്വം നൽകി.



# ചെങ്ങന്നൂരിൽ എബി കുര്യാക്കോസിന്റെ നിർണ്ണായക പോരാട്ടം; ഒരു മാറ്റം അനിവാര്യം



**ജോർജ്ജ് എബ്രഹാം**

വൈസ് ചെയർമാൻ, ഇന്ത്യൻ ഓവർസീസ് കോൺഗ്രസ്

ചെങ്ങന്നൂരിന്റെ മണ്ണിൽ ജനിച്ചു വളർന്ന എബി കുര്യാക്കോസിന്, കഴിഞ്ഞ നാല് പതിറ്റാണ്ടിലേറെയായി താൻ നിരന്തരം സേവിച്ചുപോന്ന ജനതയെ പ്രതിനിധീകരിക്കാൻ ഒടുവിൽ അവസരം ലഭിച്ചിരിക്കുകയാണ്.

കേരളത്തിലെ തന്നെ ഏറ്റവും ശക്തമായ പോരാട്ടം നടക്കുന്ന മണ്ഡലങ്ങളിൽ ഒന്നാണ് ചെങ്ങന്നൂർ. കുറഞ്ഞ ഭൂരിപക്ഷവും മാറിമറിയുന്ന വോട്ടർമാരുടെ താല്പര്യങ്ങളും ഇവിടുത്തെ പ്രത്യേകതയാണ്. ഇത്തരമൊരു സാഹചര്യത്തിൽ സ്ഥാനാർത്ഥിയുടെ വ്യക്തിപ്രഭാവവും ജനങ്ങളുമായുള്ള ബന്ധവും നിർണ്ണായകമാകും.

പാർട്ടിയോടും അതിന്റെ ദീർഘവീക്ഷണമുള്ള നേതൃത്വത്തോടുമുള്ള വിശ്വസ്തതയ്ക്ക് പേരുകേട്ട എബിയുടെ രാഷ്ട്രീയ യാത്ര ക്ഷമയുടെയും സ്ഥിരോത്സാഹത്തിന്റെയും നിശബ്ദമായ സമർപ്പണത്തിന്റെയും പ്രതിഫലനമാണ്.

അന്തരിച്ച ഉമ്മൻ ചാണ്ടിയുമായി സവിശേഷമായ ഒരു ബന്ധം അദ്ദേഹം പുലർത്തിയിരുന്നു. എബിയെ ഒരു ഭാവി നേതാവായി വളർത്തിയെടുക്കുന്നതിൽ ഉമ്മൻ ചാണ്ടി പ്രത്യേക താല്പര്യം കാണിച്ചു. എന്നാൽ, ഉമ്മൻ ചാണ്ടിയുമായി അടുത്ത ബന്ധമുള്ള

വർക്കറിയാവുന്നത് പോലെ, ആ സാമീപ്യം പലപ്പോഴും ചില നിശബ്ദമായ നിബന്ധനകൾ കൂടി മുന്നോട്ടുവെച്ചിരുന്നു പ്രതീക്ഷകളില്ലാതെ കാത്തിരിക്കുക, സഹിക്കുക, ഉറച്ചുനിൽക്കുക. എബി കുര്യാക്കോസിനെ സംബന്ധിച്ചിടത്തോളം ആ നീണ്ട കാത്തിരിപ്പ് അവസാനിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ അവസരം വന്നെത്തിയിരിക്കുന്നു.

സി.പി.ഐ (എം) രാഷ്ട്രീയത്തിലെ കരുത്തൻ സജി ചെറിയാനെയാണ് എബി നേരിടുന്നത്. പാർട്ടി ജീവിതത്തിലെ കഠിനമായ വഴികളിലൂടെ രൂപപ്പെട്ടതാണ് സജി ചെറിയാന്റെ രാഷ്ട്രീയ വ്യക്തിത്വം എന്നത് വസ്തുതയാണ്. തഴക്കവും വഴക്കവുമല്ല, മറിച്ച് താഴേത്തട്ടിലെ രാഷ്ട്രീയത്തിലെ പരുക്കൻ യാഥാർത്ഥ്യങ്ങളിലൂടെയുള്ള മുന്നേറ്റമാണ് അദ്ദേഹത്തിന്റെ വളർച്ച അടയാളപ്പെടുത്തുന്നത്. സജി ചെറിയാനെതിരെ പ്രചരിക്കുന്ന പോസ്റ്ററുകൾ അദ്ദേഹത്തെ വിപരീത വെളിച്ചത്തിൽ കാണിക്കാനോ, അല്ലെങ്കിൽ ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുന്നു എന്ന് വിശ്വസിക്കുന്ന ഒരു പ്രതിരൂപമായി ചിത്രീകരിക്കാനോ ശ്രമിക്കുന്നുണ്ട്.

അതേസമയം, എബി കുര്യാക്കോസ് ഒരു തലമുറ മാറ്റത്തെയാണ് പ്രതിനിധീകരിക്കുന്നത്. പ്രാദേശിക പാർട്ടി സംഘടനകളിൽ സജീവവും ഈ മണ്ണിൽ വേരുകളുമുള്ള അദ്ദേഹം, സൗഹൃദത്തോടൊപ്പം പുതിയൊരു ഊർജ്ജം കൂടി ഈ മത്സരത്തിന് നൽകുന്നു. പ്രാദേശിക വികസനം, അടിസ്ഥാന സൗകര്യങ്ങൾ, ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയിലുള്ള അദ്ദേഹത്തിന്റെ ശ്രദ്ധ വോട്ടർമാരുടെ ദൈനംദിന മുൻഗണനകളുമായി ചേർന്നുനിൽക്കുന്നതാണ്.

മുൻകാലങ്ങളിൽ കരുത്തരായ സ്ഥാനാർത്ഥികൾ പോലും സജി ചെറിയാന് മുന്നിൽ പതറിയത്, അദ്ദേഹം താഴേത്തട്ടിൽ കെട്ടിപ്പടുത്ത ശക്തമായ സ്വാധീനം കൊണ്ടുകൂടിയാണ്.

2021-ലെ തിരഞ്ഞെടുപ്പിൽ 32,000-ത്തിലധികം വോട്ടുകളുടെ ഭൂരിപക്ഷത്തിൽ സജി ചെറിയാൻ തന്റെ ആധിപത്യം ഉറപ്പിച്ചിരുന്നു. ഇത്തവണ, ബി.ജെ.പി, മണ്ഡലത്തിന് പുറത്തുനിന്നുള്ള ഗോപകുമാർ എന്ന താരതമ്യേന അത്ര പരിചിതനല്ലാത്ത ഒരാളെ രംഗത്തിറക്കിയതോടെ മത്സരം സജി ചെറിയാനും എബി കുര്യാക്കോസും തമ്മിലുള്ള നേരിട്ടുള്ള പോരാട്ടമായി മാറിയിരിക്കുകയാണ്.


ബി.ജെ.പി ബോധപൂർവ്വം ഒരു ദുർബല സ്ഥാനാർത്ഥിയെ നിർത്തിയതാണോ എന്ന ചോദ്യം ഇപ്പോഴും അവശേഷിക്കുന്നു.

എബിയെ രംഗത്തിറക്കിയതിലൂടെ യുവത്വവും പുതിയൊരു മുഖവും ഉയർത്തിക്കാട്ടി തന്ത്രപരമായ നീക്കമാണ് യു.ഡി.എഫ് നടത്തിയിരിക്കുന്നത്. എന്നിരുന്നാലും, എൽ.ഡി.എഫിന്റെ സുസജ്ജമായ സംവിധാനങ്ങളെ കേവലം മൂന്നാഴ്ച കൊണ്ട് നേരിടുക എന്നത് കോൺഗ്രസിനെയും യു.ഡി.എഫിനെയും സംബന്ധിച്ചിടത്തോളം വലിയൊരു വെല്ലുവിളിയാണ്.

എങ്കിലും, കേരളത്തിലുടനീളമുള്ള ഭരണവിരുദ്ധ വികാരം ഒരു മാറ്റത്തിന്റെ സാധ്യത നിലനിർത്തുന്നുണ്ട്. ചെങ്ങന്നൂർ പോലെ ഒരു മണ്ഡലത്തിൽ വോട്ടർമാരുടെ താല്പര്യത്തിൽ ഉണ്ടാകുന്ന ചെറിയൊരു മാറ്റം പോലും ഫലത്തെ സ്വാധീനിക്കും. ആ അനുകൂല തരംഗത്തെ സ്വന്തം വോട്ടുകളാക്കി മാറ്റാൻ എബി കുര്യാക്കോസിന് കഴിയുമോ എന്നത് കണ്ടറിയണം. സമയക്രമവും മുന്നേറ്റവും അവസാന നിമിഷത്തെ ജനസമ്പർക്കവും തന്നെയാകും വിജയിയെ നിശ്ചയിക്കുക.



കുറിപ്പ്: എബി കുര്യാക്കോസിന്റെ പ്രചാരണ യാത്രയിൽ എന്നോടൊപ്പം പങ്കുചേർന്ന ചിക്കാഗോയിലെ പ്രൊഫസർ തമ്പി മാത്യുവിനോടും ജോർജ്ജിയയിലെ ജോൺ വർഗീസിനോടും എന്റെ കൃതജ്ഞത രേഖപ്പെടുത്തുന്നു.


'indescribable yet truthful'
Lord Shiva's
Visit to a Home
In Edison, New Jersey, USA
Abhishek Mishra inspires
people to recognize the
existence of a 'Divine Power'
The Mishra Family welcomes visitors to learn about and
experience the spiritual miracle. Contact 1-732-690-0404

# ആവേശത്തിരയിളക്കി കൊമ്പ് കോർത്ത് മൂന്ന് മുന്നണികളും !

## ഹൂസ്റ്റണിൽ നടന്ന അങ്കത്തട്ട് @അമേരിക്ക ജനശ്രദ്ധ പിടിച്ചു പറ്റി

ജീമോൻ റാന്നി

ഹൂസ്റ്റൺ: 2026-ലെ കേരള നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി അമേരിക്കയിലെ ഹൂസ്റ്റണിൽ സംഘടിപ്പിച്ച 'അങ്കത്തട്ട് @അമേരിക്ക' രാഷ്ട്രീയ സംവാദം പ്രവാസി മലയാളികൾക്കിടയിൽ വലിയ ആവേശം സൃഷ്ടിച്ചു. മലയാളി അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ഹൂസ്റ്റണും (MAGH), ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക (IPCNA) ഹൂസ്റ്റൺ ചാപ്റ്ററും സംയുക്തമായി സ്റ്റാഫോർഡിലെ കേരളാ ഹൗസിലാണ് പരിപാടി സംഘടിപ്പിച്ചത്.

ആസന്നമായിരിക്കുന്ന കേരള നിയമസഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള പ്രചാരണം കേരളത്തിൽ ആവേശത്തിന്റെ അലയടികൾ ഉയർത്തിക്കൊണ്ട് മുന്നേറുമ്പോൾ അതിന്റെ പതിൻമടങ്ങു ആവേശവുമായിട്ടാണ് ഹൂസ്റ്റണിൽ ചൂടേറിയ ഇലക്ഷൻ ഡിബേറ്റ് നടന്നത്

അമേരിക്കയിലിരുന്നു ടിവി സ്ക്രീനുകളിൽ കാണുന്ന ഇലെക്ഷൻ ഡിബേറ്റുകളെയൊക്കെ വെല്ലുന്ന വാഗ്വാദങ്ങളും ചോദ്യോത്തരങ്ങളുമാണ് 3 മണിക്കൂർ നീണ്ടു നിന്ന അങ്കത്തട്ടിനെ വേറിട്ടതാക്കി മാറ്റിയത്.

മാർച്ച് 29 നു ഞായറാഴ്ച വൈകുന്നേരം മാഗിന്റെ ആസ്ഥാന കേന്ദ്രമായ കേരള ഹൗസിൽ വൈകുന്നേരം 6 മണിക്ക് ചടങ്ങുകൾ ആരംഭിച്ചു. ഇന്ത്യൻ - അമേരിക്കൻ ദേശീയ ഗാനാലാപനത്തോടെ ആരംഭിച്ച ഡിബേറ്റിനു IPCNA ഹൂസ്റ്റൺ ചാപ്റ്റർ പ്രസിഡണ്ട് ഫിന്നി രാജു സ്വാഗതം ആശംസിച്ചു.

തുടർന്ന് MAGH പ്രസിഡന്റ് റോയ് മാത്യു ആമുഖ പ്രസംഗം നടത്തി.






ഫോട്ബെൻഡ് കൗണ്ടി ഡിസ്ട്രിക്ട് ജഡ്ജ് സുരേന്ദ്രൻ പട്ടേലിന്റെ സന്ദേശത്തിനു ശേഷം മലയാള സിനിമാ സംവിധായകനും മാധ്യമ പ്രവർത്തകനുമായ ബൈജു കൊട്ടാരക്കര ഡിബെറ്റ് ഉത്ഘാടനം ചെയ്തു.

മാധ്യമ പ്രവർത്തകനായ സജി പുല്ലാട് ഹൂസ്റ്റണിലെ മികവുറ്റ എംസിമാരായ ഡോ. റെയ്ന റോക്ക്, ഡോ.സുബിൻ ബാലകൃഷ്ണൻ എന്നിവരെ വേദിയിലേക്ക് ക്ഷണിച്ചു. തുടർന്ന് പ്രമുഖ മാധ്യമ പ്രവർത്തകനായ അജു വാരിക്കാടിനെ അങ്കത്തട്ടിന്റെ മോഡറേറ്ററായി വേദിയിലേക്ക് ക്ഷണിച്ചു.

തുടർന്ന് മൂന്നു മുന്നണികളുടെ വക്താക്കളെ സംവാദ വേദിയിലേക്ക് ക്ഷണിച്ചു.

വിദ്യാർത്ഥി യുവജന രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ കൂടി വളർന്ന് അമേരിക്കയിലും പഴയ ആവേശം ഒട്ടും കൈവിടാതെ രാഷ്ട്രീയ പ്രവർത്തനമേഖലകളിൽ ശ്രദ്ധേയ വ്യക്തിത്വം കാത്തു സൂക്ഷിക്കുന്ന കരുത്തരായ മൂന്ന് മുന്നണി നേതാക്കളായ, അമേരിക്കയിലെ സാമൂഹ്യ സാമൂഹ്യ മാധ്യമ രംഗത്തെ നിറ സാന്നിദ്ധ്യങ്ങളായ ജീമോൻ റാന്നി (യുഡിഎഫ്) അക്കു കോശി (എൽഡിഎഫ്) ഹരി ശിവരാമൻ (എൻഡിഎ) എന്നിവർ വക്താക്കളായി പൊരിഞ്ഞ രാഷ്ടീയ സംവാദത്തിനു തിരി കൊളുത്തി.

മോഡറേറ്ററിന്റെ മൂർച്ചയേറിയ ചോദ്യങ്ങൾക്കു മുമ്പിൽ പതറാതെ മികച്ച രാഷ്ട്രീയ നേതാക്കളെ പോലെ കിടിലൻ മറുപടികൾ നൽകി മുന്നേറി കൊണ്ടിരുന്നപ്പോൾ നേതാക്കൾക്കു കട്ട സപ്പോർട്ടുമായി മുന്നണി പാനലിസ്റ്റുകളും ചർച്ചകൾക്ക് ചൂടും എരിവും നൽകി. പരസ്പരം കൊണ്ടും കൊടുത്തുമുള്ള സംവാദം, ഉരുളയ്ക്കുപ്പേരി പോലെയുള്ള മറുപടികൾ, ആരോപണ പ്രത്യാരോപണങ്ങൾ, സദസ്സിനോടും നിരവധി ചോദ്യങ്ങളും ഉത്തരങ്ങളും ഉത്തരം കിട്ടാത്ത ചോദ്യങ്ങളുമായി ആകെ കലുഷിത അന്തരീക്ഷം എന്ന് തോന്നിച്ചുവെങ്കിലും പരിമിതികൾകുള്ളി നിന്ന് കൊണ്ട് അങ്കത്തട്ടിന് ഒരു ചരിത്ര സംഭവമാക്കി മാറ്റാൻ സംഘാടകർക്ക് കഴിഞ്ഞു.

യുഡിഎഫിനെ പ്രതിനിധീകരിച്ചു തോമസ് ഒലിയാംകുന്നേൽ, ജോമോൻ ഇടയാടി, ജസ്റ്റിൻ ജേക്കബ്, സന്തോഷ് ഐപ്, ഡാനിയേൽ ചാക്കോ എന്നിവർ പാനലിൽ അണിനിരന്നപ്പോൾ അരവിന്ദ് അശോക്, സന്തോഷ് ദാസ്, ബാബു മുല്ലശ്ശേരി, ശ്യാംജിത് ജയദേവൻ, അജി ജോസഫ് കണ്ണമ്പാടം എന്നിവർ എൽഡിഎഫിനെയും രമാ പിള്ള, ജ്യോതിഷ്, സുനിൽ നായർ, രാജേഷ് നായർ, ഉണ്ണികൃഷ്ണൻ എന്നിവർ എൻഡിഎയും പ്രധിനിധീകരി













ച്ചു സംവാദത്തെ ആവേശത്തിന്റെ കൊടുമുടിയിൽ എത്തിച്ചു.

ഏപ്രിൽ 9 നു നടക്കുന്ന വോട്ടെടുപ്പിൽ വികസന പദ്ധതികളുമായി മുന്നേറുന്ന സർക്കാർ മൂന്നാം പ്രാവശ്യവും അധികാരത്തിലെത്തുമെന്നു എൽഡിഎഫ് വാദിച്ചപ്പോൾ മുഖ്യമന്ത്രിയുടെ ധാർഷ്ട്യഭരണത്തിന് അറുതി കുറിയ്ക്കുമെന്ന് യുഡിഎഫും വാദിച്ചപ്പോൾ ഈ പ്രാവശ്യം ഒരു നിർണായക ശക്തിയാകാൻ എൻഡിഎ (ബിജെപി) യ്ക്ക് സാധിക്കുമെന്നു പ്രത്യാശിക്കുന്നതായി അവരും വാദിച്ചു സമർത്ഥിച്ചു.

ഈ സംവാദത്തിന് മലയാളികൾ തിങ്ങിപ്പാർക്കുന്ന ഹൂസ്റ്റണിൽ വലിയ പ്രതികരണമാണ് ലഭിച്ചത്. മാഗ് ഓഡിറ്റോറിയം നിറഞ്ഞു കവിഞ്ഞപ്പോൾ ആയിരക്കണക്കിന് ആളുകൾ ലൈവ് സംപ്രേക്ഷണത്തിൽ കൂടി ഡിബേറ്റ് ആസ്വദിച്ചു.

ഇൻഡ്യ ഗേറ്റ് ഗ്രോസ്‌ഴ്സ് ബേക്കേഴ്സ് റെസ്റ്റോറന്റ് (ഗ്രാൻഡ് സ്‌പോൺസർ), ജെ. ഡബ്ല്യു വർഗീസ് (പ്രോംപ്റ്റ് റിയാൽറ്റി ആൻഡ് മോർട്ട്ഗേജ്) ഉമ്മൻ തോമസ് (റോയൽ ട്രാവൽ ആൻഡ് ടൂർസ്) ജീമോൻ റാന്നി (TWFG ചാണ്ടപ്പിള്ള മാത്യൂസ് ഇൻഷുറൻസ്) എന്നിവരായിരുന്നു ഇവന്റ് സ്‌പോൺസർമാർ.

മാഗ് സെക്രട്ടറി വിനോദ് ചെറിയാൻ നന്ദി അറിയിച്ചു.

ജോർജ് പോൾ (ഫ്‌ളവർസ് ടിവി) മോട്ടി മാത്യു (കൈരളി ടിവി) ഹാർവെസ്റ്റ് ടിവി, പ്രവാസി ചാനൽ, സൈമൺ വളാച്ചേരിൽ (നേർകാഴ്ച ന്യൂസ്), ഇ മലയാളി, NRI റിപ്പോർട്ടർ, ദക്ഷിൻ റേഡിയോ, ആശ റേഡിയോ തുടങ്ങിയ ദൃശ്യ മാ








ധ്യമ രംഗത്തെ പ്രമുഖർ സംവാദത്തിന് മികച്ച പിന്തുണ നൽകി. ഷിനു എബ്രഹാം സൗണ്ട്സ് സിസ്റ്റം നിയന്ത്രിച്ചു .

MAGH ബോർഡ് ഓഫ് ഡയറക്ടർസ് അംഗങ്ങളായ റോയ് മാത്യു, വിനോദ് ചെറിയാൻ, സുനിൽ തങ്കപ്പൻ, ഷിനു എബ്രഹാം, ജീവൻ സൈമൺ, സന്തോഷ് ആറ്റുപുറം, അനില സന്ദീപ്, ഡോ. സുബിൻ ബാലകൃഷ്ണൻ, അമ്പിളി ആന്റണി, ജിൻസ് മാത്യു, സാജൻ ജോൺ, ഡെന്നിസ് മാത്യു, ബിജു ശിവൻ, ട്രസ്റ്റീ ബോർഡ് ചെയർമാൻ ജോജി ജോസഫ്, അംഗം എസ്.കെ. ചെറിയാൻ, IPCNA നാഷണൽ സെക്രട്ടറി അനിൽ ആറന്മുള, ചാപ്റ്റർ ഭാരവാഹികളായ ഫിന്നി രാജു, ജീമോൻ റാന്നി, വിജു വർഗീസ്, മോട്ടി മാത്യു, സജി പുല്ലാട്, സൈമൺ വളാച്ചേരിൽ, ഡോ. റെയ്‌ന റോക്ക്, ജിജു കുളങ്ങര, അജു വാരിക്കാട്, ആൻസി ശാമുവേൽ, ജോർജ് പോൾ, ജെ.ഡബ്ളിയു. വർഗീസ് തുടങ്ങിയവരുടെ സാന്നിധ്യ സഹകരണം ഡിബെറ്റിന്റെ വൻ വിജയത്തിന് സഹായിച്ചു.

ഡിബേറ്റിനു ശേഷം വിഭവസമൃദ്ധമായ സ്നേഹ വിരുന്നും ഉണ്ടായിരുന്നു.


Promise, Through the Path of Trust
TEAM PROMISE
FOMAA 2026-28
Mathew Varghese
For President
Johnson Joseph
For Vice President
Anu Skariah
For Gen. Secretary
Reshma Ranjan
For Joint Secretary
Binoy Thomas
For Treasurer
Titto John
For Joint Treasurer
Please Requesting
Your Prayers and Support

# 'ജാനകി രക്ഷിക്കപ്പെട്ടു'



രാജു മൈലപ്രാ

പൊടിയൻ പുലയന്റെ മൂന്നാമത്തെ കെട്ടിയോളാണ് ജാനകി. ആദ്യ ഭാര്യ ഗൗരി പ്രസവത്തോടെ മരിച്ചു. ആ പ്രസവത്തിലുണ്ടായ മകനാണ് സുകമാരൻ. സുകുമാരനും ഞാനും സമപ്രായക്കാരാണ്. പൊടിയൻ പുലയൻ വളരെ സൗമ്യനായ ഒരു മനുഷ്യനായിരുന്നു. സദാ പുഞ്ചിരിക്കുന്ന മുഖം.

തള്ളിയില്ലാത്ത പൊടിക്കുഞ്ഞിനെ ഒറ്റയ്ക്ക് വളർത്തിയെടുക്കുവാൻ ഒരു പുരുഷന് പറ്റില്ലല്ലോ! അപ്പോഴാണ് ബന്ധുവായ നാണിത്തള്ള ഒരു നിർദേശം മുന്നോട്ടുവെച്ചത്.

'എടാ പൊടിയാ– നീയൊരു കാര്യം ചെയ്യ്. നിനക്കൊരു പെണ്ണുവേണം. ഇവിടെ എന്റെ പെൺകൊച്ച് ജാനകി വെറുതെ നിൽക്കുകയല്ലിയോ! അവക്കും ഒരു പൊടിക്കിടാവുണ്ട്. അവടെ കെട്ടിയോനാണെങ്കിൽ, കള്ളും കുടിച്ച്, കഞ്ചാവുമടിച്ച് കൂത്താടി, ഒരു തേവിടിശ്ശിയോടൊപ്പം തണ്ണിത്തോലിലെങ്ങാണ്ടാ പൊറുതി. നിന്റെ പൊടിക്കൊച്ചിന് മുല കൊടുക്കുവാൻ ഒരാളു വേണ്ടേ? തൽക്കാലം നീയാ പെണ്ണിനെ വിളിച്ചോണ്ടു പോ. ഒരു വീട് കുടുംബമാവണമെങ്കിൽ അവിടെ രണ്ടു മുലകൾ കൂടി വേണം'

നാണിത്തള്ളയുടെ ഇടപെടൽ പൊടിയൻ പുലയനു പിടിച്ചു. അങ്ങിനെ അയാളേക്കാൾ പത്തിരുപത് വയസ് പ്രായക്കുറവുള്ള ജാനകി, അയാൾക്കും പൊടിക്കുഞ്ഞിനും ഒരു തുണയായി, ഇണയായി കൂടെക്കൂടി.

ഒരു ചെറിയ ചെറ്റക്കുടിലിലായിരുന്നു അവരുടെ താമസം. ചെറ്റക്കുടിലിൽ താമസിക്കുന്നവരെ 'ചെറ്റകൾ' എന്നു വിളിക്കുന്ന ഒരു 'സംസ്കാരം' അന്നു തുടങ്ങിയിട്ടില്ലായിരുന്നു.

വലിയ 'പ്രൈവസി' ഒന്നുമില്ലെങ്കിൽതന്നെയും ചെറ്റക്കുടിലുകൾ സന്താനോല്പാദനത്തിന് ഒരിക്കലും ഒരു തടസമായിരുന്നില്ല. ഒരു കൂരക്കീഴിൽ തട്ടിയും മുട്ടിയും കഴിഞ്ഞ അവരുടെ ദാമ്പത്യ വല്ലരിയിൽ മുന്നു കുസുമങ്ങൾകൂടി വിരിഞ്ഞു.

ആ ഒരു കാലഘട്ടത്തിന്റെ

പ്രത്യേക സാമൂഹ്യ സാഹചര്യത്തിൽ, മൂന്നാം ക്ലാസിൽ വെച്ചുതന്നെ സുകുമാരൻ പഠനം നിർത്തി. എന്നാൽ ഒരേ ക്ലാസിൽ തന്നെ രണ്ടും മൂന്നും വർഷം പഠിക്കേണ്ടി വന്നതിനാൽ, മലയാള അക്ഷരമാലയൊക്കെ സുകുമാരന് ഹൃദിസ്ഥമായിരുന്നു.

പൊടിയൻ പുലയന്റെ പെണ്ണളൂട്ടി തങ്കയുടെ മകൾ തങ്കമണി, വകയിൽ സുകുമാരന്റെ മുറപ്പെണ്ണാണ്.

സുകുമാരൻ തന്റെ മനസ്സിൽ, തങ്കമണിക്കുവേണ്ടി സ്വപ്നംകൊണ്ടൊരു തങ്കക്കൊട്ടാരം തീർത്തിരുന്നു. എന്നാൽ പത്താം ക്ലാസിൽ തോറ്റെങ്കിലും, പാടത്ത് പണിയെടുക്കുവാൻ പോകാത്ത പരിഷ്കാരിയായ തങ്കമണി, പത്തനംതിട്ട 'പയനിയർ' ട്യൂട്ടോറിയൽ കോളജിൽ തന്റെ പഠനം തുടർന്നു.

തങ്കമണിയുടെ തിളങ്ങുന്ന സ്വപ്നങ്ങളിലെ നിഴലുകളിൽ പോലും സുകുമാരന്റെ സാന്നിധ്യം ഉണ്ടായിരുന്നില്ല.

സുകുമാരന്റെ വേദനിക്കുന്ന മനസ്സിനുള്ളിൽ ഒരു കവിഹൃദയമുണ്ടായിരുന്നു. തങ്കമണിയുടെ മുഖത്ത് ആസിഡ് ഒഴിക്കുവാനോ, കരിക്കിൻ വെള്ളത്തിൽ എലിവിഷം ചേർത്ത് അപായപ്പെടുത്താനോ ഉള്ള ആധുനിക കാമുക പ്രതികാര വിദ്യകളൊന്നും ആ ശുദ്ധമനസ്സിൽ ഇടംതേടിയില്ല.

പകരം തന്റെ മനസ്സിന്റെ വിങ്ങലുകൾ അയാൾ കവിതകളിലൂടെ കടലാസിൽ പകർത്തി.

'ആട്ടിടയനും കോളേജ് കുമാരി'യും എന്ന പേരിൽ ഒരു കവിത എഴുതി; അതിൽ തെറ്റുവല്ലതുമുണ്ടെങ്കിൽ തിരുത്തിക്കൊടുക്കണമെന്നു പറഞ്ഞ് എന്നെയേൽപിച്ചു. ഞാനൊരു പണ്ഡിതനാണെന്ന് ആ പാവം തെറ്റിദ്ധരിച്ചു കാണും. അന്നും ഇന്നും കവിതയുമായി എനിക്കൊരു ബന്ധവുമില്ല.

എന്തെങ്കിലും പറയാനുണ്ടെങ്കിൽ നേരേ ചൊവ്വേ അങ്ങു പറഞ്ഞാൽ പോരേ എന്ന പിന്തിരിപ്പൻ ചിന്താഗതിക്കാരനാണ് ഞാൻ. എന്തിന് കടിച്ചാൽ പൊട്ടാത്ത വാക്കുകൾ അവിടെയുമിവിടെയും അടുക്കിവെച്ച് വായനക്കാരെ ബുദ്ധിമുട്ടിക്കണം?



നേഴ്സിംഗ് പഠനത്തിനായി തങ്കമണി ബോംബെയ്ക്ക് പോയെന്നും, അവിടെവെച്ച് ദുരൂഹ സാഹചര്യത്തിൽ കൊല്ലപ്പെട്ടുവെന്നുമുള്ള ഒരു വാർത്ത പിൽക്കാലത്ത് കേട്ടിരുന്നു.

******* ******

ഒരു അവധിക്കാലത്ത് ഞാൻ നാട്ടിലുള്ളപ്പോൾ ജാനകി എന്നെ കാണാൻ വന്നിരുന്നു.

'എന്തുണ്ട് ജാനകി വിശേഷം?'

'ഒന്നുമില്ല കുഞ്ഞേ! വന്നിട്ടുണ്ടെന്ന് മൂലേക്കോണിലെ ജോയിച്ചായൻ പറഞ്ഞു. എന്നാൽ ഒന്നു കണ്ടേച്ചു പോകാമെന്ന് കരുതി'.

'കൈയിലെന്താ ഒരു പുസ്തകമിരിക്കുന്നത്?'

'ഓ, അതോ- വേദപുസ്തകമാണ്. ഞാനിവിടെ രക്ഷിക്കപ്പെട്ടപ്പോൾ തേവുപാറേ മറിയക്കുട്ടിയമ്മാമ്മ തന്നതാണ്. ഇത് എപ്പോഴും കൈയിൽ കൊണ്ടു നടക്കണമെന്നു പറഞ്ഞു'

ജാനകി എന്റെ മുന്നിൽ തറയിലിരുന്നു.

'എങ്ങിനെയാണ് ജാനകി രക്ഷിക്കപ്പെട്ടത് ?'

'എന്റെ പൊന്നു കുഞ്ഞേ! പറഞ്ഞാൽ വിശ്വസിക്കില്ല. ഞാനൊരു വെള്ളിയാഴ്ച

ദിവസം മൈലപ്രാ പഞ്ചായത്ത് പടിക്കൽ വരെ പോകാൻ ഇറങ്ങിയതാണ്. മണിയാറ്റു പടിക്കൽ ഒരു പാലമരം നിൽപ്പുണ്ടല്ലോ. ആ മരച്ചുവട്ടിൽ എത്തിയപ്പോൾ പെട്ടെന്ന് എന്റെ കണ്ണിന്റെ കാഴ്ച പോയി. പെട്ടെന്ന് ഇടി മുഴങ്ങുന്നതുപോലെ ഒരു ശബ്ദം. ഞാനാകെ പേടിച്ചുപോയി. അന്നു തുടങ്ങിയതാ ഈ വിറയൽ.'

'ജാനകീ, നീ പഞ്ചായത്ത് പടിക്കൽ പോകണ്ടാ, ആ വളവിനു തേവുപാറാ മറിയക്കുട്ടിയുടെ വീട്ടിൽ പ്രാർത്ഥന നടക്കുന്നുണ്ട്. ബാക്കി കാര്യം മറിയക്കുട്ടി സഹോദരി പറയും.'

പെട്ടെന്ന് എനിക്ക് കാഴ്ച തിര്യെ കിട്ടി. ആരോ എന്നെ പിടിച്ചുവലിച്ച് തേവുപാറ എത്തിച്ചു. അവിടെ കുറെ സഹോദരിമാർ പാട്ടുപാടി പ്രാർത്ഥിക്കുന്നുണ്ട്. സ്വർഗ്ഗത്തിൽ പോകണമെങ്കിൽ ഞാൻ രക്ഷിക്കപ്പെടണമെന്നു പറഞ്ഞു. മറിയക്കുട്ടിയമ്മാമ്മ പറഞ്ഞതൊക്കെ ഞാൻ ഏറ്റുപറഞ്ഞു. കർത്താവ് നിന്റെ പാപമെല്ലാം ക്ഷമിച്ചുവെന്നും, ഇനി നീ സ്വർഗ്ഗരാജ്യത്തിന് അവകാശിയായെന്നും പറഞ്ഞു. എന്നിട്ട് തന്നതാണ് ഈ വേദപുസ്തകം.....'

'ജാനകി എന്തു പാപമാണ് ചെയ്തത്?' ചില പുരോഹിതന്മാർ കുമ്പസാരത്തിനിടയിൽ കിഴിഞ്ഞ് ചോദിക്കുന്നതുപോലെ ഞാൻ ചോദിച്ചു.

'അതു പിന്നെ, നമ്മളെല്ലാം പാപികളായിട്ടാണ് ജനിച്ചതെന്നാണ് മറിയക്കുട്ടിയമ്മാമ്മ പറഞ്ഞത്.'

'ജാനകി വേദപുസ്തകം വായിക്കാറുണ്ടോ?'

'എന്റെ കുഞ്ഞേ! എനിക്ക് എഴുത്തും വായനയുമൊന്നും അറിയില്ല. പിന്നെ ഞാൻ എങ്ങനെ വായിക്കാനാണ്.'

'ആട്ടെ! സ്വർഗ്ഗത്തിൽ പോയതുകൊണ്ട് എന്താണ് ഗുണം?'

എന്നിലെ സാത്താൻ പത്തി വിടർത്തി.

'അവിടെ നമ്മൾക്ക് എപ്പോഴും ആനന്ദമാണ്. ദൈവത്തിന്റെ മുന്നിൽ സർവ്വ സമയവും കൈകൊട്ടി പാട്ടു പാടിക്കൊണ്ടിരിക്കാം. പിന്നീട് നമ്മൾ ഒരിക്കലും മരിക്കില്ല. നിത്യ ജീവൻ പ്രാപിക്കും'

'അപ്പോൾ അവിടെ തീനും, കുടിയും ഊണും, ഉറക്കവുമൊന്നുമില്ലേ?'

'അതിന്റെയൊന്നും ആവശ്യമില്ല എന്നാണ് മറിയക്കുട്ടിയമ്മാമ്മ പറഞ്ഞത്'.

(ഇതുപോലെ ചില മറിയക്കുട്ടിയമ്മാമ്മമാർ എല്ലാ സഭയിലുമുണ്ട്. പള്ളിയിൽ പോകും. എന്നാൽ പള്ളീലച്ചന്റെ പ്രാർത്ഥന അത്ര പോരാ എന്ന തോന്നലുകൊണ്ടാവാം, അവർ കുറച്ചു പെണ്ണുങ്ങൾ ചേർന്ന് അച്ചനറിയാതെ ഒരു ഗ്രൂപ്പുണ്ടാക്കും. 'പ്രെയർ ലൈൻ' എന്നൊരു ഫോൺ കൂട്ടായ്മയുണ്ട്. സ്വന്തം മക്കളുടെ കുറ്റങ്ങളും കുറവുകളുമെല്ലാം ഈ ഗ്രൂപ്പിൽ കൂടി വിളിച്ചു പറയും. എന്നിട്ട് വഴിതെറ്റിപ്പോയ ആ കുഞ്ഞാടുകൾക്കായി എല്ലാവരും കൂടി നെഞ്ചത്തടിച്ച് നിലവിളിച്ച് പ്രാർത്ഥിക്കും. അങ്ങിനെ സ്വന്തം പിള്ളാരെ സമൂഹത്തിൽ നാറ്റിക്കും.)

'നിന്റെ ദൈവമായ കർത്താവിന്റെ നാമം വൃഥാ ഉപയോഗിക്കരുത്' എന്ന തിരുവചനം പെട്ടെന്ന് ഓർമ്മ വന്നതുകൊണ്ട് ഞാൻ പിന്നീട് ജാനകിയോട് മറ്റ് ചോദ്യങ്ങളൊന്നും ചോദിച്ചില്ല.

'എന്നാൽ ഞാനിറങ്ങുവാ കുഞ്ഞേ! ഇനി എന്നെങ്കിലും കണ്ടാലായി'- ജാനകി എഴുന്നേറ്റു. ഞാൻ കൊടുത്ത ചെറിയ സംഭാവന രണ്ടു കണ്ണിലും മുട്ടിച്ച് മടിയിൽ തിരുകി.

'കുഞ്ഞിനെ ഭഗവാൻ അനുഗ്രഹിക്കും.....'

'ദേവീ.....എന്നു നീട്ടിവിളിച്ചുകൊണ്ട് ജാനകി യാത്രയായി. കഴിഞ്ഞ ആഴ്ച അവർ മരിച്ചുപോയി എന്ന വാർത്ത കേട്ടു.

പട്ടിണിയും, വിശപ്പും, ദാഹവുമൊന്നുമില്ലാത്ത ഒരു സ്വർഗ്ഗത്തിൽ അവർ ദൈവത്തിന്റെ മുന്നിൽ നാടൻ പാട്ടുകൾ പാടിക്കൊണ്ടിരിക്കുകയായിരിക്കും.

'കുറി വരച്ചാലും - കുരിശു വരച്ചാലും

കുമ്പിട്ടു നിസ്കരിച്ചാലും

കാണുന്നതും കേൾക്കുന്നതും ഒന്ന്


കരുണാമയനാം ദൈവം ഒന്ന്.....ദൈവം ഒന്ന്.....

എല്ലാവർക്കും ഈസ്റ്റർ - വിഷു ആശംസകൾ.!

CELEBRATING 30 Service & Commitment

# Blue Ocean
## Wealth Solutions

A member of the MassMutual Financial Group



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products
Short-term and Long-term Disability Insurance
Health Insurance*

### Group Health insurance
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference:
2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് (കചരഇ) യുഎസ് എ ഇലക്ഷൻ കൺവൻഷൻ രമേശ് ചെന്നിത്തല ഉദ്‌ഘാടനം ചെയ്തു




**ജോസഫ് ഇടിക്കുള**
(ഐഒസി, യുഎസ് എ ജനറൽ സെക്രട്ടറി)

ന്യൂ യോർക്ക് : ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് (IOC) യുഎസ് എ യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കേരളാ ഇലക്ഷൻ കൺവൻഷൻ ക്യാമ്പയിൻ ചെയർമാനും ഹരിപ്പാട് മണ്ഡലത്തിലെ യുഡിഫ് സ്ഥാനാർത്ഥിയുമായ രമേശ് ചെന്നിത്തല ഉദ്‌ഘാടനം ചെയ്തു, മാവേലിക്കരയിലെ യുഡിഫ് സ്ഥാനാർഥി മുത്താര രാജ് പ്രവർത്തകരെ അഭിസംബോധന ചെയ്തു സംസാരിച്ചു, ഏപ്രിൽ 9 ന് നടക്കുന്ന കേരളാ നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ ക്യാമ്പയിനിന്റെ ഭാഗമായി ലോകമെമ്പാടുമുള്ള കൊണ്ഗ്രെസ്സ് പ്രവർത്തകർ ഇന്ത്യൻ ഓവർസീസ് കൊണ്ഗ്രെസ്സ് എന്ന ബാനറിൽ ഒന്നിച്ചു ചേർന്ന് കേരളത്തിലെ യുഡിഫ് സ്ഥാനാർത്ഥികളെ വിജയത്തിലെത്തിക്കുന്നതിന് വേണ്ടി അക്ഷീണം പ്രവർത്തിക്കുന്നത് വളരെ ഊർജം നൽകുന്നുവെന്ന് രമേശ് ചെന്നിത്തല, വളരെ അനുകൂലമായ സാഹചര്യമാണ് ഇപ്പോൾ യുഡിഎഫിന് കേരളത്തിൽ നിലവിലുള്ളതെന്നും, തദ്ദേശ തിരഞ്ഞെടുപ്പിൽ യുഡിഫ് നേടിയ തിളക്കമാർന്ന വിജയം നിയമസഭാതിരഞ്ഞെടുപ്പിലും ആവർത്തിക്കുമെന്നും ഉറപ്പുണ്ടെന്ന് ശ്രീ രമേശ് ചെന്നിത്തല തന്റെ ഉദ്‌ഘാടനപ്രസംഗത്തിൽ പറഞ്ഞു, തുടർന്ന് മാവേലിക്കരയുടെ യുഡിഫ് സ്ഥാനാർഥി മുത്താര രാജ് പ്രവർത്തകരോട് സംസാരിച്ചു, വളരെ മികച്ച പ്രതികരണമാണ് തനിക്ക്







ജനങ്ങളിൽ നിന്ന് ലഭിക്കുന്നതെന്നും ഇത്തവണ മാവേലിക്കര കൊൺഗ്രെസ്സ് തിരിച്ചു പിടിക്കുമെന്നും മുത്താര രാജ് പ്രതീക്ഷ പങ്കുവച്ചു, എല്ലാവരുടെയും സഹായസഹകരണവും അദ്ദേഹം അഭ്യർത്ഥിച്ചു,

കേരളാ ഘടകം പ്രസിഡന്റ് സതീശൻ നായരുടെ അധ്യക്ഷപ്രസംഗത്തോട് കൂടി ആരംഭിച്ച യോഗത്തിൽ ചെയർമാൻ പോൾ കറുകപ്പള്ളി, ഐ ഓ സി നാഷണൽ വൈസ് ചെയർ ജോർജ് എബ്രഹാം, നാഷണൽ ജനറൽ സെക്രട്ടറി രാജീവ് മോഹൻ, ജനറൽ സെക്രട്ടറി ജോസഫ് ഇടിക്കുള, ട്രെഷറർ ഡോ. മാത്യു വർഗീസ്, മുൻ പ്രസിഡന്റ് ലീല മാരേട്ട്, മുൻ ചെയർമാൻ തോമസ് മാത്യു, വൈസ് ചെയർമാൻ ജയചന്ദ്രൻ, വൈസ് പ്രസിഡന്റുമാരായ സജി കരിമ്പന്നൂർ, തമ്പി മാത്യു, തോമസ് ഒലിയാംകുന്നേൽ, സന്തോഷ് കാപ്പിൽ, സന്തോഷ് നായർ, ജോസ് ചാരുംമൂട്, സന്തോഷ് എബ്രഹാം, സെക്രട്ടറിമാരായ കുര്യൻ വർഗീസ്, സൈമൺ വാളാച്ചേരിൽ, ജോർജ് ജെ കൊട്ടുകാപ്പള്ളി, ആന്റോ കവലയ്ക്കൽ, ട്രെഷറർ ഡോ. മാത്യു വർഗീസ്, ജോയിന്റ് ട്രഷറർ മോൻസി വർഗീസ്, ലീഗൽ അഡ്വൈസർ മാത്യു വൈരമൺ, റേച്ചൽ വർഗീസ്, ശാലു പുന്നൂസ്,ചെറിയാൻ കോശി, സൂസമ്മ ആൻഡ്രൂസ്,ഉഷാ ജോർജ്, ജോൺ വർഗീസ് കാനഡയിൽ നിന്ന് പ്രസിഡന്റ് സന്തോഷ് പോൾ, റെനിൽ, അനൂപ് നായർ മിജിലേഷ് വാഴപ്പള്ളിൽ എ ഖാദർ, ഓസ്ട്രേലിയയിൽ നിന്ന് ബിനു, ടിറ്റോ ന്യൂ ജേഴ്‌സി പ്രസിഡന്റ് ജെയിംസ് ജോർജ്, ചെയർമാൻ ബിജു വലിയകല്ലുങ്കൽ, ജസ്റ്റിൻ ജേക്കബ് (ഹ്യുസ്റ്റൻ) ജോഫി ജേക്കബ്, മാത്യു നൈനാൻ (ഡാളസ്), എലിയാസ് പോൾ, ഡാനിയേൽ, ചാക്കോ കുര്യൻ (ഫ്ലോറിഡ) വിഭാ ജോസഫ് (അറ്റ്ലാന്റ) ബൈജു, സോണി തോമസ്, അജി കോട്ടായിൽ ബിജു കുര്യൻ, എം വി ജോർജ്,ഷെറിൻ, സജി, ജോൺ വർഗീസ്,അലൻ ജോൺ, അജയ് അലക്സ്, ബേബി ഫിലിപ്പ്, ഷാന്റി വർഗീസ്, സാം മത്തായി മാധ്യമ പ്രവർത്തകരായ പി പി ചെറിയാൻ,എ സി ജോർജ് തുടങ്ങി വിവിധ മേഖലകളിൽ നിന്ന് അനേകം കോൺഗ്രസ് പ്രവർത്തകർ ടീം യൂ ഡി എഫിന് ആശംസകൾ അർപ്പിച്ചു.




Shirley A. Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us
www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
We are recognized for disciplined underwriting, deep zoning and redevelopment expertise, and decisive execution.

# 'മരണം വാതിലിൽ തട്ടുമ്പോഴും, പ്രതീക്ഷയുടെ ദീപം അണയാതെ കാക്കുന്ന കൈകളാണ് നേഴ്സിന്റേത്."






**മനു ഫിലിപ്പ്, പുത്തൻകുരിശു**

നേഴ്സുമാരുടെ സമരം ഫലം കണ്ടുവെന്ന് ആശ്വസിച്ച് നിൽക്കുന്ന വേളയിലാണ്, അവർ വീണ്ടും സമരരംഗത്തേക്ക് ഇറങ്ങിയെന്ന വാർത്ത പത്രത്തിലൂടെ അറിയുന്നത്. ഞാൻ നേഴ്സുമാരുടെ വക്കാലത്ത് ഏറ്റെടുത്ത ഒരാളല്ല. എന്നാൽ 3/19/26ലെ കേരളാ എക്സ്പ്രസ്സിൽ പ്രസിദ്ധീകരിച്ച ''കരുണയുടെ സേവനകരങ്ങളെ ലാഭത്തിന്റെ തുലാസിൽ തൂക്കരുതേ!'' എന്ന എന്റെ ലേഖനത്തിൽ, മതസ്ഥാപന ങ്ങളായ ആശുപത്രികളും സർക്കാരും അവരുടെ വേതന വിഷയത്തിൽ കാണിക്കുന്ന അനാസ്ഥയെ ഞാൻ ചൂണ്ടിക്കാട്ടിയിരുന്നു. സമരമുഖത്ത് നിൽക്കുന്നവരോട് എനിക്ക് പറയാനുള്ളത് നിങ്ങളെ തോല്പിക്കാൻ നിങ്ങൾക്ക് മാത്രമേ സാധിക്കു. അതുകൊണ്ട് നിങ്ങൾ നിങ്ങളോടു തന്നെ പറയേണ്ടത് ''തോൽക്കാൻ എനിക്കു മനസില്ല'' എന്ന ദൃഢനിശ്ചയം ആയിരിക്കട്ടെ. ന്യായമായ ആവശ്യങ്ങൾക്ക് മാന്യമായ രീതിയിൽ പ്രതികരിക്കുന്നത് തെറ്റല്ല. സർക്കാരിനും മത മാനേജ്മെന്റുകൾക്കും ചെവിയുണ്ടെന്ന കാര്യം കൊണ്ട് മാത്രം അവർ കേൾക്കണമെന്നില്ല; കാരണം കേൾക്കാനുള്ള മനസ്സാണ് നിർണായകം. ചിലർക്ക് കേൾക്കാൻ താൽപ്പര്യമില്ലാത്തതും സത്യമാണ്. ഒരു കാലത്ത് ഇന്ത്യയിൽ വേതനപരമായി ഏറ്റവും അവഗണിക്കപ്പെട്ടിരുന്ന മൂന്ന് വിഭാഗങ്ങൾ ഉണ്ടായിരുന്നു, സൈനികർ, അധ്യാപകർ, നേഴ്സുമാർ. രാത്രിയുടെ ഇരുട്ടിലും ജാഗരിക്കുന്ന സൈനികർ; നമ്മുടെ ഉറക്കത്തിന് പിന്നിൽ അവരുടെ ഉറക്കമില്ലായ്മയുടെ നിശ്ശബ്ദ കഥകൾ ഒളിഞ്ഞിരിക്കുന്നു. സ്വന്തം ജീവനെ പണയം വെച്ച് അവർ രാജ്യത്തിന്റെ അതിരുകൾ കാത്തുസൂക്ഷിക്കുന്നു; അവരുടെ രക്തത്തിന്റെ ചൂടിലാണ് സ്വാതന്ത്ര്യത്തിന്റെ ദീപം ജ്വലിക്കുന്നത്. രാജ്യസുരക്ഷയ്ക്കായി കൊടും തണുപ്പത്തും കാവലിരിക്കുന്ന സൈനികരുടെ ത്യാഗം നമുക്ക് വിസ്മരിക്കാനാവുമോ? (ഇന്ന് അവരുടെ വേതനത്തിൽ മാറ്റം വന്നിട്ടുണ്ടെന്നത് ആശ്വാസകരമാണ്.) അധ്യാപകൻ വെറും അറിവ് പകർന്നുനൽകുന്നവനല്ല; അവൻ ഭാവിയെ രൂപപ്പെടുത്തുന്ന ശില്പിയാണ്. കുട്ടികളുടെ മനസ്സുകളിൽ സ്വപ്നങ്ങളും മൂല്യങ്ങളും വിതച്ച്, ഒരു നല്ല സമൂഹത്തിന്റെ അടിത്തറ പാകുന്നവൻ. വിദ്യാർഥികളെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നവൻ. അവന്റെ ശബ്ദത്തിൽ നാളെയുടെ രാഷ്ട്രത്തിന്റെ നാദമുണ്ട്. ജീവിതം പരീക്ഷകളുടെയും മാർക്കുകളുടെയും പരിധിയിൽ ഒതുങ്ങുന്നതല്ലെന്ന് വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തുന്നവരാണ് അവർ. നേഴ്സുമാർ മനുഷ്യജീവിതത്തിന്റെ നിശ്ശബ്ദ രക്ഷാധികാരികൾ. വേദനയു

ടെയും ഭീതിയുടെയും ഇടയിൽ അവർ കരുണയുടെ കൈ നീട്ടുന്നു. അവർ വേദന ശമിപ്പിക്കുകയും, ജീവന്റെ തീ വീണ്ടും തെളിയിക്കുകയും ചെയ്യുന്നു. ഇവരുടെയൊക്കെ ത്യാഗപൂർണമായ സേവനമല്ലേ നമ്മുടെ സമൂഹത്തെ സമത്വത്തിലും സുരക്ഷയിലും സുഗമമായി മുന്നോട്ട് നയിക്കുന്നത്?

''ഒരു നേഴ്സിന്റെ ഒരു ദിവസം'' നമ്മെ ഒരു ഗൗരവമുള്ള സത്യത്തിലേക്ക് കൈപിടിച്ചുനയിക്കുന്നു. ഇതിൽ പറയുന്നത് എല്ലാ ദിവസത്തെയും സംഭവമാകണമെന്നില്ല; എന്നാൽ അതിലും കുറവല്ല അവർ ഓരോ ദിവസവും നേരിടുന്ന അനുഭവങ്ങൾ. മുപ്പതിലധികം വർഷങ്ങൾ ആശുപത്രി ജീവിതത്തിൽ ചിലവഴിച്ചു റിട്ടയർമെന്റിനു ശേഷവും സന്നദ്ധസേവകനായി പ്രവർത്തിക്കുന്ന ഒരാളെന്ന നിലയിൽ ആധി കാരികമായ നിലയിൽ എനിക്ക് പറയുവാൻ കഴിയും. സാങ്കേതികവിദ്യയും വൈദ്യശാസ്ത്രവും എത്ര മുന്നേറിയാലും, കരുണയും സഹാനുഭൂതിയും തന്നെയാണ് ജീവിതത്തെ നിലനിർത്തുന്ന യഥാർത്ഥ ശക്തികൾ. അവരുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്, സേവനം ഒരു കടമ മാത്രമല്ല, അത് ഒരു ദൈവികാനുഭവമാണ്. ഓരോ നേഴ്സും, ഓരോ ദിവസവും, അനവധി കഥകളുടെ നിശ്ശബ്ദ നായകരാണ്. അവരുടെ ത്യാഗം പലപ്പോഴും കാണപ്പെടാതെ പോകും; അവരുടെ വേദന പറയപ്പെടാതെ പോകും. എന്നാൽ അവരുടെ സ്പർശം അനവധി ജീവിതങ്ങളിൽ മായാത്ത അടയാളങ്ങൾ പതിപ്പിക്കുന്നു. ഈ ലോകം ഇന്നും കരുണയിൽ നിലനിൽക്കുന്നുവെങ്കിൽ, അതിൽ വലിയൊരു പങ്ക് ഈ സമർപ്പിത നേഴ്സുമാരുടേതാണ്. എന്തിനും ഏതിനും അനുഭവമില്ലാതെ പ്രതികരിക്കുന്നവർ ഉണ്ടാകും. എന്നാൽ അനുഭവത്തിന്റെ തീച്ചൂളയിൽ കയറിയിറങ്ങിയാൽ മാത്രമേ യാഥാർത്ഥ്യത്തിന്റെ ആഴവും തീവ്രതയും മനസ്സിലാകൂ.

അമേരിക്കയിലെ ഒരു തിരക്കേറിയ ആശുപത്രിയിലെ 36 രോഗികളുള്ള ടെലിമെട്രി യൂണിറ്റിൽ ജോലി ചെയ്യുന്ന ഏഴ് നഴ്സുമാരിൽ ഒരാളായ സമർപ്പിത നേഴ്സിന്റെ ''ഒരു ദിവസം'' ഇവിടെ വരച്ചുകാട്ടു കയാണ്. അവൾക്ക് ഞാൻ ''ജെസ്സി'' എന്ന പേര് നൽകുന്നു. ഒരു സാധാരണ ദിനമായി അത് ആരംഭിച്ചു. പക്ഷേ ഒരു നേഴ്സിന്റെ ജീവിതത്തിൽ ''സാധാരണ'' എന്നൊരു വാക്ക് ഇല്ല. സൂര്യോദയത്തിന് മുമ്പേ വീട്ടിലെ കാര്യങ്ങൾ തീർത്ത്, വേഗത്തിൽ കാറോടിച്ച് 6:38-ന് മുൻപ് പഞ്ച് ചെയ്യേണ്ട അത്യാവശ്യത്തോടെ അവൾ എത്തുന്നു. രാത്രി ഷിഫ്റ്റ് ഇപ്പോഴും അവസാനിച്ചിട്ടില്ല; എങ്കിലും റിപ്പോർട്ട് സമയത്ത് തന്നെ. ടെലിമെട്രി ഫ്ലോറിൽ ഒരു നേഴ്സിന് അഞ്ചു രോഗികൾ. രാത്രി നേഴ്സ് അതാത് റൂമിൽ കൊണ്ടുപോയി ഓരോ രോഗിയെയും വിശദമായി പരിചയപ്പെടുത്തി കൊടുക്കുന്നു. ആശുപത്രിയുടെ വാതിൽ കടക്കുമ്പോൾ തന്നെ, ജെസ്സി തന്റെ വ്യക്തിപരമായ ലോകം പുറത്തുവെച്ച്, മറ്റുള്ളവരുടെ ജീവിതത്തിന്റെ ചുമതല ഏറ്റെടുക്കുന്നു. പ്രതീക്ഷ നഷ്ടപ്പെടുന്ന നിമിഷം ജീവനും ജീവിതത്തിനും അർത്ഥമില്ലാതെയാകും. രാവിലെ സ്ലോമോഷനിൽ നിന്ന്, ചാർലി ചാപ്ലിൻ സിനിമയിലെ ഓട്ടം പോലെ ദിനം, പെട്ടെന്ന് വേഗം പിടിക്കുന്നു. ഓരോ മുറിയും ഒരു കഥയാണ്. ഒരാൾ ഓപ്പൺ ഹാർട്ട് സർജറിയ്ക്ക് ശേഷം ജീവന്റെ അറ്റത്തും പ്രതീക്ഷയുടെ അരികിലും. അടുത്തയാൾ അൽഷിമേഴ്സ് രോഗി, മറവിയുടെ ഇരുണ്ട ലോകത്തിൽ ഒറ്റപ്പെട്ട വൃദ്ധൻ. സ്വന്തം മകളെ പോലും തിരിച്ചറിയുന്നില്ല തന്റെ പേര് പോലും ഓർക്കാൻ കഴിയാത്ത അവന്റെ കണ്ണുകളിൽ ഒരു കുഞ്ഞിന്റെ ഭയം. ജെസ്സി അവന്റെ കൈ പിടിച്ച്, ഒരു അമ്മ കുഞ്ഞിനെ ആശ്വസിപ്പിക്കുന്ന പോലെ, മൃദുവായി പറഞ്ഞു: ''ഞാൻ ഇവിടെ തന്നെയുണ്ട്...', എന്നിട്ടു അവരെ നോക്കി പുഞ്ചിരിച്ചു. ആ പുഞ്ചിരിയിൽ ആയിരം വാക്കുകളുണ്ടാ യിരുന്നു. അത് ഏതൊരു മരുന്നിനേക്കാൾ ശക്തമായ ചികിത്സയായിരുന്നു. അവൾ അവനെ ഭക്ഷിപ്പിച്ചു, അവന്റെ അസ്വസ്ഥതകളെ സഹനത്തോടെ കൈകാര്യം ചെയ്തു, ഓരോ ചോദ്യവും ആദ്യമായിട്ട് കേൾക്കുന്നപോലെ മറുപടി നൽകി. അതാണ് നേഴ്സിംഗ്. ഒരേ വേദനയ്ക്ക് ആയിരം പ്രാവശ്യം മറുപടി പറയുന്ന ക്ഷമ. മൂന്നാമത്തെയാൾ ചെറുപ്പക്കാരിയായ ഡ്രഗ് അഡിക്റ്റായ ബേക്കർ ആക്ട് പേഷ്യന്റാണ്, മാനസിക വെല്ലുവിളികൾ നേരിടുന്ന ഒരാൾ ആശയക്കുഴപ്പത്തിലും ഭയത്തിലും പൊരുതുന്നു. നാലാമത്തെയാൾ ക്രിമിനൽ തടവുകാരനാണ്, പോലീസ് കാവലോടെ എത്തിച്ച ഒരു കുറ്റവാളി രോഗി, അവളുടെ ചെറുപ്പകാലം വളരെ മോശമായിരുന്നു. അഞ്ചാമത്തെയാൾ നല്ല പ്രായമുള്ള സാമാന്യം തടിച്ച ഒരു സ്ത്രീയാണ്, അവർ വീഴുവാൻ സാധ്യതയുള്ളതിനാൽ പ്രത്യേക ശ്രദ്ധ കൊടുക്കേണ്ട യാളാണ്. വീഴ്ചകൾ ഒഴിവാക്കാൻ കെട്ടിയിടുമായിരുന്നു. എന്നാൽ ചില സംഭവങ്ങളുടെ വെളിച്ചത്തിൽ ഇപ്പോൾ



അങ്ങനെ ചെയ്യുവാൻ ഇവിടെ അനുവാദമില്ല. ഒരിടത്ത് മരുന്ന് നൽകുന്നു, മറ്റൊരിടത്ത് ആശ്വസിപ്പിക്കുന്നു, മറ്റൊരിടത്ത് ജീവൻ രക്ഷിക്കാൻ സമയത്തോട് പോരാടുന്നു. ഇവരെല്ലാവരും കാർഡിയാക് പ്രോബ്ലം ഉള്ളവരുമാണ്. എല്ലാ റൂമിലും കയറിയിറങ്ങി റിപ്പോർട്ട് എടുത്തു ജോലി തുടങ്ങുവാൻ പോകുമ്പോഴേക്കും അതാ ഒരു അനൗൺസ്മെന്റ് വരുന്നു എല്ലാ നേഴ്സസും നേഴ്സിങ് സ്റ്റേഷനിൽ ഉടൻ റിപ്പോർട്ട് ചെയ്യണം പോലും. രാവിലത്തെ ഒരു നേഴ്സിന്റെ ഭവനത്തിൽ നിന്ന് ഒരു എമർജൻസി കാൾ വന്നു, അവരുടെ രോഗികളെ എല്ലാവർക്കും ഓരോ രോഗികളെയ്ക്കൂടി എടുക്കണം. ഭാഗ്യത്തി ന് ജെസ്സിക്ക് കിട്ടിയ രോഗി സ്വന്തമായി കാര്യങ്ങൾ ചെയ്യുവാൻ കഴിയുന്ന ഒരാളായിരുന്നു.

ഓരോ നേഴ്സിന്റെയും ദിവസം പലപ്പോഴും അലാറങ്ങൾക്കിടയിൽ കടന്നുപോകുന്നു. അങ്ങനെയിരിക്കെ അതാ ഒരു ''കോഡ് ബ്ലൂ''. ആ വിളി ഉയർന്നാൽ, അത് മരണത്തോട് നേരിട്ടുള്ള ഏറ്റുമുട്ടലാണ്. ഓരോ സെക്കൻഡും നിർണായകമാണ്; ഓരോ നീക്കവും കൃത്യമായിരിക്കണം. സാധാരണയായി റൂം നമ്പർ പറയാറില്ല അതുകൊണ്ടു എല്ലാവരും ആളുകൾ കൂടി നിൽക്കുന്ന ഇടത്തേക്ക് ഓടും. ആശുപ ത്രിയിൽ ഓടുവാൻ അനുവാദമുള്ള ഒരേ സമയം ''കോഡ്' വിളിക്കുമ്പോൾ മാത്രമാണ്. റെസ്പ്പിറ്റോറി, ഇ.ആർ ഡോക്ടർ, സെക്യൂരിറ്റി എല്ലാവരും തന്റെ രോഗിയുടെ മുറിയിലേയ്ക്കാണെന്നു മനസിലായി. കറാഷ് കാർട്ടുമായി ഓടുമ്പോൾ രാവിലെ ഒരു കാപ്പി പോലും കുടിക്കുവാൻ കഴിഞ്ഞില്ലല്ലോ എന്ന് ചിന്തിച്ചില്ല. ഹൃദയം പട പട അടിക്കുന്നു, എന്നാൽ കൈകൾ വിറയ്ക്കുന്നില്ല. കാരണം അവൾക്കറിയാം, ആരോ ഒരാളുടെ ജീവിതം അപകടത്തിലാണ്. ''കോഡ് ബ്ലൂ!'' അത് ഒരു വിളിയല്ല, അത് മരണത്തിന്റെ വാതിൽ തുറക്കുന്ന ശബ്ദമാണ്. അവളുടെ ശരീരം ചിന്തിക്കാതെ ഓടിത്തുടങ്ങി. മുറിക്കുള്ളിൽ കയറുമ്പോൾ, ആ രോഗി ഹൃദയമിടിപ്പ് നഷ്ടപ്പെട്ട് കിടക്കുന്നു. സമയം ഇവിടെ നിശ്ചലമാണ്, പക്ഷേ ഓരോ സെക്കന്റും ജീവൻ നഷ്ടമാകുകയാണ്. റെസ്പ്പിറ്റോറി, ഉടൻ തന്നെ സി.പി.ആർ ആരം ഭിക്കുന്നു, നെഞ്ച് അമർത്തലുകൾ, ''ഒന്ന്... രണ്ട്... മൂന്ന്...' ഒരു റിതത്തിൽ, ഒരു പ്രാർത്ഥന പോലെ. മറ്റൊരാൾ ഡിഫിബ്രിബ്ലേറ്റർ തയ്യാറാക്കുന്നു. 'Clear!" വൈദ്യുതി ശരീരത്തിലൂടെ കടന്നുപോകുന്നു. ഓരോ ഷോക്കും ഒരു പ്രതീക്ഷയാണ്. മോണിറ്ററിൽ ഒരു വരി. നേരായ, നിശ്ശബ്ദമായ ഒരു വരി, അത് വീണ്ടും തരംഗമാകുമോ എന്ന പ്രതീക്ഷയിൽ എല്ലാവരും നോക്കുന്നു. ആദ്യത്തെ റെസ്പ്പിറ്റോറി നിർത്തുന്നില്ല. അവളുടെ കൈകൾ വേദനിക്കുന്നു, ശ്വാസം കഠിനമാകുന്നു, പക്ഷേ അടുത്തയാൾ പോരാടുന്നു കാരണം എല്ലാവർക്കും അറിയാം, ഇവിടെ തോൽവി ഒരാളുടെ ജീവിതത്തിന്റെ അവസാനമാണ്. പുറത്തു നിന്നവർ എത്തിനോക്കി, ചലനമില്ലാതെ അപ്പൻ. സിനിമയിലൊക്കെ കണ്ട് പരിചയമുള്ള ECG മോണിറ്ററിൽ വര നേരെയായി. ഡോക്ടറുടെ നിർദ്ദേശാനുസരണം വീണ്ടും നെഞ്ചിൽ ശക്തമായി ഇടിച്ചു തുടങ്ങി. മറ്റൊരു അനുബന്ധ ചടങ്ങ് എന്ന് മാത്രമേ കരുതിയുള്ളു. ആ മനുഷ്യൻ കണ്ണ് തുറന്നു. ഏതോ കൃപയുടെ കടാക്ഷവും മനുഷ്യൻറെ ഇച്ഛാശക്തിയും ചേർന്ന് വിട്ടുപോകാൻ തുടങ്ങിയ ഒരു പ്രാണനെ തിരിച്ചു പിടിച്ചു. എന്തായാലും രോഗിയെ രക്ഷപ്പെടുത്തുവാൻ കഴിഞ്ഞതിൽ ആശ്വാസമായി. ഏകദേശം രണ്ടു മണിക്കൂർ പോയിക്കിട്ടി. ഈ ജോലിയുടെ ആഴത്തിൽ ഒരു ദാർശനിക സത്യം ഒളിഞ്ഞിരിക്കുന്നു, മനുഷ്യജീവിതം എത്ര നിസ്സാരവും ഒരേ സമയം എത്ര വിലപ്പെട്ടതുമാണ്. ഓരോ ശ്വാസവും ഒരു അത്ഭുതമാണ്; ഓരോ ഹൃദയമിടിപ്പും ഒരു അനുഗ്രഹം. നേഴ്സ് ഈ സത്യത്തിന്റെ സാക്ഷിയാണ്. അവൾക്ക് ജീവിതത്തിന്റെ നിസ്സാരതയും മഹത്വവും ഒരുമിച്ച് അനുഭവിക്കാൻ കഴിയുന്നു. അതുകൊണ്ടാണ് അവളുടെ ജോലി ഒരു ശമ്പളത്തിനായുള്ള ശ്രമമല്ല; അത് ഒരു ആത്മീയ സേവനമാണെന്ന് പറയുന്നത്. അതിനിടയിൽ ''ഗ്രേ അലർട്ട്'', അക്രമാസക്തനായ മറ്റൊരു നേഴ്സിന്റെ രോഗി, സുരക്ഷയും കരുണയും ഒരുമിച്ച് കൈകാര്യം ചെയ്യേണ്ട ഒരു അതീവ സൂക്ഷ്മ സാഹചര്യമാണ്. ഇവിടെ അവൾ ഒരു പരിചാരക മാത്രമല്ല; അവൾ ഒരു സമാധാന ദൂതിയാണ്, ഒരു രക്ഷാകർത്താവാണ്. ഈ തിരക്കിനിടയിൽ അവൾക്ക് സ്വന്തം ശരീരം പോലും ഓർമ്മിക്കാൻ സമയം കിട്ടാറില്ല. ഭക്ഷണത്തിനുള്ള ഇടവേളകൾ പലപ്പോഴും ഒരു സ്വപ്നം പോലെ മാത്രം. കഫീൻ നിറഞ്ഞ ഒരു കാപ്പി കപ്പ് പോലും തണുത്തുപോകും മുമ്പ് കുടിക്കാൻ സാധിക്കാതെ പോകും. അവളുടെ കാലു കൾ വേദനിക്കുന്നു, കണ്ണുകൾ ക്ഷീണിക്കുന്നു,



പക്ഷേ അവളുടെ ആത്മാവ് പിന്നോട്ടില്ല. കാരണം അവൾക്കറിയാം, ഈ വേദനയ്ക്കപ്പുറം ഒരാളുടെ രക്ഷയുണ്ട്, ഒരു കുടുംബത്തിന്റെ പ്രതീക്ഷയുണ്ട്. ദിവസം നീളുമ്പോൾ, അവൾ മനുഷ്യവേദനയുടെ എല്ലാ രൂപങ്ങളും കാണുന്നു, ഭയം, പ്രതീക്ഷ, നിരാശ, സന്തോഷം, വിടപറയൽ. ചിലപ്പോൾ അവൾ ഒരു കുടുംബത്തിന് ദുഃഖവാർത്ത പറയേണ്ടിവരും; ചില പ്പോൾ അവൾ ഒരു രോഗിയുടെ കൈ പിടിച്ച്, അവന്റെ അവസാന നിമിഷങ്ങളിൽ ഒറ്റപ്പെടലില്ലാതെ ഇരിക്കാൻ സഹായിക്കും. ഇവിടെ സമയം ഒരു വ്യത്യസ്ത അളവിലാണ് ഒഴുകുന്നത്. ചില നിമിഷങ്ങൾ അനന്തതയായി നീളുന്നു, ചില മണിക്കൂറുകൾ ഒരു നിമിഷം പോലെ കടന്നുപോകുന്നു.

രാവിലത്തെ ബ്രേക് കിട്ടിയില്ല, തന്റെ ലഞ്ച് സമയം എഴുതിയിട്ടിരിക്കുന്നതു 1:30 പി. എമ്മിനാണ്. അതിനിടയിൽ അതാ മറ്റൊരു അലാറം. തന്റെ ഒരു വീഴ്ച മുൻകരുതൽ രോഗി കിടക്കയിൽ നിന്ന് വീണു. ഒരു നിമിഷം പോലും വൈകിയില്ല. അവൾ ഓടി, നിലത്ത് കിടക്കുന്ന രോഗിയുടെ ശരീരം, ചലനമില്ലാതെ, ശബ്ദമില്ലാതെ. അവൾ അവരുടെ പൾസ് പരിശോധിക്കുന്നു, കണ്ണുകൾ പ്രതികരിക്കുന്നുണ്ടോ എന്ന് നോക്കുന്നു. അവളുടെ ഉള്ളിൽ ഒരു ഭയം ഉയരുന്നു, പക്ഷേ പുറത്തേക്ക് അത് കാണിക്കാനാവില്ല. അവൾ സഹായം വിളിക്കുന്നു, സ്റ്റാഫ് എത്തുന്നു, രോഗിയെ സ്ട്രെച്ചറിലേക്ക് മാറ്റുന്നു. ഇപ്പോൾ അവൾക്ക് രണ്ട് ലോകങ്ങൾ കൈകാര്യം ചെയ്യണം, ജീവൻ രക്ഷയും നിയമപരമായ ഉത്തരവാദിത്വവും. സ്റ്റാറ്റ് എം.ആർ.ഐയ്ക്ക് തയ്യാറാക്കൽ, ഓരോ സെക്കന്റും വിലപ്പെട്ടതാണ്. അവൾ ഫോമു കൾ പൂരിപ്പിക്കുന്നു, വൈറ്റൽസ് നിരീക്ഷിക്കുന്നു, കുടുംബത്തെ അറിയിക്കുന്നു. എം.ആർ.ഐ മെഷീനിന്റെ അകത്ത് രോഗി മറഞ്ഞുപോകുമ്പോൾ, അവൾ പുറത്തുനിന്ന് നോക്കുന്നു. അവളുടെ ഹൃദയം അവിടെ തന്നെയുണ്ട്. ഫലം വരുന്നു, അകത്തെ രക്തസ്രാവം. അവളുടെ മനസ്സ് ഒരു നിമിഷം ശൂന്യമായി. ''ഇത് ഗുരുതരമാണ്...' എന്നാൽ അവൾ തകർന്നുപോകുന്നില്ല. അവൾ വീണ്ടും പ്രവർത്തനത്തിലേക്ക് തിരിയുന്നു. സ്റ്റാഫിലെ ചിലർ ഭക്ഷണം കഴിക്കാൻ നിർബന്ധിച്ചുവെങ്കിലും കഴിയ്ക്കു വാനുള്ള വിശപ്പു കെട്ടു പോയിരുന്നു. ഏകദേശം 5:30-നോട് രോഗി മരിച്ചു. പക്ഷേ കഥ ഇവിടെ അവ സാനിക്കുന്നില്ല. അവളുടെ ജോലി ഇപ്പോഴും തുടരുന്നു. ഇൻസിഡന്റ് റിപ്പോർട്ട്, ഓരോ വിശദാംശവും രേഖപ്പെടുത്തണം. സമയം, സാഹചര്യങ്ങൾ, ഇടപെടലുകൾ, എല്ലാം കൃത്യമായി. കാരണം ഈ സംഭവം ഇനി ആശുപത്രിയുടെ ചുമരുകൾക്കപ്പുറം പോകും. നിയമത്തിന്റെ മുമ്പിലേക്ക്. കോടതിയിൽ അവൾക്ക് ചോദ്യം ചെയ്യലുകൾ നേരിടേണ്ടി വരും. ''എന്തു കൊണ്ട് വീണു?'' ''എന്ത് മുൻകരുതലുകൾ എടുത്തു?'' ഓരോ ചോദ്യവും ഒരു ഭാരമാണ്. അവൾ ഒരേസമയം ഒരു പരിചാരകയും, ഒരു യോദ്ധാവും, ഒരു സാക്ഷി യും, ചില പ്പോൾ ഒരു പ്രതിയുമാണ്. ഇതാണ് നേഴ്സിംഗ്, ഒരു ജോലി മാത്രമല്ല, അത് ഒരു നിരന്തരമായ ആത്മത്യാഗം. എന്നാൽ അവൾക്ക് അറിയാം, അവൾ തന്റെ കഴിവിന്റെ പരമാവധി ചെയ്തു. ഫാമിലിയെ അറിയിച്ചു, ഫ്യൂണറൽ ഹോംകാരെ അറിയിച്ചു അങ്ങനെ ചെയ്യേണ്ടതെല്ലാം കഴിഞ്ഞപ്പോഴേക്കും 7:30 PM. പകലിന്റെ കഠിനമായ അധ്വാനത്തിനും ആവലാതികൾക്കും അവധി കൊടുത്തു ഡേ ഷിഫ്റ്റുകാർ ഇറങ്ങുകയായി. പകലോൻ ചെഞ്ചായം പൂശി പടിഞ്ഞാറു അസ്തമിച്ചു.

ദിവസത്തിന്റെ ഒടുവിൽ, ഒരു നേഴ്സ് ശാരീരികമായി ക്ഷീണിച്ചിരിക്കാം, പക്ഷേ മനസ്സിൽ ഒരു നിശ്ശബ്ദ സംതൃപ്തിയുണ്ട്. എല്ലാം രക്ഷിക്കാനായില്ല ചില ജീവനുകൾ കൈകളിൽ നിന്ന് ഒഴിഞ്ഞുപോയേക്കാം. എന്നാൽ തന്നാലാവതു ചെയ്യുവാൻ കഴിഞ്ഞുവെന്ന ആശ്വാസമുണ്ട്. അതാണ് ഒരു നേഴ്സിന്റെ വിജയത്തിന്റെ അളവുകോൽ. ആശുപത്രി വിട്ടിറങ്ങുമ്പോൾ, സൂര്യൻ അസ്തമിക്കാം, നഗരത്തിന്റെ വിളക്കുകൾ തെളിഞ്ഞിരിക്കാം. പക്ഷേ ആ നേഴ്സിന്റെ ഉള്ളിൽ ഒരു വേറിട്ട പ്രകാശമുണ്ട്, മനുഷ്യ സേവനത്തിന്റെ ദീപം. ഈ യാഥാർത്ഥ്യം നമ്മെ ഒരു ദാർശനിക ചിന്തയിലേക്ക് നയിക്കുന്നു: ജീവിതം എത്ര നിസ്സാരമാണ്, ഒരു നിമിഷം കൊണ്ട് എല്ലാം മാറാം. എന്നാൽ അതേ സമയം, ഒരു മനുഷ്യന്റെ കരുണയും സമർപ്പണവും എത്ര ശക്തമാണ്, അത് മരണത്തോട് പോലും പോരാടാൻ തയ്യാറാകുന്നു. നേഴ്സിന്റെ കൈകൾ മരുന്ന് നൽകുന്നു, പക്ഷേ അവളുടെ ഹൃദയം പ്രതീക്ഷ നൽകുന്നു. മരണ ത്തോടു നേരിട്ട് പോരാടിയും, മനുഷ്യനെ കരുണകൊണ്ട് പിടിച്ചുനിർത്തിയും, നിശ്ശബ്ദമായി ലോകത്തെ താങ്ങുന്ന കൈകളാണ് ഒരു നേഴ്സിന്റേത്. ഒരാൾക്ക് അവസാന ആശ്വാസവും മറ്റൊരാൾക്ക് പുതിയ പ്രതീക്ഷയും ഒരേ ഹൃദയത്തിൽ വഹിക്കുന്നവളാണ് ഒരു നേഴ്സ്. എഴുതാത്ത കഥകളുടെ നായികയാണ്, ഓരോ രോഗിയുടെ ജീവിതത്തിൽ അവൾ ഒരു നിശ്ശബ്ദ അധ്യായം. കണ്ണീർ കണ്ടിട്ടും തകർന്നു പോകാതെ, മറ്റുള്ളവരുടെ കണ്ണീർ തുടയ്ക്കാൻ നിൽക്കുന്നവളാണ് നേഴ്സ്. ഒരു രാജ്യത്തിന്റെ മഹത്വം അതിന്റെ കെട്ടിടങ്ങളിലോ സമ്പത്തിന്റെയോ ഉയരത്തിലൊ അല്ല, സേവനമനുഷ്ഠിക്കുന്ന ഈ മനുഷ്യരുടെ ആദരവിലും സുരക്ഷയിലുമാണ് അളക്കപ്പെടുന്നത്. അവരുടെ പരിശ്രമങ്ങൾക്ക് യോജിച്ച പ്രതിഫലം നൽകുന്നത് ഒരു കാരുണ്യ നടപടിയല്ല, മറിച്ച് ഒരു ന്യായമായ കടമയാണ്. അവരുടെ വിയർപ്പിനും ത്യാഗത്തിനും വില നൽകാത്ത സമൂഹം, തന്റെ തന്നെ ഭാവിയെ അനാദരവോടെ തള്ളിക്കളയുന്നതാണ്; അതുകൊണ്ട് അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നത് ഒരു നന്മയുടെ തീരുമാനമല്ല, അത് രാജ്യത്തിന്റെ ആത്മാവിനെ സംരക്ഷിക്കുന്ന ഒരു ദാർശനിക നിർബന്ധമാണ്. കരുണയുടെ ദീപങ്ങൾ, അവഗണനയുടെ കാറ്റിൽ ഉലയുന്നുവോ? മറ്റുള്ളവരുടെ ജീവൻ രക്ഷിക്കാൻ പോരാടുന്ന നേഴ്സുമാരുടെ അവകാശങ്ങൾക്ക് വേണ്ടി പോരാടേണ്ടത് നാമോരോരുത്തരുമല്ലേ? സമർപ്പണത്തിന്റെയും ആത്മത്യാഗത്തിന്റെയും കഥകളാൽ നിറഞ്ഞ നേഴ്സുമാരുടെ ജീവിതം, അവരുടെ അവകാശങ്ങൾക്കായുള്ള സമരത്തിലൂടെ നമ്മെ ഒരു ഗൗരവമുള്ള ചോദ്യത്തിലേക്ക് നയിക്കുന്നു. ജീവൻ കാത്ത കൈകൾക്ക് ന്യായം എപ്പോൾ ലഭിക്കും?

# സ്ത്രീ സൗഹൃദ പോരാട്ടത്തിലൂടെ കോങ്ങാട് ചരിത്രമെഴുതുന്നു; മൂന്ന് മുന്നണികൾക്കും ഇവിടെ വനിതാ സ്ഥാനാർഥി




**എ.എസ് ശ്രീകുമാർ**

തിരഞ്ഞെടുപ്പുകളിൽ സ്ത്രീകൾക്ക് സംവരണം നൽകുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് തൊണ്ട കീറി പ്രസംഗിക്കുന്നവരാണ് പുരുഷ രാഷ്ട്രീയ കേസരികൾ. എന്നാൽ കാര്യത്തോടടുക്കുമ്പോൾ സ്ഥാനമോഹം അവരെ പിന്തിരിപ്പിക്കാറുമുണ്ട്. ഇപ്പോൾ പിന്നെ സംവരണത്തിന്റെ പിൻബലവുമുണ്ടല്ലോ വനിതകൾക്ക്. വലിയ ജനാധിപത്യ രാഷ്ട്രമായ ഇന്ത്യയിൽ ജനസംഖ്യയുടെ പകുതിയിലധികം വരുന്ന സ്ത്രീകൾക്ക് രാഷ്ട്രീയ പ്രതിനിധിത്വം പരിമിതമായിരിക്കുകയാണെന്ന കാര്യത്തിൽ സംശയമില്ല. ഭരണഘടന പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യ അവകാശങ്ങൾ ഉറപ്പുനൽകുന്നുവെങ്കിലും, പ്രായോഗികമായി സ്ത്രീകൾക്ക് അധികാര രാഷ്ട്രീയ രംഗത്ത് തുല്യ അവസരങ്ങൾ ലഭിക്കുന്നില്ല. സംവരണം വഴി സ്ത്രീകൾക്ക് മത്സരിക്കാൻ കൂടുതൽ അവസരം ലഭിക്കുകയും അവരുടെ പങ്കാളിത്തം വർധിക്കുകയും ചെയ്യുമെന്നതിൽ തർക്കമില്ല.

സ്ത്രീകളുടെ പ്രശ്നങ്ങൾ സ്ത്രീകൾക്ക് കൂടുതൽ വ്യക്തമായി മനസ്സിലാക്കാൻ കഴിയും. ആരോഗ്യം, വിദ്യാഭ്യാസം, സ്ത്രീസുരക്ഷ, തൊഴിൽ അവസരങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ സ്ത്രീ പ്രതിനിധികൾ കൂടുതൽ ശ്രദ്ധ ചെലുത്താൻ സാധ്യതയുണ്ട്. ഇത് സമൂഹത്തിന്റെ സമഗ്ര പുരോഗതിക്ക് സഹായകരമാണ്. സ്ത്രീ സംവരണം സാമൂഹിക നീതിയെയും ശക്തിപ്പെടുത്തുന്നു. ചരിത്രപരമായി പിന്നാക്കം നിൽക്കുന്ന സ്ത്രീകൾക്ക് രാഷ്ട്രീയത്തിൽ പ്രവേശിക്കാൻ ഇത് ഒരു വിശാല വഴിയുമാണ്. ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും സംവരണം കൊണ്ടുവന്ന മാറ്റങ്ങൾ ഇതിനുള്ള മികച്ച ഉദാഹരണങ്ങളാണ്. സ്ത്രീകളുടെ രാഷ്ട്രീയ പങ്കാളിത്തം വർധിക്കുന്നത് ജനാധിപത്യത്തെ കൂടുതൽ ശക്തമാക്കുന്നു. വ്യത്യസ്തമായ അനുഭവങ്ങളും കാഴ്ചപ്പാടുകളും ഭരണത്തിലേക്ക് എത്തുമ്പോൾ തീരുമാനം കൂടുതൽ സമഗ്രവും ജനകീയവുമാകും.

ഇന്ത്യയിലെ തിരഞ്ഞെടുപ്പുകളിൽ സ്ത്രീകൾക്ക് സംവരണം നൽകുന്നത് സമത്വം ഉറപ്പാക്കുന്നതിനും, സമൂഹത്തിന്റെ പുരോഗതിക്കും, ജനാധിപത്യത്തിന്റെ ശക്തിക്കും അനിവാര്യമാണ്. ഇക്കാര്യത്തിൽ മാതൃകയായിരിക്കുകയാണ് പാലക്കാട് ജില്ലയിലെ നിയമ

**സ്ത്രീകളുടെ പ്രശ്നങ്ങൾ സ്ത്രീകൾക്ക് കൂടുതൽ വ്യക്തമായി മനസ്സിലാക്കാൻ കഴിയും. ആരോഗ്യം, വിദ്യാഭ്യാസം, സ്ത്രീ സുരക്ഷ, തൊഴിൽ അവസരങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ സ്ത്രീ പ്രതിനിധികൾ കൂടുതൽ ശ്രദ്ധ ചെലുത്താൻ സാധ്യതയുണ്ട്. ഇത് സമൂഹത്തിന്റെ സമഗ്ര പുരോഗതിക്ക് സഹായകരമാണ്. സ്ത്രീ സംവരണം സാമൂഹിക നീതിയെയും ശക്തിപ്പെടുത്തുന്നു.**

സഭാ മണ്ഡലമായ കോങ്ങാട്. ഇത്തവണത്തെ നിയമസഭാ തിരഞ്ഞെടുപ്പിൽ മൂന്ന് മുന്നണികളും വനിതാ സ്ഥാനാർഥികളെ മത്സരിപ്പിക്കുന്ന ഏക മണ്ഡലമെന്ന നിലയിലാണ് കോങ്ങാട് ശ്രദ്ധേയമാവുന്നത്. സിറ്റിംഗ് എം.എൽ.എ കെ ശാന്തകുമാരി എൽ.ഡി.എഫിനായും, കെ.എ തുളസി യു.ഡി.എഫിനായും, രേണു സുരേഷ് എൻ.ഡി.എക്കായും കച്ചകെട്ടിയിറങ്ങിയിരിക്കുകയാണ്. കെ.പി.സി.സി ജനറൽ സെക്രട്ടറിയാണ് കെ.എ. തുളസി. രേണു സുരേഷ് ബി.ജെ.പി സംസ്ഥാന സെക്രട്ടറിയായി പ്രവർത്തിക്കുന്നു. മണ്ഡലം രൂപീകരിച്ചത് മുതൽ എല്ലാ തിരഞ്ഞെടുപ്പിലും ഒരു വനിതാ സ്ഥാനാർഥിയെങ്കിലും മത്സരിച്ചിട്ടുണ്ട് എന്നതും കോങ്ങാടിനെ തിരഞ്ഞെടുപ്പ് ചരിത്രത്തിൽ വ്യത്യസ്തമാക്കുന്നു.

ശക്തമായ കാർഷിക സമ്പദ് വ്യവസ്ഥയുടെ അടിസ്ഥാനമുള്ള കോങ്ങാട് ഇടതു മുന്നണി വിജയിക്കുന്ന മണ്ഡലമാണ്. 2021-ലെ തിരഞ്ഞെടുപ്പിൽ സി.പി.എമ്മിൽ നിന്നുള്ള എൽ.ഡി.എഫിന്റെ കെ ശാന്തകുമാരി 67,881 വോട്ടുകൾ നേടിയാണ് വിജയിച്ചത്. പോൾ ചെയ്ത വോട്ടിന്റെ ഏകദേശം 49.01 ശതമാനമാണിത്. യു.ഡി.എഫ് സ്ഥാനാർത്ഥിയായി മത്സരിച്ച മുസ്ലിം ലീഗിലെ യു.സി രാമൻ 40,662 വോട്ടുകൾ (29.36ശതമാനം) നേടി രണ്ടാമതെത്തി. എൻ.ഡി.എയുടെ എം സുരേഷ് ബാബു (ബി.ജെ.പി) 27,661 വോട്ടുകൾ (19.98 ശതമാനം) നേടി മൂന്നാം സ്ഥാനത്തെത്തി. 27,219 വോട്ടുകളുടെ വൻ ഭൂരിപക്ഷത്തിലാണ് ശാന്തകുമാരി വിജയിച്ചത്. യു.ഡി.എഫിനും എൻ.ഡി.എയ്ക്കും മികച്ച വോട്ട് വിഹിതം ലഭിച്ചെങ്കിലും മേഖലയിലെ സി.പി.എമ്മിന്റെ സംഘടനാ കരുത്തിന് തെളിവായി ശാന്തകുമാരിയുടെ ഭൂരിപക്ഷം. കഴിഞ്ഞ മൂന്ന് തിരഞ്ഞെടുപ്പുകളിലും കോങ്ങാട് മണ്ഡലത്തിൽ ഇടതുപക്ഷം കൃത്യമായി ഭൂരിപക്ഷം വർധിപ്പിച്ചതായാണ് ചരിത്രം വ്യക്തമാക്കുന്നത്.

ഇനി മണ്ഡലച്ചിന്റെ ചരിത്രം ഒന്ന് പരിശോധിക്കാം. പാലക്കാട് ജില്ലയിലെ ഗ്രാമീണ മേഖലകളും അർദ്ധ നഗര പ്രദേശങ്ങളും ചേർന്നതാണ് ഈ മണ്ഡലം. പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ഥാനാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്ന സീറ്റാണിത്. മണ്ണാർക്കാട് താലൂക്കിലെ കാഞ്ഞിരപ്പുഴ, കാരാകുറുശ്ശി, തച്ചമ്പാറ, കരിമ്പ എന്നീ പഞ്ചായത്തുകളും പാലക്കാട് താലൂക്കിലെ കേരളശ്ശേരി, കോങ്ങാട്, മങ്കര, മണ്ണൂർ, പറളി എന്നീ പഞ്ചായത്തുകളും ചേർന്നതാണ് പാലക്കാട് ലോക്സഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന കോങ്ങാട് നിയമസഭാ മണ്ഡലം. 2008-ലെ നിയമസഭാ മണ്ഡല പുനർ നിർണ്ണയത്തോടെ 2011-ലാണ് ഈ സംവരണ മണ്ഡലം നിലവിൽ വന്നത്.


എപ്പോഴും സി.പി.എമ്മിലൂടെ ഇടതുപക്ഷ രാഷ്ട്രീയത്തെ പിന്തുണയ്ക്കുന്ന പ്രവണതയാണ് കോങ്ങാടിനുള്ളത്. എന്നാലും യു.ഡി.എഫിന്റെ (2021ൽ മുസ്ലിം ലീഗ്) സാന്നിധ്യവും ബി.ജെ.പി നേടിയ ഗണ്യമായ വോട്ട് വിഹിതവും ഇവിടെ ഒരു മത്സര സ്വഭാവം ഉണ്ടാക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. താഴെത്തട്ടിലുള്ള സംഘടനകൾ, ട്രേഡ് യൂണിയനുകൾ, കമ്മ്യൂണിറ്റി നെറ്റ്‌വർക്കുകൾ എന്നിവയിലൂടെ 2011, 2016, 2021 തിരഞ്ഞെടുപ്പുകളിൽ ആധിപത്യം നിലനിർത്താൻ സി.പി.എമ്മിന് സാധിച്ചു.2011, 2016 തിരഞ്ഞെടുപ്പുകളിൽ സി.പി.എമ്മിന്റെ കെ.വി വിജയദാസാണ് മണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്നത്. 2016-ൽ 60,790 വോട്ടുകളാണ് വിജയദാസിന് ലഭിച്ചത്. രണ്ടാമതെത്തിയ യു.ഡി.എഫ് സ്ഥാനാർത്ഥി പന്തളം സുധാകരന് 47,519 വോട്ടുകളും മൂന്നാമതെത്തിയ ബി.ജെ.പി പ്രതിനിധി രേണു സുരേഷിന് 23,800 വോട്ടുകളും ലഭിച്ചു. 2021-ൽ ബി.ജെ.പി മൂന്നാം സ്ഥാനത്ത് എത്തിയെങ്കിലും അവർ നേടിയ വോട്ട് വിഹിതം മണ്ഡലത്തിലെ മാറുന്ന രാഷ്ട്രീയ സാഹചര്യങ്ങളെ സൂചിപ്പിക്കുന്നു.

ഇവിടെ ഇടതു മുന്നണിയും ഐക്യ മുന്നണിയും തമ്മിലാണ് പ്രധാന മത്സരമെങ്കിലും ബി.ജെ.പി വോട്ട് വർധിപ്പിക്കുന്നത് നിർണായകമാണ്. ഇക്കുറിയും കാർഷിക മേഖലയിലെ പ്രശ്നങ്ങളും വികസനവും വോട്ടർമാരുടെ പ്രധാന പരിഗണനയാകും. നെല്ല്, തെങ്ങ്, വാഴ തുടങ്ങിയവയ്ക്ക് പ്രാധാന്യമുള്ള കാർഷിക സമ്പദ് വ്യവസ്ഥയാണ് കോങ്ങാടിന്റേതെങ്കിലും ചെറുകിട-ഇടത്തരം സംരംഭങ്ങൾ, സേവന മേഖല, അടുത്തുള്ള ടൗൺ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട വ്യാപാരം എന്നിവയും മണ്ഡലത്തിന്റെ വരുമാന മാർഗ്ഗങ്ങളാണ്. കേരളത്തിന്റെ പൊതുവായ രീതി പോലെ തന്നെ ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന വിദേശ മലയാളികൾ അയക്കുന്ന പണം ഇവിടുത്തെ കുടുംബ വരുമാനത്തെയും പ്രാദേശിക അടിസ്ഥാന സൗകര്യ വികസനത്തെയും വലിയ രീതിയിൽ സ്വാധീനിക്കുന്നു. കാർഷിക മേഖലയ്ക്കുള്ള പിന്തുണയും വിപണന സൗകര്യങ്ങളും ലഭ്യമാക്കുക, അടിസ്ഥാന സൗകര്യ വികസനവും കണക്റ്റിവിറ്റിയും വർദ്ധിപ്പിക്കുക, വിദ്യാഭ്യാസ-ആരോഗ്യ സേവനങ്ങൾ നവീകരിക്കുക എന്നിവയാണ് വോട്ടർമാരുടെ പ്രധാന വികസന ആവശ്യങ്ങൾ.

# സിനിമ 'സ്കാർഡ്': മറഞ്ഞ മുറിവുകൾ സമൂഹത്തെ എങ്ങനെ രൂപപ്പെടുത്തുന്നു? ഒരു ആത്മപരിശോധന

സാജ് കാവിന്റെ അരികത്ത്

ടാമ്പാ,ഫ്ലോറിഡ: വിനോദത്തിനും വ്യാപാര വിജയത്തിനും മുൻഗണന നൽകുന്ന സമകാലിക സിനിമാ പ്രവണതകളിൽ നിന്ന് വ്യത്യസ്തമായി, സ്കാർഡ് (Scarred) എന്ന ചിത്രം സാമൂഹികമായി അവഗണിക്കപ്പെടുന്ന മാനസിക യാഥാർത്ഥ്യങ്ങളെ മുൻനിർത്തി ശ്രദ്ധ നേടുന്നു.




ആര്യൻ വൈദ് സംവിധാനം ചെയ്ത ഈ ചിത്രം, വ്യക്തിയുടെ ഉള്ളിലൊളിച്ചിരിക്കുന്ന പരിഹരിക്കപ്പെടാത്ത, തിരിച്ചറിയപ്പെടാത്ത മാനസിക മുറിവുകളുടെ സ്വാധീനം എത്രത്തോളം ഗൗരവമുള്ളതാകാം എന്ന് നിസ്സംഗമായ ഭാഷയിൽ അവതരിപ്പിക്കുന്നു. ബാല്യകാല ട്രോമകൾ പരിഹരിക്കപ്പെടാതെ നീണ്ടുനിൽക്കുമ്പോൾ, അത് വ്യക്തിയുടെ വ്യക്തിത്വത്തെയും ജീവിത ദിശയെയും എങ്ങനെ തകർക്കാം എന്നതാണ് സിനിമയുടെ ആഴത്തിലുള്ള അന്വേഷണ വിഷയം.

ചിത്രം സൂചിപ്പിക്കുന്ന ഒരു പ്രധാന യാഥാർത്ഥ്യം ഇതാണ്: സമൂഹം പലപ്പോഴും പ്രശ്നങ്ങളുടെ ലക്ഷണങ്ങളെയാണ് നേരിടുന്നത്; എന്നാൽ അവയുടെ അടിസ്ഥാന കാരണങ്ങളെ കാണാൻ മടിക്കുന്നു. Dissociative Identity Disorder പോലുള്ള അവസ്ഥകൾ ഒരു കഥാപരമായ ഘടകമല്ല, മറിച്ച് മനുഷ്യ മനസ്സിന്റെ അസാധാരണമായ പ്രതികരണങ്ങളാണ് എന്ന് ചിത്രം ഓർമ്മിപ്പിക്കുന്നു.

പശ്ചിമ ലോകത്തിന്റെ നിയമകേന്ദ്രിതമായ സമീപനവും, കിഴക്കൻ സംസ്കാരങ്ങളുടെ ആത്മപരിശുദ്ധിയും കുടുംബബന്ധങ്ങളിലൂന്നിയ ചികിത്സാ ദൃഷ്ടികോണവും തമ്മിലുള്ള വ്യത്യാസങ്ങൾ സിനിമയിൽ സൂക്ഷ്മമായി ചേർക്കപ്പെട്ടിരിക്കുന്നു. ഇതിലൂടെ ഒരു സമൂഹത്തിൽ വിവിധ ചിന്താഗതികൾ



ഒരുമിച്ച് നിലനിൽക്കുമ്പോൾ, അവയെ മനസ്സിലാക്കുകയും അവബോധം സൃഷ്ടിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയും ചിത്രം ഉയർത്തിക്കാട്ടുന്നു.

Fight Club, Split, Black Swan തുടങ്ങിയ ചിത്രങ്ങളുടെ മാനസിക തീവ്രതയെ ഓർമ്മിപ്പിക്കുന്ന ശൈലിയുണ്ടെങ്കിലും, Scarred അതിന്റെ സ്വന്തം ആത്മാവുള്ള ഒരു സിനിമയാണ് അതിന്റെ ലക്ഷ്യം വിനോദമല്ല, മറിച്ച് ചിന്തയ്ക്ക് ഇടവരുത്തലാണ്.

ടാമ്പാ, ഫ്ലോറിഡയെ ആധാരമാക്കി രൂപംകൊണ്ട ഈ ചിത്രം, ഇന്ത്യൻ സംവിധായകൻ ആര്യൻ വൈദിന്റെ നേതൃത്വത്തിലാണ് നിർമ്മിച്ചിരിക്കുന്നത്. വിവിധ രാജ്യങ്ങളിലെയും പശ്ചാത്തലങ്ങളിലെയും കലാകാരന്മാർ ഒന്നിച്ചുചേർന്ന ഈ സംരംഭത്തിൽ, പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നത് നിർമൽ മേനോൻ ആണ്. വലിയ താരശക്തിയെ ആശ്രയിക്കാതെ തന്നെ, ആത്മാർത്ഥമായ അഭിനയവും സമർപ്പണവും മുഖ്യ ശക്തിയായി മാറിയ ഈ ചിത്രം, ചെറിയ പ്രൊഡക്ഷനിലും ഗുണമേന്മയുള്ള സിനിമകൾ സൃഷ്ടിക്കാനാകുമെന്ന് തെളിയിക്കുന്നു. സാധാരണയായി ആളുകൾ ചർച്ച ചെയ്യാൻ മടിക്കുന്ന സങ്കീർണ്ണമായ മാനസിക വിഷയങ്ങളെ ആത്മാർത്ഥമായ പ്രതിബദ്ധതയോടെ സമീപിച്ച്, അതിനെ ഒരു സൃഷ്ടിപരമായ വിജയമായി മാറ്റിയ കലാകാരന്മാരുടെ അധ്വാനവും ദൗത്യബോധവും ഈ ചിത്രത്തിലൂടെ വ്യക്തമായി പ്രതിഫലിക്കുന്നു.

ഈ സിനിമ വ്യാപാര ലക്ഷ്യത്തോടെ സൃഷ്ടിച്ചതല്ല എന്നതാണ് ശ്രദ്ധേയമായത്. മറിച്ച്, സാധാരണയായി പരസ്യ വേദികളിൽ ഇടംനൽകപ്പെടാത്ത വിഷയങ്ങളെപ്രത്യേകിച്ച് മാനസികാരോഗ്യവും അതിന്റെ സാമൂഹിക പ്രതിഫലനങ്ങളുംസമൂഹത്തിന്റെ മുൻപിൽ എത്തിക്കാനുള്ള ശ്രമമാണ് ഇത്.

മൊത്തത്തിൽ, Scarred നമ്മെ ഒരു അസ്വസ്ഥകരമായ പക്ഷേ അത്യാവശ്യമായ സത്യത്തിലേക്ക് നയിക്കുന്നു: പരിഹരിക്കാത്ത മുറിവുകൾ വ്യക്തിയെ മാത്രമല്ല, സമൂഹത്തെയും രൂപപ്പെടുത്തുന്നു. അവയെ തിരിച്ചറിയാനും മനസ്സിലാക്കാനും തുടങ്ങുമ്പോഴാണ് ആരോഗ്യകരമായ ഒരു സമൂഹത്തിന്റെ അടിസ്ഥാനം പാകപ്പെടുന്നത്.






MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# എസ്സെൻസ് ഫെസ്റ്റ് യു.എസ്.എ 26

എസ്സെൻസ് ഗ്ലോബൽ USA യുടെ നേതൃത്വത്തിൽ ടെക്സസിലെ ഡാലസിൽ മെയ് 30 ശനിയാഴ്ച നടത്തപെടുന്ന ശാസ്ത്ര സ്വതന്ത്ര ചിന്താ സെമിനാർ – ‘എസ്സെൻസ് ഫെസ്റ്റിൽ‘ പങ്കെടുക്കാൻ പ്രൊഫ. ടി ജെ ജോസഫ് സാർ അമേരിക്കയിലെത്തുന്നു.

അധ്യാപകനും എഴുത്തുകാരനും കേരളാ സാഹിത്യ അക്കാദമി അവാർഡ് ജേതാവുമായ പ്രൊഫ: ടി ജെ ജോസഫ്, അദ്ദേഹത്തിന്റെ ‘അറ്റ് പോകാത്ത ഓർമ്മകൾ’ എന്ന പുസ്തകത്തെ ആസ്പദമാക്കി പ്രഭാഷണം നടത്തുന്നതും തുടർന്ന് ഓഡിയൻസിന്റെ ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതുമാണ്. ഇസ്ലാമിക മത തീവ്രവാദത്തിനിരയായി കൈ കാലുകൾ ഛേദിക്കപ്പെട്ട നിസ്സഹായാവസ്ഥയിൽ നിന്നും ജീവിതത്തെ തിരികെ പിടിച്ച്, ഇന്ന് സ്വതന്ത്ര ചിന്തയും മാനവികതയും സമൂഹത്തിൽ പടർത്താൻ ജീവിതം ഉഴിഞ്ഞുവെച്ച ജോസഫ് മാഷിന്റെ ജീവിതാനുഭവങ്ങൾ നേരിട്ട് കേൾക്കാൻ എല്ലാവരെയും ഡാലസിലേക്ക് സ്വാഗതം ചെയ്യുന്നു.

പാസ്റ്റർ ഷിബു പീടിയേക്കലും, ശ്രീ സി. രവിചന്ദ്രനുമായി രണ്ട് വർഷം മുമ്പ് ഡിട്രോയിറ്റിൽ നടന്ന സംവാദത്തിന്റെ തുടർച്ചയായി, പാസ്റ്റർ ഷിബു പീടിയേക്കലുമായി, ‘പ്രാർത്ഥന ഫലിക്കുമോ‘ എന്ന വിഷയത്തിൽ ശ്രീ ജെയിംസ് കുരീക്കാട്ടിൽ സംവാദം നടത്തുന്നു.




പ്രശസ്ത എഴുത്തുകാരനും സിനിമാ നിർമ്മാതാവും നടനുമായ ശ്രീ തമ്പി ആന്റണി, ‘വിശ്വാസം വിദ്വേഷമാകുമ്പോൾ’ എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണം നടത്തുന്നതാണ്. തുടർന്ന് വിവിധ സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിൽ പ്രഭാഷണങ്ങളും പാനൽ ചർച്ചകളും അതോടൊപ്പം കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

വിശ്വാസികളോ, അവിശ്വാസികളോ, ആജ്ഞേയവാദികളോ നിങ്ങൾ ആരും ആയിക്കൊള്ളട്ടെ, എസ്സെൻസ് ഫെസ്റ്റ് നിങ്ങൾക്ക് വിജ്ഞാനപ്രദവും അവിസ്മരണീയവുമായ ഒരു അനുഭവം ആയിരിക്കും.

എല്ലാവരെയും സ്നേഹപൂർവ്വം എസ്സെൻസ് ഫെസ്റ്റിലേക്ക് സ്വാഗതം ചെയ്യുന്നു.

# ഗിന്നസ് ബുക്കിലേക്ക് ചെണ്ടകൈ ദൂരം!

## പത്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടിക്കൊപ്പം ചരിത്രത്തിന്റെ ഭാഗമാകാൻ ഫോക്കാന ഒരുക്കുന്ന അപൂർവ്വ അവസരം




**സാജ് കാവിന്റെ അരികത്തു**

ന്യൂജേഴ്‌സി: ചെണ്ടയുടെ ഓരോ കൊട്ടും വെറുമൊരു താളമല്ല, അത് പ്രവാസിയുടെ അതിജീവനത്തിന്റെയും മണ്ണിലെ വേരുകളുടെയും ഉശിരുള്ള മുഴക്കമാണ്. ഫൊക്കാന (FOKANA) ഇന്റർനാഷണൽ ഫാമിലി കൺവെൻഷൻ 2026-ന്റെ ഭാഗമായി ഓഗസ്റ്റ് 8-ന് പെൻസിൽവേനിയയിലെ കലഹാരി റിസോർട്ടിൽ അരങ്ങേറുന്ന 'പഞ്ചാരി മേളം' വെറുമൊരു ഗിന്നസ് വേൾഡ് റെക്കോർഡ് ശ്രമമല്ല; മറിച്ച് ലോകമെമ്പാടുമുള്ള മലയാളികളെ ഒരേ താളത്തിൽ കോർത്തിണക്കുന്ന ഒരു മഹാസംഗമമാണ്.

ചെണ്ടമേളങ്ങളിൽ ഏറ്റവും ഹൃദ്യമായതും പ്രധാനമായതും പഞ്ചാരിമേളമാണ്. ഏറ്റവും ശാസ്ത്രീയമായതും, കാതിനിമ്പമുള്ളതുമാണ് പഞ്ചാരി. ചെണ്ടയുടെ ശബ്ദമാധുര്യവും ഗാംഭീര്യവും ഒത്തിണങ്ങുന്ന പഞ്ചാരിമേളം ഓരോ മലയാളിയുടെയും ഗൃഹാതുരത്വം ഉണർത്തുന്ന താളമാണ്.

ഈ ചരിത്ര നിമിഷത്തിന് മാറ്റ് കൂട്ടുന്നത് ചെണ്ടയുടെ മാന്ത്രികൻ പത്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടിയുടെ സാന്നിധ്യമാണ്. ഒരു ഇതിഹാസ കലാകാരനോടൊപ്പം ഒരേ വേദിയിൽ, ഒരേ താളത്തിൽ ചെണ്ട കൊട്ടുക എന്നത് ഏതൊരു വാദ്യകലാകാരന്റെയും സ്വപ്നമാണ്. ആ സ്വപ്നം യാഥാർത്ഥ്യമാക്കാൻ ഫോക്കാന ഈ കൺവെൻഷനിലൂടെ സുവർണ്ണാവസരമൊരുക്കുന്നു. മട്ടന്നൂർ ശങ്കരൻകുട്ടിയുടെയും ടീമിന്റെയും നേതൃത്വത്തിൽ നടക്കുന്ന ഈ പഞ്ചാരിമേളത്തിൽ പങ്കാളികളാവുക എന്നത് വലിയൊരു ബഹുമതിയും പ്രിവിലേജുമാണ്. ഇതോടൊപ്പം നോർത്ത് അമേരിക്കയിലെ പ്രമുഖരായ ചെണ്ട ആശാന്മാരുടെ ഏകോപനം കൂടിയാണ് ഈ പഞ്ചാരിമേളത്തിൽ മുഴങ്ങുന്നത്. പ്രഗത്ഭനായ കലാകാരന്റെ വിരൽതുമ്പിലെ

താളത്തിനൊപ്പം ചേരാൻ ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നുള്ള ചെണ്ട പ്രേമികൾക്ക് അസുലഭ നിമിഷമായിരിക്കും ഇത് .

ചിലർ ചോദിച്ചേക്കാം, 'ഒരു ഗിന്നസ് റെക്കോർഡ് കൊണ്ട് എന്ത് പ്രയോജനം?' എന്ന്. എന്നാൽ, ആയിരങ്ങൾ ഒരേ മനസ്സോടെ ഒന്നിക്കുമ്പോൾ അതൊരു വലിയ സന്ദേശമായി മാറുന്നു.

പ്രവാസത്തിന്റെ ഏകാന്തതയിൽ നിന്നും തിരക്കുകളിൽ നിന്നും മാറി, സ്വന്തം സംസ്കാരത്തെ മുറുകെപ്പിടിക്കുന്ന ഓരോ മലയാളി ജീവിതത്തിന്റെയും അടയാളപ്പെടുത്തലാണിത്.

വേദികളിൽ എത്താതെ പോയവർക്കും, അംഗീകാരം ആഗ്രഹിക്കുന്നവർക്കും വേണ്ടിയുള്ള ഒരു വലിയ വേദി കൂടിയാണിത്. കാലം മാറുമ്പോൾ സഹാനുഭൂതിയും പിന്തുണയും ആവശ്യമായ പ്രവാസി സഹോദരങ്ങൾക്ക് ഒരു സമൂഹത്തിന്റെ കരുതലും ശ്രദ്ധയും ഉറപ്പാക്കുക എന്ന ലക്ഷ്യം കൂടി ഈ സംഗമത്തിനുണ്ട്.




ഓഗസ്റ്റ് 8-ന് വൈകുന്നേരം 3 മണിക്ക് നടക്കുന്ന ഈ ഗിന്നസ് റെക്കോർഡ് ശ്രമത്തിൽ പങ്കെടുക്കുന്നവർക്ക് ഔദ്യോഗിക സർട്ടിഫിക്കറ്റും, 60 മണിക്കൂർ വെരിഫൈഡ് വോളന്റിയർ അവേഴ്സും ലഭിക്കുന്നതാണ്. കൂടാതെ മികച്ച മൂന്ന് ചെണ്ട സ്കൂളുകൾക്ക് വി.വി.ഐ.പി പുരസ്കാരങ്ങളും നൽകും. ഇന്ത്യയുടെ ഉപരാഷ്ട്രപതി, കേരള മുഖ്യമന്ത്രി, ഗവർണർ തുടങ്ങിയ പ്രമുഖർ സാക്ഷ്യം വഹിക്കുന്ന ഈ ചരിത്രപരമായ മുന്നേറ്റത്തിൽ പത്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടിയോടൊപ്പം അണിചേരാൻ ഇപ്പോൾ തന്നെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ചെണ്ടയുടെ ഓരോ അടിയും ഒരു ഓർമ്മപ്പെടുത്തലാകട്ടെ ഈ സമൂഹത്തിലെ ഓരോ ജീവിതത്തിനും ഒരു സ്ഥാനം ഉണ്ട് . ഇത് ഒരു കലാകാരന്റെ പ്രകടനം മാത്രമല്ല, ദൈവത്തിന്റെ കൈയൊപ്പ് പതിഞ്ഞ കലയാണ് .

ലക്ഷ്യം ശരിയെങ്കിൽ, അതിലേക്കുള്ള വഴിയും ധർമ്മമാകും.അങ്ങനെ ഗിന്നസ് ബുക്കിലേക്ക് ചെണ്ട കൈ ദൂരം മാത്രം ....



# ജെസ് വിൻ സാമുവേൽ ഫോമാ നാഷണൽ കമ്മിറ്റിയിലേക്ക് മത്സരിക്കുന്നു



ന്യൂയോർക്ക് : ജെസ് വിൻ സാമുവേൽ ന്യൂയോർക്ക് മെട്രോ റീജിയണിൽ നിന്ന് ഫോമാ നാഷ്ണൽ കമ്മറ്റിയിലേക്ക് മത്സരിക്കുന്നു. ഫോമയോട് ചേർന്ന് സജീവമായി പ്രവർത്തിക്കുന്ന ജെസ് വിൻ മെട്രോ റീജിയൺ വൈസ് ചെയർമാൻ, കേരള സെന്റർ ഡയറക്ടർ ബോർഡ് മെമ്പർ, ഇൻഡ്യൻ അമേരിക്കൻ മലയാളി അസോസിയേഷൻ ഓഫ് ലോങ് ഐലന്റ് (IAMALI) ജോയിന്റ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചുള്ള പരിചയ സമ്പത്തുമായാണ് നാഷ്ണൽ കമ്മറ്റിയിലേക്ക് എത്തുന്നത്. ഈ സംഘടനകൾ ഇദ്ദേഹത്തിന് പിന്തുണ നൽകുന്നുണ്ട്.

പൊതുരംഗത്ത് സജീവമായി പ്രവർത്തിക്കുന്ന ജെസ് വിൻ ന്യൂയോർക്ക് മെട്രോയുടെ എല്ലാ പ്രവർത്തനങ്ങളിലും മുഖ്യ പങ്കാളിത്തം വഹിക്കുന്ന വ്യക്തിയാണ്. ഫോമയുടെയും ഇതര സംഘടനകളുടെയും പ്രവർത്തനങ്ങൾക്ക് സ്പോൺസർഷിപ്പ് നൽകി സഹായിച്ചിട്ടുണ്ട്. പുന്തകാനായിൽ നടന്ന ഫോമ കൺവൻഷന്റെ പ്ലാറ്റിനം സ്പോൺസർ ആയിരുന്നു അദ്ദേഹത്തിന്റെ ഉടമസ്ഥാതയിലുള്ള ഹിമാ ഗ്രൂപ്പ്. ഇപ്രാവശ്യം ഹൂസ്റ്റണിൽ നടക്കുന്ന ഫോമാ കൺവൻഷന്റെയും സ്പോൺസർ ആണ്.

നിരവധി സ്റ്റേറ്റിൽ പ്രൊഫഷ്ണൽ എഞ്ചിനീയറിംഗ് ലൈസൻസുള്ള അദ്ദേഹം ഒട്ടേറെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നു. പ്രൊഫഷ്ണൽ എഞ്ചിനീയറായ പത്നി ഷാലിയും ചേർന്ന് ഹിമ ഗ്രൂപ്പ് എന്ന പേരിൽ - കോൺട്രാക്റ്റിംഗ് കമ്പനി നടത്തുന്നു. കൂടാതെ FAA വളരെ സീനിയറായ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് കൺസൽടന്റ് ആണ്.

കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് ബിഎസ് സി, ബാംഗ്ലൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ബാച്ചിലർ ഓഫ് എഞ്ചിനീയറിംഗ് (BE), ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്, എംബിഎ (മാർക്കറ്റിംഗ് മാനേജ്മെന്റ്), ന്യൂയോർക്ക് ഇൻസ്ററിറ്റിയൂട്ട് ഓഫ് ടെക്നോളജി (NYIT) യിൽ നിന്ന് എം.എസ്. (ഇലക്ട്രിക്കൽ ആൻഡ് കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്), കൂടാതെ ഒട്ടേറെ കമ്പ്യൂട്ടർ കോഴ്സുകളും പാസായിട്ടുണ്ട്. നോർത്ത് അമേരിക്കയിലെ സി.എസ്.ഐ. സഭകളുടെ കൗൺസിലിന്റെ അൽമായ സെക്രട്ടറിയായ ജെസ്‌വിൻ

മെട്രോ റീജിയണൽ നാഷണൽ കൺവൻഷൻ കൺവീനർ കൂടിയാണ്.

കഴിവും, പ്രാഗൽഭ്യവുമുള്ള പ്രതിഭാശാലിയായ ടെക്നോക്രാറ്റ് എന്ന നിലയിൽ ജെസ് വിൻ സാമുവേൽ ഫോമാ നേതൃത്വത്തിലേക്ക് വരുന്നത് സംഘടനക്ക് മുതൽകൂട്ടായിരിക്കുമെന്ന് ഫോമയുടെ നേതാക്കൾ അഭിപ്രായപ്പെട്ടു.

# ക്രാഫ്റ്റിന്റെ 'സ്പിരിറ്റി'ൽ സ്വയം തോണ്ടിയ കുഴിയിൽ വീണ് അപഹാസ്യനാവുന്ന രഞ്ജിത്ത്




emalayalee.com

എ.എസ് ശ്രീകുമാർ

സമൂഹത്തിന്റെ കണ്ണാടിയാണ് സിനിമ. എന്നാൽ സിനിമയുടെ ബിംബങ്ങളെ ചുറ്റിപ്പറ്റി ഉയരുന്ന ലൈംഗിക അതിക്രമ ആരോപണങ്ങൾ സമൂഹത്തിൽ വലിയ ചർച്ചകൾക്ക് വഴിവയ്ക്കുന്നതാണ്. മലയാള സിനിമയിലെ പ്രതിഭാ ധനനായ സംവിധായകനും തിരക്കഥാകൃത്തും നടനുമായ രഞ്ജിത്താണ് ഇപ്പോൾ ആ ചർച്ചകളിലെ വില്ലൻ വേഷക്കാരൻ. ഒരുകാലത്ത് മലയാള സിനിമയിലെ ബലാൽസംഗ വീരൻമാരായിരുന്നു ബാലൻ കെ നായരും കെ.പി ഉമ്മറും ടി.ജി രവിയുമൊക്കെ. പക്ഷേ അവരൊക്കെ ജീവിതത്തിൽ മാന്യൻമാരായിരുന്നു. അവർക്കെതിരെയൊന്നും പീഡന വാർത്തകൾ പുറത്തുവന്നിട്ടില്ല. ഇവിടെ ഒരു സംവിധായകൻ തന്റെ സ്വന്തം സിനിമയിൽ അഭിനയിക്കാനെത്തിയ യുവ നടിയെ ബലാൽക്കാരം ചെയ്ത് ജീവിതത്തിൽ തന്നെ അക്ഷരാർത്ഥത്തിൽ ഒരു ക്ഷേസ്പീരിയൻ വില്ലനായിരിക്കുന്നു.

രഞ്ജിത്തിരെ ഉയർന്ന മൂന്നാമത്തെ പീഡനക്കേസിലാണിപ്പോൾ അദ്ദേഹം അകത്തായിരിക്കുന്നത്. വിവാദമായ ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തു വന്നതിനു ശേഷമാണ് രഞ്ജിത്ത് ആദ്യം ലൈംഗികാപവാദത്തിന്റെ കുരുക്കിൽപ്പെട്ടത്. രഞ്ജിത്ത് തന്നോട് മോശമായി പെരുമാറിയെന്നും ലൈംഗികാതിക്രമത്തിന് ശ്രമിച്ചുവെന്നും ബംഗാളി നടി ശ്രീലേഖ മിത്ര 2024-ൽ വെളിപ്പെടുത്തിയിരുന്നു. 2009-ൽ 'പാലേരി മാണിക്യം' എന്ന സിനിമയുടെ ചിത്രീകരണത്തിനിടെ കൊച്ചിയിലെ ഗസ്റ്റ് ഹൗസിൽ വെച്ചായിരുന്നു സംഭവം എന്നായിരുന്നു ആരോപണം. കേസിൽ പൊലീസ് അന്വേഷണം നടത്തി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചെങ്കിലും കേസെടുക്കാനുള്ള കാലപരിധി അവസാനിച്ചെന്ന് ചൂണ്ടിക്കാട്ടി ഈ ലൈംഗികാതിക്രമ കേസ് കേരള ഹൈക്കോടതി റദ്ദാക്കുകയായിരുന്നു.

**മലയാളത്തിന്റെ ജനപ്രിയ സിനിമാക്കാരനാണ് രഞ്ജിത്ത് എന്ന കാര്യത്തിൽ തർക്കമില്ല. രഞ്ജിത്തിന്റെ പ്രതിഭയെ സിനിമാ പ്രേമികൾ അംഗീകരിക്കുന്നുമുണ്ട്. പക്ഷേ, മദ്യത്തിന് അടിമയായ അദ്ദേഹത്തിന് നോർമലായി പെരുമാറാൻ പറ്റാതെ വരുന്നു. ആരോഗ്യം നഷ്ടപ്പെട്ട് ലിവർ മാറ്റിവയ്ക്കേണ്ടി വന്നു. ഇന്ന് രഞ്ജിത്ത് വെറുക്കപ്പെട്ടവനായാൽ അതിന്റെ കാരണക്കാരൻ രഞ്ജിത്ത് തന്നെയാണ്.**

രഞ്ജിത്തിനെതിരായ രണ്ടാമത്തെ കേസ് പ്രകൃതി വിരുദ്ധ ലൈംഗിക പീഡനം സംബന്ധിച്ചാണ്. 2012-ൽ ബെംഗളൂരുവിലെ ഫൈവ് സ്റ്റാർ ഹോട്ടലിൽ വെച്ച് രഞ്ജിത്ത് ലൈംഗികമായി പീഡിപ്പിച്ചുവെന്ന് കോഴിക്കോട് സ്വദേശിയായ യുവാവ് പരാതി നൽകിയിരുന്നു. പ്ലസ്ടുവിൽ പഠിക്കവെ 'ബാവുട്ടിയുടെ നാമത്തിൽ' സിനിമയുടെ ലൊക്കേഷനിൽ വെച്ച് പരിചയപ്പെട്ട ശേഷം ബെംഗളൂരുവിലേക്ക് വിളിച്ചുവരുത്തി പീഡിപ്പിച്ചെന്നും നഗ്നചിത്രങ്ങൾ എടുത്തെന്നും യുവാവ് മൊഴി നൽകി. ഈ ആരോപണത്തിൽ രഞ്ജിത്തിനെതിരെ എറണാകുളം നോർത്ത് പോലീസ് ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസെടുത്തിരുന്നു. എന്നാൽ സംഭവം നടന്ന് 12 വർഷത്തിനുശേഷമാണ് യുവാവ് പരാതി നൽകിയത്. പരാതിയിലെ പല ആരോപണങ്ങളിലും വ്യക്തതയില്ലെന്നും യുവാവ് പരാതി നൽകാൻ വൈകിയത് സംശയാസ്പദമാണെന്നും ചൂണ്ടിക്കാട്ടി കർണാടക ഹൈക്കോടതി ഈ കേസും റദ്ദാക്കി.

രഞ്ജിത്തിന് കോടതി ക്ലീൻ ചിറ്റ് നൽകുകയായിരുന്നില്ല. സാങ്കേതികമായി രഞ്ജിത്ത് കേസിൽ നിന്ന് ഊരിപ്പോരുകയായിരുന്നു. തുടർന്ന് ഏഴ് വർഷത്തെ ഇടവേളയ്ക്ക് ശേഷം ഒരു ഫീച്ചർ ഫിലിമുമായി വെള്ളിത്തിരയിലേക്ക് സജീവമായി മടങ്ങിവരാൻ ഒരുങ്ങവെയാണ് വീണ്ടും പീഡനക്കേസിൽ രഞ്ജിത്ത് അകപ്പെടുന്നത്. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കും സ്പൈനൽ കോഡ് ഓപറേഷനും വിധേയനായ രഞ്ജിത്ത് സദാചാര ധ്വംസനത്തിലൂടെ തന്റെ കരിയർ നശിപ്പിക്കുക മാത്രമല്ല, സത്രീ പീഡനം എന്ന ക്രിമിനൽ കേസിലകപ്പെട്ട് സിനിമാ മേഖലയുടെ തന്നെ സൽപേരിന് കളങ്കം ചാർത്തിയിരിക്കുന്നു. രണ്ട് കേസുകളിൽ നിന്ന് തലനാരിഴയ്ക്ക് രക്ഷപെട്ട ഈ വ്യക്തി അതെല്ലാം ഒരു താക്കീതായി കാണാതെ തന്റെ കഴിവിനെ ലൈംഗിക ദാരിദ്ര്യത്തിന് മുന്നിൽ അടിയറവയ്ക്കുകയായിരുന്നു. രോഗത്തിനടിമയായി മരുന്ന് കഴിക്കുന്ന അവസ്ഥയിലാണ് ഇപ്പോൾ രഞ്ജിത്ത്.

കൊച്ചിയിലെ പൊലീസുകാരുടെ കഥ പറയുന്ന സിനിമയുടെ ഷൂട്ടിങ് പുരോഗമിക്കുമ്പോഴാണ് രഞ്ജിത്ത് അഴിക്കുള്ളിലാവുന്നത്. 2004-ൽ പുറത്തിറങ്ങിയ 'ബ്ലാക്ക്' എന്ന ചിത്രത്തിലെ മമ്മൂട്ടിയുടെ ഐക്കോണിക് കഥാപാത്രമായ കാരിക്കാമുറി ഷൺമുഖനെ 22 വർഷങ്ങൾക്ക് ശേഷം വീണ്ടും വെള്ളിത്തിരയിലെത്തിക്കാനുള്ള ശ്രമത്തിലായിരുന്നു രഞ്ജിത്ത്. മമ്മൂട്ടി ഗസ്റ്റ് റോളിലെത്തുന്ന ഈ ചിത്രം കൊച്ചിയിലെ പൊലീസുകാരുടെ ജീവിതവും ഔദ്യോഗിക കൃത്യനിർവഹണവുമൊക്കെ പ്രമേയമാക്കിയുള്ളതാണത്രേ. 'തുടരും' എന്ന മോഹൻലാൽ ചിത്രത്തിലെ വില്ലൻ വേഷത്തിലൂടെ ശ്രദ്ധേയനായ പ്രകാശ് വർമ്മ കേന്ദ്ര കഥാപാത്രമാകുന്ന ഈ സിനിമയുടെ ചിത്രീകരണം കൊച്ചിയിലും കോട്ടയത്തുമായി പുരോഗമിക്കവെയാണ് സംവിധായകൻ പീഡനക്കേസിൽ റിമാൻഡിലാകുന്നത്.



ഇടതുപക്ഷ സഹയാത്രികനായ രഞ്ജിത്തിന് ചലചിത്ര അക്കാദമിയുടെ ചെയർമാൻ സ്ഥാനം നൽകി പിണറായി സർക്കാർ ആദരിച്ചിരുന്നു. ഇതിനിടെയായിരുന്നു ലൈംഗികാതിക്രമ പരാതികൾ ഉയർന്നത്. പിണറായിയുടെ പെലീസ് രഞ്ജിത്തിനെ പരമാവധി സംരക്ഷിച്ചിരുന്നെങ്കിലും ചലചിത്ര അക്കാദമി ചെയർമാൻ സ്ഥാനത്തുനിന്ന് രാജിവയ്ക്കാൻ



ഈ പീഡകൻ നിർബന്ധിതനായി. അതേസമയം കാരവാനിൽ വച്ച് ലൈംഗിക പീഡനം സംബന്ധിച്ച യുവനടിയുടെ പരാതിയെത്തിയപ്പോൾ പോലീസ് നടപടിയെല്ലാം വേഗത്തിൽത്തന്നെ പൂർത്തിയാക്കുകയായിരുന്നു. തിരഞ്ഞെടുപ്പ് കാലമായതിനാൽ രഞ്ജിത്തിനെ വഴിവിട്ട് സഹായിച്ചുവെന്ന ചീത്തപ്പേര് ഒഴിവാക്കാൻ വേണ്ടിയായിരുന്നു നിയമ നടപടികളിലെ ഈ തിടുക്കം.

ഭാരതീയ ന്യായ സൻഹിത (ബി.എൻ.എസ്) 74, 75, 79 സെക്ഷനുകളുടെ പരിധിയിലാണ് രഞ്ജിത്തിന്റെ കേസ് വരുന്നത്. ബി.എൻ.എസ് 74 അനുസരിച്ച് ഒരു സ്ത്രീയുടെ മാനം കളങ്കപ്പെടുത്തണമെന്ന ഉദ്ദേശത്തോടെ അവർക്കെതിരെ നടത്തുന്ന ആക്രമണത്തെയോ ബലപ്രയോഗത്തെയോ കുറ്റകരമാക്കുന്നു. ഇത് ഐ.പി.സി സെക്ഷൻ 354-ന് സമാനമാണ്. ഈ കുറ്റം തെളിഞ്ഞാൽ 1 മുതൽ 5 വർഷം വരെ തടവും പിഴയും ശിക്ഷ ലഭിക്കാം. ഒരു സ്ത്രീയുടെ സമ്മതമില്ലാതെ ശാരീരികമായി സ്പർശിക്കുക, ലൈംഗികാവശ്യങ്ങൾ ഉന്നയിക്കുക, അശ്ലീല പരാമർശങ്ങൾ നടത്തുക, അല്ലെങ്കിൽ പിന്തുടരുക തുടങ്ങിയ കുറ്റകൃത്യങ്ങൾക്ക് ബി.എൻ.എസ് 75 പ്രകാരം കേസെടുക്കാം. കുറ്റത്തിന്റെ തീവ്രതയനുസരിച്ച് മൂന്ന് വർഷം വരെ കഠിന തടവോ പിഴയോ ലഭിക്കാം. ബി.എൻ.എസ് സെക്ഷൻ 79, ഒരു സ്ത്രീയുടെ അന്തസ്സിനെ വ്രണപ്പെടുത്തുന്ന വാക്കുകൾ, ആംഗ്യങ്ങൾ, ശബ്ദങ്ങൾ അല്ലെങ്കിൽ ഏതെങ്കിലും വസ്തുക്കൾ പ്രദർശിപ്പിക്കുന്നത് എന്നിവയ്ക്കെതിരെയുള്ള നിയമമാണ്. ഈ കുറ്റത്തിന് 3 വർഷം വരെ തടവും പിഴയും ശിക്ഷയായി ലഭിക്കാം.

''ഇത് കള്ളക്കേസാണ്...'', ''എല്ലാം തെളിയും...'' എന്ന് മാത്രമാണ് രഞ്ജിത്ത് എറണാകുളം സബ് ജയിലിലേയ്ക്ക് കയറും മുമ്പ് മാധ്യമങ്ങളോട് പ്രതികരിച്ചത്. നിയമപരമായി ഒരു വ്യക്തി കുറ്റക്കാരനാണെന്ന് തെളിയിക്കാൻ കോടതി വിധി ആവശ്യമാണ്. എന്നാൽ, പരാതികൾ ഉയരുമ്പോൾ അവയെ അവഗണിക്കാതെ പൂർണമായും നിഷ്പക്ഷമായ അന്വേഷണം നടത്തേണ്ടതും അത്യാവശ്യമാണ്. ഇത് ഇരകളുടെ നീതി ഉറപ്പാക്കുന്നതിനും ആരോപിക്കപ്പെട്ടവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും പ്രധാനമാണ്.

സിനിമാ മേഖലയിൽ അധികാരം, സ്വാധീനം, പണം എന്നിവ ചിലരിൽ കേന്ദ്രീകരിക്കുന്നതിനാൽ അരുതാത്ത കാര്യങ്ങൾ മുറ തെറ്റാതെ നടക്കുന്നുണ്ട്. രഞ്ജിത്തിന്റെ കാര്യത്തിൽ മാനസികാരോഗ്യത്തിന്റെ പ്രശ്നവും ഉദിക്കുന്നുണ്ടെന്നു വേണം മനസിലാക്കാൻ. പക്ഷേ, മാനസിക പ്രശ്നങ്ങൾ ഒരു കുറ്റത്തിനുള്ള ന്യായീകരണമല്ല. തെളിവുകളില്ലാതെ ഒരാളെ മാനസികമായി അസ്വസ്ഥനെന്ന് ചിത്രീകരിക്കുന്നതും ശരിയല്ല. ഇത്തരം ആക്ഷേപങ്ങൾ ഉയരുമ്പോൾ അതിനെ സാമാന്യവൽക്കരിക്കുന്ന തെറ്റായ പ്രവണതയും കണ്ടുവരുന്നുണ്ട്. സിനിമ ഒരു കലാരംഗം മാത്രമല്ല, ഒരു സമൂഹത്തിന്റെ ആസ്വാദനത്തെയും ആശയപ്രവാഹത്തെയും പ്രതിഫലിപ്പിക്കുന്ന ഒരു ശക്തമായ മാധ്യമമാണ്. അത് ഒരുവന്റെ ലൈഗിക ദാഹം തീർക്കാനുള്ള ഇടവുമല്ല.

മലയാളത്തിന്റെ ജനപ്രിയ സിനിമാക്കാരനാണ് രഞ്ജിത്ത് എന്ന കാര്യത്തിൽ തർക്കമില്ല. രഞ്ജിത്തിന്റെ പ്രതിഭയെ സിനിമാ പ്രേമികൾ അംഗീകരിക്കുന്നുമുണ്ട്. പക്ഷേ, മദ്യത്തിന് അടിമയായ അദ്ദേഹത്തിന് നോർമലായി പെരുമാറാൻ പറ്റാതെ വരുന്നു. ആരോഗ്യം നഷ്ടപ്പെട്ട ലിവർ മാറ്റിവയ്ക്കേണ്ടി വന്നു. ഇന്ന് രഞ്ജിത്ത് വെറുക്കപ്പെട്ടവനായാൽ അതിന്റെ കാരണക്കാരൻ രഞ്ജിത്ത് തന്നെയാണ്. നല്ല പ്രേക്ഷക പിന്തുണയും സൂപ്പർ സംവിധാന പരിവേഷവും രാഷ്ട്രീയ പിന്തുണയുമെല്ലാം നഷ്ടപ്പെ രഞ്ജിത്ത്, മദ്യത്തിന്റെയും മദിരാക്ഷിയടെയും അടിമയായി അക്ഷരാർത്ഥത്തിൽ സ്വയം തോണ്ടിയ കുഴിയിൽ വിണ് അപഹാസ്യനായിരിക്കുന്നു.

# എം.എ യൂസഫലി ഫൊക്കാന കൺവെൻഷനിൽ വിശിഷ്ട അതിഥിയായി പങ്കെടുക്കുന്നു




ശ്രീകുമാർ ഉണ്ണിത്താൻ

ചരിത്രമാകാൻ പോകുന്ന ഫൊക്കാന കൺവെൻഷനിൽ വിശിഷ്ട അതിഥിയായി മലയാളികളുടെ സ്വന്തം എം.എ യൂസഫലിയും പങ്കെടുക്കുന്നു. ഫൊക്കാനാ ഇന്റർനാഷണൽ കൺവെൻഷൻ 2026 ഓഗസ്റ്റ് 6 മുതൽ 9 വരെ പെൻസിൽവേനിയയിലെ മനോഹരമായ പോക്കനോസ് മൗണ്ടൻസിലെ കൽഹാരി റിസോർട്ടിൽ നടക്കുമ്പോൾ അത് ഫൊക്കാനയുടെയും മറ്റ് ഏത് പ്രവാസി സംഘാടനകളുടെയും ചരിത്രത്തിൽ ഇന്നുവരെ വരെ കണ്ടിട്ടില്ലാത്ത ഒരു കൺവെൻഷന് സാക്ഷിയാകുന്ന ആസുലഭ നിമിഷങ്ങളിൽ നമ്മുടെ എം.എ യൂസഫലിയും എത്തുന്നത് കാലം കാത്ത് വെക്കുന്ന കരുണ ആയിരിക്കാം. പ്രമുഖ വ്യാപാര സ്ഥാപനമായ എം.കെ. ഗ്രൂപ്പിന്റെയും ലുലു ഹൈപ്പർ മാർക്കറ്റ് ഗ്രൂപ്പിന്റെയും മാനേജിങ് ഡയറക്ടറാണ് യൂസഫലി.

എം.എ യൂസഫലിയെ പറ്റി

പറയുമ്പോൾ ഒരിടത്തും ആമുഖം ആവശ്യമില്ലാത്ത മലയാളി. രാഷ്ട്രപതി മുതൽ സാധാരണക്കാരന് വരെ ഈ പേര് പരിചിതം. ഗൾഫ് നാടുകളിലെ രാജസദസുകളിൽ എവർക്കും പ്രിയങ്കരൻ. ഗൾഫ് നാടുകളിലെന്ന പോലെ നാട്ടിലെയും മലയാളികളിൽ വലിയൊരു ഭാഗം യൂസഫലിയിൽ ഒരു രക്ഷിതാവിനെ കാണുന്നു. ജനനേതാക്കളും ഭരണാധികാരികളുമെല്ലാം ഇതിൽ പെടും. അദ്ദേഹത്തിന്റെ ശ്രദ്ധയിൽ അവരുടെ പ്രയാസങ്ങളോ ആവശ്യങ്ങളോ എത്തിച്ചുകഴിഞ്ഞാൽ എന്തെങ്കിലും പരിഹാരം ഉണ്ടാവുമെന്ന് അവർ വിശ്വസിക്കുന്നു. ആ വിശ്വാസമാകട്ടെ അനുഭവങ്ങളിലൂടെയും കേട്ടറിവുകളിലൂടെയും അവർക്ക് ബോധ്യപ്പെട്ട കാര്യമാണ്. സ്വപ്രയത്നത്തിലൂടെ ലോകമറിയുന്ന ബിസിനസ്സുകാരൻ എന്നതിലുപരി പ്രശസ്തനായ ഒരു ജീവകാരുണ്യപ്രവർത്തകൻ കൂടിയാണ് അദ്ദേഹം.

43 രാജ്യങ്ങളിൽ നിന്നുള്ള 65,000-ൽ പരം പേർക്ക് തൊഴിൽ നൽകുന്ന മനുഷ്യൻ എന്ന നിലയിൽ അത്രയോ അതിലേറെയോ കുടുംബങ്ങളുടെ നാഥൻ കൂടിയായി മാറുന്നു അദ്ദേഹം എല്ലാവർക്കും പൊതുസ്വീകാര്യനാവുന്ന തണൽമരമാണ്. അനവധി നിരവധി ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തുമ്പോഴും എല്ലാറ്റിനും ദൈവത്തിന് നന്ദി പറയാനും അദ്ദേഹം മറക്കുന്നില്ല.

പതിനെട്ടാമത്തെ വയസിൽ 1973 ഡിസംബർ 26ന് ദുംറ എന്ന കപ്പലിൽ ദുബായിലേക്ക് ആദ്യ യാത്ര നടത്തിയ യൂസഫലി പൊള്ളുന്ന പകൽച്ചൂടും വിറയ്ക്കുന്ന തണുപ്പും അതിജീവിച്ച് ദുബായിൽ ജീവിതമാരംഭിച്ചു ബിസ്സിനസ്സിലൂടെ സ്വന്തം സ്രമ്രാജ്യം കെട്ടിയുയർത്തിയ അദ്ദേഹം മൂല്യങ്ങളാണ് എന്നും ബിസിനസ് വിജയത്തിന്റെ അടിത്തറ എന്ന് വിശ്വസിച്ചു പോരുന്നു.

ലോക രാജ്യങ്ങളിലെ വ്യവസായ പ്രമുഖൻ എന്ന പേരിലും അറിയപ്പെടുന്ന യൂസഫലിക്ക് 2005-ൽ പ്രവാസി ഭാരതീയ സമ്മാൻ പുരസ്കാരവും 2008-ൽ പത്മശ്രീ പുരസ്കാരവും ലഭിച്ചു. ലോകത്തിലെ ശതകോടിശ്വരന്മാരിൽ ഒരാളായ യൂസഫലി ഫോബ്സിന്റെ ലോക സമ്പന്നരുടെ പട്ടികയിലും ഇടം നേടി.

ലോകം അത്ഭുതത്തോടെ നോക്കിക്കാണുന്ന നമ്മളെ പോലെ പ്രവാസ ജീവിതം നയിച്ച് നമുക്ക് മാതൃക ജീവിതം നയിക്കുന്ന പത്മശ്രീ എം.എ യൂസഫലിയെ ഫൊക്കാന കൺവെൻഷനിലേക്ക് സ്വാഗതം ചെയ്യുന്നതായി പ്രസിഡന്റ് സജിമോൻ ആന്റണിയും എക്സിക്യൂട്ടീവ് ടീമും അറിയിച്ചു.




#1 'OTT' Platform
Download FREE
Scan QR Code to Download App Instantly
Watch
MediaAppUSA
LIVE Television Channels
LIVE Streaming
Video on Demand
News Portals
On your Phones, All Smart TV's and Any Streaming Devices
www.mediaappusa.com | info@medialogistics.us | 1-917-900-2123

# മോഹൻ ലാൽ ഷോ 'കിലുക്കം–26' നു പിന്തുണയുമായി മലയാളി സമൂഹം

ന്യു യോർക്ക്: രണ്ട് പതിറ്റാണ്ടിനു ശേഷം ഇതാദ്യമായി അമേരിക്കയിൽ അരങ്ങേറുന്ന മോഹൻ ലാൽ ഷോ 'കിലുക്കം-26' നു പിന്തുണയുമായി മലയാളി സമൂഹം ഒത്തുകൂടി. റോക്ക് ലാൻഡിലെ വെസ്റ്റ് നയാക്കിലെ ഗ്ലോബൽ സെന്ററിൽ നടന്ന യോഗത്തിൽ ട്രൈസ്റ്റേറ്റ് മേഖലയിൽ സാമൂഹിക സാംസ്കാരിക പ്രവർത്തകർ പങ്കെടുത്തു.

ഏപ്രിൽ 26-നു വൈകിട്ട് 5 മണിക്ക് ന്യു ജേഴ്സിയിലെ ഫെലീഷ്യൻ കോളജിലെ വിശാലമായ തീയറ്ററിലാണ് ഷോ.

കഴിഞ്ഞ വർഷം നടത്താനിരുന്ന ഷോ വിസ നയങ്ങളിൽ വന്ന മാറ്റത്തെത്തുടർന്ന് നീട്ടി വയ്ക്കുകയായിരുന്നു. ഷോ മാറ്റി വയ്‌ക്കേണ്ടി വന്നതിൽ ഖേദം പ്രകടിപ്പിക്കുകയും വൈകാതെ തന്നെ ഷോ നടത്തുകയും ചെയ്യുമെന്ന മോഹൻ ലാലിലിന്റെ വീഡിയോ സന്ദേശം ഇപ്പോൾ പ്രാവർത്തികമാകുകയാണ്.



ഷോ മാറ്റി വച്ചപ്പോൾ ടിക്കറ്റിനും മറ്റും നൽകിയ തുക തിരിച്ചു നൽകാൻ തങ്ങൾ തയ്യാറായതാണെന്ന് സംഘാടകരായ ബൈജു വർഗീസ്, ഷിജോ പൗലോസ് എന്നിവർ പറഞ്ഞു. എന്നാൽ വളരെ കുറച്ച് പേർ മാത്രമാണ് തുക തിരിച്ചു വാങ്ങിയത്. അവർ ഇപ്പോൾ ടിക്കറ്റ് വാങ്ങുന്നു. തങ്ങളിൽ വിശ്വാസമർപ്പിച്ച എല്ലാവരോടും നന്ദിയുണ്ട്.



മലയാളികളുടെ പൊതുവികാരമായ പ്രിയപ്പെട്ട ലാലേട്ടനെ ഒരു നോക്ക് നേരിൽ കാണാനും സംസാരിക്കാനും കാത്തിരിക്കുന്നവർ നിരവധിയാണെന്ന് അവർ ചൂണ്ടിക്കാട്ടി. ഈ ഷോ നടത്തണമെന്ന് അഭ്യർത്ഥന വന്നപ്പോൾ അതിലെ വിഷമതകളെപ്പറ്റി നല്ല ബോധ്യമുണ്ടായിരുന്നുവെന്ന് ഷിജോ പൗലോസ് പറഞ്ഞു. 1500 പേർക്ക് ടിക്കറ്റു വിൽക്കുന്ന തുക കൊണ്ട് മാത്രം ഇത് സംഘടിപ്പിക്കാനാവില്ല. ഷോക്ക് പിന്തുണയുമായി സ്പോൺസർമാർ മുന്നോട്ടു വന്നതു കൊണ്ടാണ് ഇത് സംഘടിപ്പിക്കാനായത്. ഗ്ലോബൽ കൊളിഷന്റെ നോഹ ജോർജ്, ലിബിൻ ബേബി, ഷിനു ജോസഫ്, ജോഫ്രിൻ ജോസ്, തുടങ്ങി ഒരു പറ്റം പേർ സ്പോണ്സർമാരായെത്തി.ന

ഏകദേശം 300 ടിക്കറ്റുകൾ കൂടിയാണ് അവശേഷിക്കുന്നത്. ഇറാൻ യുദ്ധം മൂലം ഷോ മാറ്റി വയ്ക്കാനുള്ള സാഹചര്യമൊന്നുമില്ല. മോഹൻ ലാലും സംഘവും ഏപ്രിൽ 9-നു ടിക്കറ്റ് എടുത്തു കഴിഞ്ഞു. മറ്റു വിവിധ സ്ഥലങ്ങളിലും ഷോ നടക്കുന്നു.

റോക്ക് ലാൻഡ് കൗണ്ടി ലെജിസ്ളേറ്റർ ഡോ. ആനി പോൾ, ഇന്ത്യ പ്രസ് ക്ലബ് മുൻ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ, ഫൊക്കാന ട്രഷറർ ജോയി ചാക്കപ്പൻ, ഫൊക്കാന നേതാവ് ഫിലിപ്പോസ് ഫിലിപ്, ദേവസി പാലാട്ടി, അലക്സ് തോമസ്, ഫോമാ നേതാക്കളായ ഷിനു ജോസഫ്, സണ്ണി കല്ലൂപ്പാറ, നോഹ ജോർജ്, ജോഫ്രിൻ ജോസ്, തുടങ്ങിവർ ആശംസകൾ നേർന്നു. ഷോ വൻവിജയമായിരിക്കുമെന്നതിൽ



ഒരു സംശയവുമില്ലെന്ന് എല്ലാവരും ചൂണ്ടിക്കാട്ടി. ജെംസൺ കുര്യാക്കോസ് ആയിരുന്നു എംസി.

നേരത്തെ പെർഫോർമൻസ് വിസ എടുത്താൽ ഒരു ഷോ നടത്തിയ ശേഷം നാട്ടിൽ പോയി തിരിച്ചു വന്നും വിസ കാലാവധിക്കുള്ളിൽ ഷോ നടത്താമായിരുന്നു. പുതിയ നിയമപ്രകാരം വീണ്ടും ഷോ നടത്താൻ തിരിച്ചു വരുമ്പോൾ പുതിയ വിസ എടുക്കണം. അതിനു അപ്പോയിന്റ്മെന്റ് കിട്ടാൻ പലർക്കും കാലതാമസം വന്നതാണ് നേരത്തെ പ്രശ്നമായത്. സ്റ്റീഫൻ ദേവസി, മനോജ് കെ. ജയൻ, രമ്യ നമ്പീശൻ, അഖിൽ തുടങ്ങി ഒട്ടേറെ പ്രഗത്ഭർ ഉൾപ്പെടുന്നതാണ് ടീം.
















pravasi CHANNEL HD
emalayalee.com
Pravasi Channel & eMalayalee
Presents
GlobeON
GlobeON
News
Every Day
10am | 2pm |
6pm & 10pm US EST
Watch all Media Outlets via 'MediaAppUSA'
Download for FREE on all
Streaming Devices and Smart TV's
Also on iPhone
and Android Phone
MediaAppUSA
For more info: 1-917-662-1122 | info@medialogistics.us